ദേശത്തിലെ വിശ്വസ്തൻമാർ
എന്നോട് കൂടെ
വസിക്കേണ്ടതിന്
എന്റെ ദൃഷ്ടി അവരുടെ
മേൽ ഇരിക്കുന്നു. സങ്കീ:101:6

BOOK No: 4



# ശുശ്രൂഷക രത്നങ്ങൾ

**BIJU THOMAS**
Prayer Home, Varkala, Trivandrum
www. prayerhome.org

Sushrooshaka Ratnanghal

Ministry Jewels

Malayalam

First Impression 2008

By Bro. BIJU THOMAS

Rights Reserved to Publishers

Type Setting: Simplex

Printed at: Ebenezer, Trichur

Publishers:

Prayer Home Publications

# ആമുഖം

യേശുവിൻ നാമത്തിൽ സ്നേഹവന്ദനം.

"അവൻ ഇവിടെ ഇല്ല; ഉയർത്തെഴുന്നേറ്റിരിക്കുന്നു." ലൂക്കോ:24:6. ജനം ഒരുവനെ അന്വേഷിക്കുകയാണ്. അവനെ അവർ പലരൂപത്തിൽ കണ്ടിട്ടുണ്ട്. പള്ളികളിലും മലമുകളിലും മൈതാനത്തും വീടുകളിലും വച്ച് വ്യത്യസ്ത രീതികളിൽ ജ്ഞാനോപദേശങ്ങൾ നൽകുന്നവനായി, അത്ഭുതങ്ങൾ ചെയ്തവനായി, രോഗികളെ സൗഖ്യമാക്കുന്നവനായി ജനം യേശുവിനെ കണ്ടു. എന്നാൽ ഏറ്റവും അവസാനം അവർ കണ്ടത് പടയാളികളുടെ നടുവിൽ പീഡിപ്പിക്കപ്പെട്ടവനായി, പുരോഹിതപ്രമാണികളാൽ വല്ലാതെ വിചാരണ ചെയ്യപ്പെട്ടവനായി, ഒടുവിൽ പച്ചമരക്കുരിശ് ചുമന്ന്, മരിക്കുന്നതിന് മുമ്പേ മരിച്ചതിന് തുല്യമായി അവൻ നടന്ന് നീങ്ങുന്നത് അവർ കണ്ടു. അവർ കണ്ട യേശുവിനെ, തീർന്ന് പോയി, നശിച്ച് പോയി, മരിച്ച് പോയി എന്ന് അവർ ചിന്തിച്ച് വച്ച യേശുവിനെ, ആ രൂപത്തിൽ ഒന്നു കാണുവാൻ അവർ ശ്രമിക്കുകയാണ്. അവർക്ക് കാണുവാൻ കഴിയുന്നില്ല. തങ്ങൾ ഇതിന് മുമ്പ് കണ്ടതിനുമപ്പുറമായി അവൻ ശൂന്യനായിപ്പോയോ എന്ന് ചിന്തിച്ച്, എന്താണ് ഇങ്ങനെയൊക്കെ ആയിപ്പോകുവാൻ കാരണം എന്ന് ഓർത്ത് അവർ വ്യാകുലപ്പെടുകയാണ്.

ഈ ദു:ഖകരമായ നിമിഷത്തിൽ മിന്നുന്ന വസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ ഒരു ആശ്വാസദൂത് പറയുകയാണ്. "അവൻ ഇവിടെ ഇല്ല: ഉയർത്തെഴുന്നേറ്റിരിക്കുന്നു." ജനത്തിന്റെ ചിന്തകൾക്കപ്പുറമായി, അവരുടെ അറിവിന്റെ പരിധിക്കപ്പുറമായി, അസാധാരണമായത്, ആശ്ചര്യമായതാണ് അവർ കേട്ടത്. "അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു." ഈ ഒരു വാർത്ത ജനത്തെ അത്ഭുതസ്തംബ്ദരാക്കി. അവനെ സ്നേഹിച്ചവർ

മഹാ സന്തോഷത്തോടെ, അവർ അറിഞ്ഞത് മറ്റുള്ളവരെ അറിയിക്കുവാൻ ഓടി. അവർ ആശ്ചര്യപ്പെട്ടു. ആശ്ചര്യത്തിന്മേൽ ആശ്ചര്യം പോലെ അവർ മറ്റൊരു കാഴ്ച കണ്ടു. അവർ കാൺകെ അവൻ ആരോഹണം ചെയ്തു; ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു. അപ്പോ:1:9

ഒരു കാലഘട്ടത്തിൽ നിന്ദ, തുപ്പൽ, പീഡ, ക്രൂശ്മരണം അനുഭവിച്ചവൻ, തുടർച്ചയായി അപമാനം ഏറ്റവൻ ഇപ്പോൾ ആശ്ചര്യത്തിൻമേൽ ചവുട്ടി ചവുട്ടി നടക്കുകയാണ്. അവൻ കാഴ്ചയ്ക്ക് മറഞ്ഞപ്പോൾ ജനം ചിന്തിച്ചു ഇനി അവനെക്കുറിച്ച് വാർത്തകൾ ഒന്നും കേൾക്കുകയില്ല. പക്ഷെ വീണ്ടും അത്ഭുതവാർത്ത അവർ കേൾക്കുകയാണ്. നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടത് പോലെ അവൻ വീണ്ടും വരും അപ്പോ:1:11 ആശ്ചര്യങ്ങളും അത്ഭുതങ്ങളും തീർന്നില്ല; അത് തുടങ്ങിയതേ ഉള്ളൂ. അവൻ സ്വർഗ്ഗത്തിലേക്ക് ഏകനായി പോയിയെങ്കിൽ വരുന്നത് ഏകനായിട്ടല്ല. അനേക സ്വർഗ്ഗീയ ദൂതൻമാരുടെ അകമ്പടിയോടെ, ഗംഭീരനാദത്തോടെ, പ്രധാന ദൂതന്റെ ശബ്ദത്തോടെ, ദൈവത്തിന്റെ കാഹളത്തോടും കൂടെ അവൻ വരും. മരിച്ചവർ ഉയർത്തെഴുന്നേൽക്കുന്നു. അത്ഭുതങ്ങൾ തുടങ്ങുകയായി.

ഈ കാലഘട്ടം അത്ഭുതങ്ങളുടെ കാലഘട്ടമാണ്, ആശ്ചര്യങ്ങളുടെ കാലഘട്ടമാണ്. അത്ഭുതങ്ങൾ എവിടെ എന്ന് ചോദിക്കരുത്. വിശ്വാസത്തിന്റെ കാൽച്ചുവട് വക്കുക. വിശ്വാസത്തിന്റെ വാക്കുകൾ പുറപ്പെടട്ടെ. അത്ഭുതം മുമ്പിൽ പ്രത്യക്ഷപ്പെടുന്നത് ദൈവജനം കാണുവാൻ പോകുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കർതൃ ശുശ്രൂഷയിൽ

*ബ്രദർ ബിജു തോമസ്*

# ലേഖകനേക്കുറിച്ച്

കേരളത്തിൽ തൊടുപുഴയിൽ ഒരു യാക്കോബായ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. തൊടുപുഴ ന്യൂമാൻ കോളേജിൽ ബി.കോം ഡിഗ്രി കോഴ്സിന് പഠിക്കുന്ന സമയത്ത് ഒരു വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചു. തുടർന്ന് നീണ്ട വർഷങ്ങൾ യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സമയത്ത് 1993 ൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച പങ്കെടുത്ത നാളിൽ രക്ഷിക്കുവാൻ ദൈവത്തിന് കൃപതോന്നി. 2004 ൽ വിശ്വാസസ്നാനം സ്വീകരിച്ചു. തുടർന്ന് ദൈവിക ശുശ്രൂഷക്ക് വേണ്ടിയുള്ള ദൈവവിളി തിരിച്ചറിഞ്ഞ് ഒരു സഹകരണസ്ഥാപനത്തിൽ ഉണ്ടായിരുന്ന ജോലി രാജി വെച്ച് പൂർണ്ണ സമയ ദൈവീകശുശ്രൂഷക്ക് ഇറങ്ങി. 1995-ൽ സെമിനാരിയിൽ പഠനത്തിന് ചേർന്നു. 1999ൽ ബൈബിൾ കോളേജിൽ അദ്ധ്യാപകനായി ദൈവിക ശുശ്രൂഷ ചെയ്തു. 2000 ൽ വിവാഹിതനായി. 2001 ൽ പഠനത്തിനും ദൈവികശുശ്രൂഷയോടുമുള്ള ബന്ധത്തിൽ ബാംഗ്ലൂരിൽ വന്നു. 2004 ൽ M.Div. കോഴ്സ് പാസായി. 2003 ൽ ഒമാൻ ദേശത്തും 2006 ൽ ഖത്തറിലും ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ ദൈവം അയച്ചു. ഇപ്പോൾ വർക്കലയിൽ ദൈവീക ശുശ്രൂഷയോടുള്ള ബന്ധത്തിൽ ആയിരിക്കുന്നു.

ഭാര്യ - ഡെയ്സി ബിജു

മകൾ - ഏഞ്ചലാ ആൻ ബിജു

ഉള്ളടക്കം

# ശുശ്രൂഷക രത്നങ്ങൾ


1. റിബേക്ക ഒരു ശുശ്രൂഷക രത്നം
2. യാക്കോബ് ഒരു പോരാളി
3. യോസേഫ് ഒരു ഫലപ്രദമായ വൃക്ഷം
4. നിഷ്കളങ്കനായ മെഫീബോശെത്ത്
5. പ്രഭാത തേജസ്സ്
6. മേഘാരുഢനായി വരുന്ന രാജാവ്
7. യഹോവയുടെ ഫലവൃക്ഷങ്ങൾ

# റിബേക്ക

## ഒരു ശുശ്രൂഷക രത്നം

റിബേക്ക വളരെയധികം പ്രത്യേകതയും ദൈവത്തിൽ നിന്ന് രഹസ്യ വാഗ്ദത്തവും പ്രാപിച്ച സ്ത്രീയാണ്. .പിതാക്കന്മാരായ അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ് എന്നിവരുമായി ചരടുപോലെ ഇണക്കിച്ചേർത്ത ബന്ധം. അബ്രഹാമിന്റെ മരുമകൾ, ഇസ്ഹാക്കിന്റെ ഭാര്യ, യാക്കോബിന്റെ അമ്മ, ബെഥുവേലിന്റെ മകൾ, ലാബാന്റെ സഹോദരി. അബ്രഹാമിന്റെ കുടുംബത്തിൽ വന്നു കയറിയ സ്ത്രീകളായ സാറ, ലേയ, റാഹേൽ, എന്നിവരേക്കാൾ റിബേക്ക വളരെയധികം പ്രത്യേകതൾ ഉള്ളവളാണ്. വാഗ്ദത്ത നിവൃത്തി ക്കായി ഈ സ്ത്രീ രത്നങ്ങളേക്കാൾ റിബേക്ക വളരെയധികം പ്രവർത്തിച്ചു. സാറയുടേയും ലേയയുടേയും റാഹേലിന്റേയും ജീവി തത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. അവർ സാധാരണ സ്ത്രീക ളേപ്പോലെ ചിന്തിച്ച്, മോഹിച്ച്, പ്രവർത്തിച്ചു. എന്നാൽ റിബേക്ക അങ്ങനെയല്ലായിരുന്നു. അവൾ നേടിയെടുത്തതെല്ലാം വില കൊടു ത്തുകൊണ്ടായിരുന്നു. സ്വന്തം ഭർത്താവായ യിസ്ഹാക്കിനെ അവൾ നേടിയെടുത്തത് വിലകൊടുത്ത് തന്നെയായിരുന്നു. റിബേക്കയുടെ ബൈബിളിൽ രേഖപ്പെടുത്തിയ ചരിത്രം നാം പരിശോധിക്കുകയാണ്.

അബ്രഹാമും യാക്കോബും വാഗ്ദത്ത നിവൃത്തിക്കായി ധാരാളം വൈതരണികളിലൂടെ സഞ്ചരിക്കുകയും, ദൈവത്തെ അനു സരിക്കുന്നതിനുവേണ്ടി എന്ത് ത്യാഗവും അർപ്പിക്കുവാൻ തയ്യാറുമാ യിരുന്നു. എന്നാൽ യിസ്ഹാക്കിന്റെ ആരംഭകാല ജീവിതം മാത്രമേ ദൈവികാനുസരണത്തിന്റെ കീഴിൽ ആയിരുന്നുള്ളു. അവസാന നാളു കളിൽ വൈമനസ്യത്തോടെയാണ് ദൈവത്തെ അനുസരിക്കുന്നതിൽ താത്പര്യം കാണിച്ചത്. റിബേക്കയെപ്പോലെ ഒരു സ്ത്രീയെ ദൈവം അവന് നൽകിയില്ലായിരുന്നെങ്കിൽ ദൈവിക വാഗ്ദത്ത നിവൃത്തി

പാളിപ്പോകുമായിരുന്നു. ഇവിടെയാണ് റിബേക്കയുടെ പ്രത്യേകത തെളിഞ്ഞ് നിൽക്കുന്നത്. ഓരോന്നായി നമുക്ക് പരിശോധിക്കാം .

അബ്രഹാം തന്റെ വീട്ടിലെ മൂപ്പനും ഗൃഹവിചാരകനുമായ ദാസനെ അടുക്കൽ വിളിച്ച് ചുറ്റും പാർക്കുന്ന കനാന്യാകന്യകമാരിൽ നിന്ന് എന്റെ മകനായ യിസ്ഹാക്കിന് ഭാര്യയെ എടുക്കാതെ, എന്റെ ചാർച്ചക്കാരുടെ അടുക്കൽ ചെന്ന് ഒരു പെൺകുട്ടിയെ യിസ്ഹാക്കിനുവേണ്ടി കണ്ടുപിടിക്കണം എന്ന് പറഞ്ഞു. ആ പെൺകുട്ടിയ്ക്ക് എന്നോടുകൂടെ വരാൻ മനസ്സില്ലെങ്കിൽ എന്ത് ചെയ്യണം എന്ന് ദാസൻ ചോദിച്ചപ്പോൾ അബ്രഹാം പറഞ്ഞത് ഞാൻ വിട്ടുപോന്ന ദേശത്തേക്ക് എന്റെ മകനെ കൊണ്ട് പോകരുത്. അതിന്റെയർത്ഥം ആ പെൺകുട്ടി അബ്രഹാം ഇറങ്ങിപ്പുറപ്പെട്ടതുപോലെ ആ ദേശം വിട്ട് ചാർച്ചക്കാരെ വിട്ട് ഇറങ്ങിപ്പുറപ്പെടണം എന്നാണ്. എങ്ങനെയാണ് അബ്രഹാം ഇറങ്ങിപ്പുറപ്പെട്ടത്. വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു. എബ്രാ11 8.

അബ്രഹാമിന്റെ കല്പന സ്വീകരിച്ച് ദാസൻ ഇറങ്ങിപ്പുറപ്പെട്ടു.വിശേഷവസ്തുക്കളുമായി മെസൊപ്പൊത്താമ്യയിൽ നാഹോരിന്റെ പട്ടണത്തിൽ ചെന്നു.പത്ത് ഒട്ടകങ്ങൾ അവന്റെ കൂടെയുണ്ടായിരുന്നു. അബ്രഹാമിന്റെ ദാസൻ അബ്രഹാമിനെപ്പോലെതന്നെയായിരുന്നു.സകലതും ദൈവം നിർവഹിക്കുമെന്ന് അവന് അറിയാം.അതിനായി ദൈവികമായ അടയാള വാക്യങ്ങളും അടയാള പ്രവൃത്തികളും അവൻ പ്രതീക്ഷിച്ചു.ദൈവ പ്രവർത്തികൾക്കായുള്ള ഒരു ഉപകരണം മാത്രമാണ് താൻ എന്ന് അവൻ മനസ്സിലാക്കി.

അനേകർ ദൈവത്തിനുവേണ്ടി കഠിനമായി അദ്ധ്വാനിക്കുകയാണ്.എങ്ങനെയാണ് അദ്ധ്വാനിക്കുന്നത് എന്ന് ചോദിച്ചാൽ തന്റെ സ്വന്തം ഇഷ്ടം അനുസരിച്ചാണ് എന്ന് മനസ്സിലാക്കാം. ദൈവത്തിന്റെ

ഇഷ്ടമോ ദൈവത്തിന്റെ ആലോചനയോ ദൈവിക പദ്ധതിയോ എന്താണ് എന്ന് അന്വേഷിക്കുകയില്ല. പ്രവർത്തിക്കുകയാണ്.. വിതയും കഴിഞ്ഞു ഫലശേഖരണവും കഴിഞ്ഞു നാമോ രക്ഷിക്കപ്പെട്ടതുമില്ല. എന്ന അവസ്ഥയിലാണ് പ്രവൃത്തി. ഉള്ളതിനെ സംരക്ഷിക്കുകയുമില്ല. പുതിയതിനെ കൊണ്ടുവരികയും ഇല്ല.ദേശത്ത് നല്ല ഒരു സാക്ഷ്യം കാത്ത് സൂക്ഷിക്കുകയും ഇല്ല. കഠിനമായ സുവിശേഷ വേലയാണ് ചെയ്യുന്നതും.

യഥാർത്ഥത്തിൽ കഠിനമായ സുവിശേഷ വേലചെയ്യാതെ, കഠിനമേറിയ അനുഭവത്തിൽ പ്രാർത്ഥിച്ച് പ്രാപിച്ച് പരിശുദ്ധാത്മാവ് പറയുന്ന സുവിശേഷ വേല ചെയ്യുക. നമ്മുടെ പദ്ധതി ദൈവത്തെ കൊണ്ട് നടപ്പിൽ വരുത്തുവാൻ ശ്രമിക്കാതെ ദൈവത്തിന്റെ പദ്ധതി നമ്മളിലൂടെ നടപ്പിലാക്കുവാൻ നാം ദൈവശബ്ദത്തിന് നിന്ന് കൊടുക്കുകയാണ് സുവിശേഷ വളർച്ചയ്ക്ക് ഉത്തമം.

അബ്രഹാമിന്റെ ദാസൻ ചെയ്തത് നോക്കുക. നാഹോരിന്റെ പട്ടണത്തിൽ ചെന്ന് ഒട്ടകങ്ങളെ പട്ടണത്തിന് പുറത്ത് ഒരു കിണറ്റിനരികെ നിർത്തി പറഞ്ഞത് എന്തെന്നാൽ എന്റെ യജമാനനായ അബ്രഹാമിന്റെ ദൈവമായ യഹോവേ ഇങ്ങനെ പ്രാർത്ഥിക്കുന്ന ഒരു ദാസനെ ഒരു ശുശ്രൂഷകനെ ഒരു സുവിശേഷ സംഘടനയിൽ കിട്ടിയാൽ ആ സംഘടന അതിശക്തമായ സുവിശേഷ വേലയ്ക്കുതകും. ചില സംഘടനകൾ അതിശക്തമായ സുവിശേഷ വേല ചെയ്ത് ദൈവരാജ്യ മഹത്വത്തിന് ആയിത്തീരുന്നത് നേതാക്കന്മാരുടെ മാത്രം കഴിവും ആത്മാർത്ഥതയുമല്ല . കാരണം ഇതുപോലെയുള്ള വിശ്വസ്തരായ ദാസന്മാരുടെ ആത്മാർത്ഥതയും നിഷ്കളങ്കതയുമാണ്.

തുടർന്ന് അബ്രഹാമിന്റെ ദാസൻ പ്രാർത്ഥിക്കുന്നു. എന്റെ യജമാനനായ അബ്രഹാമിനോട് കൃപ ചെയ്ത് കാര്യം സാധിപ്പിച്ച് തരേണമേ എന്നാണ്. എന്നോട് കൃപചെയ്ത് കാര്യം സാധിപ്പിച്ച് തരണം എന്നല്ല പറയുന്നത് എന്റെ യജമാനനോട് കൃപ ചെയ്യണം

എന്നാണ്. ഇതാ ഞാൻ കിണറ്റിനരികെ നിൽക്കുന്നു. വെള്ളം കോരുവാൻ കന്യകമാർ വരുമ്പോൾ എനിക്ക് കുടിപ്പാൻ തരേണം എന്ന് പറയുമ്പോൾ, കുടിക്കുക, നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാം എന്ന് പറയുന്ന സ്ത്രീ തന്നെ നീ നിന്റെ ദാസനായ യിസ്ഹാക്കിന് നിയമിച്ചവൾ ആയിരിക്കട്ടെ . അങ്ങനെ സംഭവിച്ചാൽ എന്റെ യജമാനനോട് നീ കൃപ ചെയ്തു എന്ന് ഞാൻ മനസ്സിലാക്കും.

ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടു കൂടെ പോകുക. മത്തായി 5 :41 എന്ന അനുഗ്രഹം പ്രാപിക്കേണ്ട രീതി റിബേക്കയുടെ ഭാഗത്തുനിന്നുണ്ടായി. അനേകർ അനുഗ്രഹം പ്രാപിക്കാത്തതിന്റെ കാരണവും ഇതുതന്നെ. അബ്രഹാമിന്റെ സഹോദരനായ നാഹോരിന്റെ ഭാര്യ മിൽക്കയുടെ മകൻ ബെഥുവേലിന്റെ മകൾ റിബേക്ക തോളിൽ പാത്രവുമായി വന്നു. അവൾ തന്റെ പ്രവൃത്തിയിൽ വ്യാപൃതയാണ്. മറ്റ് ആരെങ്കിലും തന്നെ ശ്രദ്ധിക്കുന്നുണ്ടോയെന്ന് അവൾ നോക്കുന്നുമില്ല.

അവൾ കിണറ്റിൽ ഇറങ്ങി പാത്രം നിറച്ച് കയറി വന്നു. ദാസൻ വേഗത്തിൽ അവളെ എതിരേറ്റ് ചെന്നു. ദൈവപ്രവൃത്തി ഇങ്ങനെയാണ്, ഒന്നും ഇല്ല, ഒന്നും സംഭവിക്കുകയില്ല എന്ന് ചിന്തിക്കുമ്പോഴാണ് വേഗത്തിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നത്. നിന്റെ പാത്രത്തിലെ വെള്ളം കുറേ കുടിപ്പാൻ എനിക്കു തരേണം എന്ന് ദാസൻ പറഞ്ഞു. യജമാനനേ കുടിക്കുക എന്ന് പറഞ്ഞ് വേഗം പാത്രം കൈയിൽ ഇറക്കി അവന് കുടിപ്പാൻ കൊടുത്തു. ദൈവപ്രവൃത്തി വേഗത്തിൽ വെളിപ്പെട്ടപ്പോൾ വേഗത്തിൽ തന്നെ അവൾ പ്രതികരിക്കുകയും ചെയ്തു. ആ ഒരു പ്രവൃത്തിയിലൂടെ വെളിപ്പെടുവാൻ പോകുന്ന അനുഗ്രഹം ഇത്രമാത്രം ബൃഹത്തേറിയതാണെന്ന് അവൾ അറിയുന്നില്ല.

അവളുടെ സ്വഭാവം അവൾ വെളിപ്പെടുത്തുകയാണ്. നിന്റെ ഒട്ടകങ്ങൾക്കു വേണ്ടുവോളം ഞാൻ കോരികൊടുക്കാം എന്ന് അവൾ

പറഞ്ഞു. എല്ലാറ്റിനേയും അവൾ ശ്രദ്ധിച്ചില്ലെങ്കിലും തന്റെ അടുത്ത് വരുന്നതിനെ തന്നോട് ബന്ധപ്പെട്ട് നിൽക്കുന്നതിനെയെല്ലാം അവൾ ശരിക്കും ശ്രദ്ധിക്കും. അവൻ വെള്ളം കുടിച്ചുകൊണ്ടിരുന്ന അൽപ സമയം കൊണ്ട് അപരിചിതനായ വ്യക്തിയെ അവൾ ശ്രദ്ധിച്ചു. അടുത്ത് നിൽക്കുന്ന ഒട്ടകങ്ങളെ ശ്രദ്ധിച്ചു. അവൻ മാത്രമല്ല അവന്റെ കൂടെയുള്ള ഒട്ടകങ്ങളും വഴിയാത്ര ചെയ്ത് ക്ഷീണിച്ച് വരികയാണ് എന്നവൾ മനസ്സിലാക്കി അതിഥി സൽക്കാരം നിർവഹിക്കുകയാണ്. നിന്റെ ഒട്ടകങ്ങൾക്കു വേണ്ടുവോളം ഞാൻ കോരികൊടുക്കാം. എത്രമാത്രമാണ് അവൾ നൽകുവാൻ ഉദ്ദേശിക്കുന്നത് വേണ്ടു വോളം അളവ് നിശ്ചയിക്കുന്നത് അവളല്ല. അതുകൊണ്ട് അവളുടെ മേൽ പകരപ്പെടുവാൻ പോകുന്ന അനുഗ്രഹത്തിന്റെ അളവ് നിശ്ചയി ക്കുന്നതും അവളല്ല. പാത്രത്തിലെ വെള്ളം തൊട്ടിയിൽ ഒഴിച്ചു. പിന്നേയും കോരിക്കൊടുക്കുവാൻ കിണറ്റിലേക്ക് ഓടിയിറങ്ങി. അവന്റെ ഒട്ടകങ്ങൾക്കെല്ലാം കോരിക്കൊടുത്തു. ഒട്ടകങ്ങൾക്കു വേണ്ടു വോളം ഞാൻ കോരികൊടുക്കാം എന്ന ഭംഗിവാക്കല്ല, ഔപചാരിക മായ വാക്കല്ല, അവൾ പറഞ്ഞത് അതുപോലെ ചെയ്ത് തന്റെ വാക്കു കളിലെ ആത്മാർത്ഥത വെളിപ്പെടുത്തി. തന്റെ പ്രവൃത്തി അവൾ പൂർത്തീകരിച്ചു.

യാതൊരുവിധ പ്രതിഫലവും ഇച്ഛിക്കുന്നില്ല. ഇങ്ങനെ വേണം ദൈവവേലയും ദൈവ ഇഷ്ടവും നിവർത്തിക്കേണ്ടത്. എന്ത് കിട്ടും എന്ന് നോക്കിയല്ല. നഷ്ടമാണോ ലാഭമാണോ എന്ന് നോക്കിയല്ല ദൈവ ഇഷ്ടം അനുസരിക്കേണ്ടത്. നഷ്ടമാണെങ്കിലും ശരി ദൈവ ഇഷ്ടത്തെ ഞാൻ മാനിക്കുന്നു എന്ന് തീരുമാനിക്കണം. നമ്മൾക്ക് ചെയ്യാനുള്ളത് നമ്മൾ ചെയ്തതിനുശേഷം ദൈവപ്രവൃത്തിക്കുവേണ്ടി കാത്തിരിക്കണം.

ആ പുരുഷൻ അവളെ ഉറ്റുനോക്കി. ദൈവം നമ്മളെ ഉറ്റ് നോക്കുന്നു. നമ്മുടെ പ്രവൃത്തികളെ പരിശോധിച്ചറിയുന്നു. തന്റെ യാത്ര സഫലമായോ എന്നറിയുന്നതിന് മിണ്ടാതിരുന്നു. ദൈവം

നമ്മുടെ പ്രാർത്ഥനാ ശബ്ദം കേട്ട് മിണ്ടാതിരിക്കുമ്പോൾ നാം പരിഭ്ര മിച്ചുപോകുന്നു. മറുപടി കിട്ടാതെ വരുമ്പോൾ തളർന്നുപോകുന്നു. ദൈവവചനം പറയുന്നത് എന്താണ് മിണ്ടാതിരുന്ന് ഞാൻ ദൈവം എന്നറിഞ്ഞുകൊൾക. അതുകൊണ്ട് എന്തുദോഷം സംഭവിച്ചാലും നാം പിറുപിറുക്കരുത്. ദൈവത്തിൽ പ്രത്യാശവെച്ച് ദൈവപ്രവൃ ത്തി വെളിപ്പെടുന്നതിനുവേണ്ടി മിണ്ടാതെ ഇരിക്കണം.

ഒട്ടകങ്ങൾ കുടിച്ച് തീർന്നപ്പോൾ അരശേക്കൽ തൂക്കമുള്ള ഒരുപൊൻ മൂക്കുത്തിയും പത്ത് ശേക്കൽ തൂക്കമുള്ള രണ്ട് വളയും അവൾക്ക് നല്കി. ഭാവിയിൽ നൽകുവാൻ പോകുന്നതിന്റെ ഒരു ചെറിയ മുന്നോടി. തുടർന്ന് ചോദിക്കുന്നു നീ ആരുടെ മകൾ ? നിന്റെ അപ്പന്റെ വീട്ടിൽ രാപ്പാർക്കാൻ സ്ഥലമുണ്ടോ എന്ന് ചോദി ച്ചു. ഒന്നാമത്തെ ചോദ്യത്തിന് അവൾ ഉത്തരം പറഞ്ഞു. നാഹോരിന് മിൽക്ക പ്രസവിച്ച മകനായ ബെഥുവേലിന്റെ മകൾ ആകുന്നു ഞാൻ. രണ്ടാമത്തെ ചോദ്യം നിന്റെ അപ്പന്റെ വീട്ടിൽ രാപ്പാർക്കാൻ സ്ഥല മുണ്ടോ എന്നാണ്. റിബേക്ക പിന്നേയും മൂല്യം വെളിപ്പെടുത്തുക യാണ്.

ഞങ്ങളുടെ അവിടെ വയ്ക്കോലും തീനും വേണ്ടുവോളമുണ്ട്. രാപ്പാർപ്പാൻ സ്ഥലവും ഉണ്ട്. ദൈവവും ഇങ്ങനെ തന്നെയാണ്. മു മ്പോട്ട് പോകുന്നതിന് അൽപം എന്തെങ്കിലും ചോദിക്കും. പക്ഷേ തരുന്നത് അളവ് കൂടാതെയാണ്. ആത്മീകമായും ഭൗതീകമായും ഒരു പ്രവാചകൻ മരണം ചോദിച്ച് ചൂരച്ചെടിയുടെ ചുവട്ടിൽ കിടന്നു. അവൻ മരണം കാണാതെ സ്വർഗത്തേരിൽ എടുക്കപ്പെട്ടു.

അപ്പോൾ ആ പുരുഷൻ കുനിഞ്ഞ് യഹോവയെ നമസ്കരി ച്ചു. ദൈവം മറുപടി തരുമ്പോൾ നന്ദി കരയേറ്റിയതിനുശേഷമേ അടുത്ത പടി മുമ്പോട്ട് പോകാവൂ. അനേകർ ഇത് ചെയ്യുന്നില്ല. അ നുഗ്രഹം നിൽക്കുകയും ചെയ്യുന്നു. അവൻ പ്രാർത്ഥിക്കുകയാണ് . എന്റെ യജമാനന്റെ സഹോദരൻമാരുടെ വീട്ടിലേക്ക് എന്നെ നടത്തി

കൊണ്ട് വന്നുവല്ലോ എന്ന് പറഞ്ഞു. ബാല ഓടിച്ചെന്ന് അമ്മയുടെ വീട്ടുകാരെ വസ്തുത അറിയിച്ചു. റിബേയ്ക്കയ്ക്ക് ഒരു സഹോദരൻ ഉണ്ടായിരുന്നു, ലാബാൻ. അവൻ ഓടി കിണറ്റിനരികെ ആ പുരുഷന്റെ അടുക്കൽ ചെന്നു. തന്റെ സഹോദരിയുടെ കൈവശം മുക്കുത്തിയും വളയും കണ്ട് അവർ പറഞ്ഞത് ഗ്രഹിക്കുകയും ചെയ്തതിനുശേഷം പറയുകയാണ്. യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനെ അകത്ത് വരിക. എന്തിന് പുറത്ത് നില്ക്കുന്നു. വീടും ഒട്ടകങ്ങൾക്ക് സ്ഥലവും ഞാൻ ഒരുക്കിയിരിക്കുന്നു എന്ന് പറഞ്ഞു. അബ്രഹാമിന്റെ ദാസൻ അവിടെ ചെന്നു. കാലുകളെ കഴുകുവാൻ വെള്ളം നല്കി. ഭക്ഷണം മുമ്പിൽ വെച്ചു. എന്നാൽ അബ്രഹാമിന്റെ ദാസൻ ഞാൻ വന്ന കാര്യം അറിയിക്കും മുൻപേ ഭക്ഷണം കഴിക്കുകയില്ല എന്ന് പറഞ്ഞു.

സ്വന്തം ആവശ്യങ്ങളെ തൃണവൽഗണിച്ച് തന്നെ ഏൽപിച്ച ദൗത്യം നിറവേറ്റുകയാണ് ഈ ദാസൻ. മറ്റുള്ളവർക്കുവേണ്ടി ദൈവ രാജ്യ വ്യാപ്തിക്കുവേണ്ടി ഭക്ഷണം വിട്ട് ജഡത്തെ ദണ്ഡിപ്പിച്ച് ആത്മാവിന് കീഴ്പ്പെട്ട് പോകുന്ന ശുശ്രൂഷകരെക്കൊണ്ട് ദൈവത്തിന് വലിയ കാര്യങ്ങൾ ചെയ്തെടുക്കുവാനുണ്ട്. രുചികരമായ ഭക്ഷണം കഴിക്കുവാൻ സാധിക്കാത്ത ധാരാളം ശുശ്രൂഷകരുണ്ട് . അവ ഇല്ലാഞ്ഞിട്ടല്ല. ശരീരത്തിലെ അസുഖം നിമിത്തം ഭക്ഷണത്തിന്മേൽ നിയന്ത്രണമുള്ള അനേകർ ഉണ്ട്. ശരീരം ദൈവമന്ദിരം ആണ്. ഒരു ദൈവീക മന്ദിരത്തിൽ വെളിപ്പെടേണ്ടത് വെളിപ്പെട്ടില്ലെങ്കിൽ അത് കള്ളന്മാരുടെ ഗുഹയായിത്തീരും. ആലയത്തിന്റെ ഒന്നാമത്തെ പ്രാധാന്യം വിശുദ്ധിയാണ്. ശരീരത്തിന്റെ,പഞ്ചേന്ദ്രിയങ്ങളുടെ ശരീരഭാഗങ്ങളുടെ വിശുദ്ധി കാത്ത് സൂക്ഷിക്കുവാൻ കഴിയാഞ്ഞാൽ അത് കള്ളന്മാരുടെ ഗുഹയായിത്തീരും. രണ്ടാമത്തേത് കത്തിക്കൊണ്ടിരിയ്ക്കുന്ന വിളയ്ക്കായിരിയ്ക്കണം ശരീരം അഥവാ ആലയം. ആരാധനയും സ്തുതിയും പ്രാർത്ഥനയും നന്ദിയും ഉണ്ടാകണം. ഇത് ഇല്ലെങ്കിൽ കള്ളന്മാരുടെ ഗുഹയാകും. ഭക്ഷണം കഴിക്കുവാൻ ശേഷിയുള്ള നാളിൽ ശരീരത്തെ ദണ്ഡിപ്പിച്ച് ഉപവസിച്ച് കീഴ്പ്പെടുത്തണം. ശരീ

രത്തിൽ മേൽ വസിക്കുന്ന പാപത്തെ കീഴ്പ്പെടുത്തി ആത്മാവ് സ്വാതന്ത്ര്യം ഏറ്റെടുക്കണം.

ഇത്രയും കാര്യങ്ങൾ ചെയ്യാതെ വരുമ്പോഴാണ് അത് കള്ളന്മാരുടെ ഗുഹയായിത്തീരുന്നത് .ദൈവത്തിന് വസിക്കുവാൻ കഴിയാതെ വരുമ്പോൾ ശത്രു സ്ഥാനം ഏറ്റെടുക്കും. ദൈവിക വാഗ്ദത്തങ്ങൾ പ്രാപിക്കുവാൻ അബ്രഹാമിന്റെ ദാസൻ പറയുകയാണ് ഞാൻ വന്ന കാര്യം അറിയിക്കും മുമ്പേ ഭക്ഷണം കഴിക്കുകയില്ല.

ഗിദയോൻ യുദ്ധത്തിനായി ഇറങ്ങിപ്പുറപ്പെട്ടു. കൂടെ 32000 പേർ. ഭയമുള്ളവർ മടങ്ങിപ്പോകുവാൻ പറഞ്ഞപ്പോൾ 22000 പേർ തിരികെ പോയി. 10000ശേഷിച്ചു. ഇത്രയും പേരെ യുദ്ധത്തിന് വേണ്ടായിരുന്നു. വീണ്ടും ഒരു തെരഞ്ഞെടുപ്പ് അതിൽ നടത്തി. ഭൂരിപക്ഷം വോട്ട് ലഭിച്ചവരെയല്ല തെരഞ്ഞെടുത്തത് .അവരെ വെള്ളത്തിന്റെ മുമ്പിൽ എത്തിച്ചു. വെള്ളം കുടിക്കുവാൻ പറഞ്ഞു. കൈ വായ്ക്ക് വച്ച് നക്കിക്കുടിച്ചവർ 300 ബാക്കിയെല്ലാം മുട്ട് കുത്തി കുനിഞ്ഞ് വെള്ളം കുടിച്ചു എന്നാണ് ഇവിടുത്തെ പ്രത്യേകത. യുദ്ധത്തിന് വേർതിരിച്ച ജനമാണ് ഇത് മുഴുവൻ. അവരുടെ ലക്ഷ്യവും ദൃഷ്ടിയും എപ്പോഴും ശത്രുവിന്റെ ചലനത്തെ ശ്രദ്ധിച്ച് കൊണ്ടിരിക്കണം. കൈ വായ്ക്ക് വച്ച് നക്കിക്കുടിച്ച 300 പേർ വെള്ളം കുടിക്കുന്ന സമയത്തും അവരുടെ ദൃഷ്ടി ദൂരെ ശത്രുവിന്റെ ചലനത്തെ ശ്രദ്ധിക്കുകയായിരുന്നു. ബാക്കി മുട്ട് കുത്തി വെള്ളത്തിന്മേൽ കുനിഞ്ഞ് കുടിച്ചവരുടെ ദൃഷ്ടി ശത്രുചലനത്തിന്റെ നേരെ അല്ലായിരുന്നു.അവർ വേണ്ടത്ര ജാഗ്രതയുള്ളവർ അല്ലായിരുന്നു. എന്നാൽ ആ 300 പേർ വെള്ളം മുമ്പിൽ ഉള്ളപ്പോഴും, ഭക്ഷണം മുമ്പിൽ ഉള്ളപ്പോഴും അതിന് പ്രാധാന്യം കൊടുക്കാതെ ദൈവരാജ്യത്തിന് വേണ്ടി യുദ്ധ ജാഗ്രത പുലർത്തിയവർ ആയിരുന്നു.

അബ്രഹാമിന്റെ ദാസൻ ഇങ്ങനെയുള്ള ഒരുവൻ ആയിരുന്നു. ഭക്ഷണം കഴിക്കുന്നതിന് മുമ്പ് തന്റെ ദൗത്യം അവൻ നിർവ്വഹിക്കുക

യാണ്. എന്റെ യജമാനനായ അബ്രഹാമിനെ യഹോവ ഏറ്റവും അനുഗ്രഹിച്ചു. അവർ വൃദ്ധരായ ശേഷം ഒരു മകനെ ദൈവം അവർക്ക് നല്കി. എന്റെ യജമാനനുള്ളതൊക്കെയും ആ മകനാണ് ഭാവിയിൽ ലഭിക്കുക. എന്റെ പിതൃഭവനക്കാരുടെ അടുക്കൽ ചെന്ന് എന്റെ മകന് ഒരു ഭാര്യയെ കണ്ടുപിടിക്കണം എന്ന് പറഞ്ഞ് എന്നെ അയച്ചതാണ്. അങ്ങനെ ഒരു പെൺകുട്ടിയെ കണ്ടുപിടിയ്ക്കാൻ താൻ അവലംബിച്ച മാർഗം വിവരിച്ചു.

അതനുസരിച്ച് റിബേക്കയാണ് യിസ്ഹാക്കിന് ദൈവം കല്പിച്ചാക്കിയ പെൺകുട്ടി എന്ന് എനിക്ക് മനസ്സിലായി ആകയാൽ എന്റെ യജമാനനോടുള്ള ദയയും വിശ്വസ്തതയും കാണിക്കുവാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യുക എന്ന് പറഞ്ഞു.

അപ്പോൾ ലാബാനും ബെഥുവേലും ഇക്കാര്യം യഹോവയാൽ വരുന്നു. നിന്നോട് ഗുണവും ദോഷവും പറവാൻ ഞങ്ങൾക്ക് കഴിയില്ല. ഇതാ റിബേക്ക അവളെ കൂട്ടിക്കൊണ്ട് പോകുക എന്ന് പറഞ്ഞു. വീണ്ടും അവൻ യഹോവയെ നമസ്കരിച്ചതിന് ശേഷം സ്വർണ്ണാഭരണങ്ങളും വെള്ളിയാഭരണങ്ങളും വിശേഷ വസ്ത്രങ്ങളും റിബേയ്ക്കയ്ക്കും ബന്ധുജനങ്ങൾക്കും നൽകിയതിന് ശേഷം ഭക്ഷിച്ച് പാനം ചെയ്ത് രാപ്പാർത്തു.

രാവിലെ എഴുന്നേറ്റ് എന്റെ യജമാനന്റെ അടുക്കലേക്ക് എന്നെ അയയ്ക്കേണമേ, എന്നെ താമസിപ്പിക്കരുതേ, എന്റെ യാത്ര സഫലമായല്ലോ എന്ന് പറഞ്ഞു. അവർ റിബേക്കയെ വിളിച്ച് ഈ പുരുഷനോട് കൂടെ പോകുന്നുവോ എന്ന് ചോദിച്ചു. എന്ത് കൊണ്ടാണ് ഉത്തരവാദിത്വവും പക്വതയും ഉള്ള ബെഥുവേലും ലാബാനും റിബേക്കയോട് അങ്ങനെ ചോദിക്കുന്നത്. കാരണം റിബേക്ക വളരെ പക്വമതിയും തീരുമാന ശേഷിയുള്ളവളും പാളിച്ച പറ്റാതെ ഏത് കാര്യവും ചെയ്യാൻ ശേഷിയുള്ളവളാണെന്ന് അവർക്കറിയാം. അവൾ പോകുന്നില്ല എന്ന് പറഞ്ഞാൽ അതാണ് ശരി എന്നവർക്കറിയാം.. പോ

കുന്നു എന്ന് പറഞ്ഞാൽ അതാണ് ശരി എന്നവർക്കറിയാം. അവളുടെ കുടുംബത്തിൽ അവൾക്ക് വലിയ ഒരു സാക്ഷ്യം ഉണ്ട്. അതാണ് മുതിർന്നവർ അങ്ങനെ ചോദിച്ചത്. ബുദ്ധിമതികളായ, വിശുദ്ധിയെ കാത്ത് സൂക്ഷിക്കുന്ന ,ദൈവത്തെ ഭയപ്പെട്ട് പാപത്തിൽ നിന്ന് ഓടി രക്ഷപ്പെടുന്ന പെൺകുട്ടികൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഒരു സംഭവ കഥ എഴുതാതെ ഈ ഭാഗത്ത് നിന്ന് പോകാൻ പറ്റുകയില്ല. കോളേജിൽ പഠിക്കുന്ന ഒരു വിശ്വാസി പെൺകുട്ടി. പാസ്റ്ററുടെ മകളാണ്. കൂടെ പഠിക്കുന്ന സഹപാഠിക്ക് ആ പെൺകുട്ടിയോട് വലിയ സ്നേഹം. നല്ല സ്നേഹമാണോ വ്യാജ സ്നേഹമാണോ എന്ന് തിരിച്ചറിയാൻ കഴിയില്ലല്ലോ.അതുമല്ല സഹപാഠിയെ വെറുപ്പിച്ച് ദോഷവും വൈരാഗ്യവും ഉണ്ടാക്കുന്നത് ബുദ്ധിമതിയായ ഒരു പെൺകുട്ടിക്ക് ചേർന്നതല്ല. ദോഷമുണ്ടാകാതെ ഇതിൽ നിന്ന് രക്ഷപ്പെടുകയും വേണം. അവൾ പറഞ്ഞു. ഞായർ ദിവസം രാവിലെ ഞങ്ങളുടെ സഭയിൽ പ്രാർത്ഥനയുണ്ട്. വരിക. എന്റെ പിതാവ് ശുശ്രൂഷകനാണ് പരിചയപ്പെടാം എന്ന് പറഞ്ഞു. ഈ സഹപാഠി തന്റെ ഒരു ഉറ്റ സ്നേഹിതനേയും കൂട്ടി ഞായറാഴ്ച സഭയിൽ വന്നു. പാസ്റ്റർ ശുശ്രൂഷകഴിഞ്ഞ് മകളുടെ കൂടെ പഠിക്കുന്ന ഈ ആൺകുട്ടികളെ സ്നേഹപൂർവ്വം യാത്രയയച്ചു. പിന്നേയും വരണം എന്ന് പറഞ്ഞു. ആസ്നേഹവും പെൺകുട്ടിയോടുള്ള താത്പര്യവും നിമിത്തം പിന്നേയും സഭയിൽ വന്നു. വചനം ഗ്രഹിക്കുവാൻ തുടങ്ങി. രക്ഷിക്കപ്പെട്ടു. ജഢികമായി ആ പെൺകുട്ടിയെ സ്നേഹിക്കുന്നത് തെറ്റാണെന്ന് മനസ്സിലായി. ആ പെൺകുട്ടിയോട് ക്ഷമ ചോദിച്ചു. ദൈവരാജ്യത്തിന് വേണ്ടി ആ ആൺകുട്ടികൾ മുതൽ കൂട്ടായി. ഇങ്ങനെയാണ് ബുദ്ധിമതികളായ പെൺകുട്ടികൾ പ്രശ്നങ്ങളെ നേരിടുന്നത്. അല്ലാതെ വചനത്തിന് വിരുദ്ധമായി ഓടിയല്ല ഭാവി കരു പിടിപ്പിക്കുന്നത്.

റിബേക്ക തീരുമാനശേഷിയും ദൈവിക പദ്ധതി ഗ്രഹിക്കുവാൻ ശേഷിയുള്ളവളും ആയിരുന്നു. അവൾ പറഞ്ഞു ഞാൻ

പോകുന്നൂ എന്ന്. അവളുടെ തീരുമാനത്തെ കുടുംബം ഒന്നടങ്കം അംഗീകരിച്ചു. കുടുംബത്തിലുള്ളവരുടെ അനുഗ്രഹാശിസുകളോടെ വിവാഹ ജീവിതത്തിൽ അവൾ പ്രവേശിച്ചു. അബ്രഹാം ഇറങ്ങിപ്പുറപ്പെട്ടതുപോലെ എവിടേക്ക് എന്നറിയാതെ എങ്ങനെയാകും എന്ന് ചിന്തിക്കാതെ ദൈവത്തിൽ വിശ്വസിച്ച് ഇറങ്ങിപ്പുറപ്പെട്ടു. അവളും അവളുടെ ദാസിമാരും എഴുന്നേറ്റ് ഒട്ടകപ്പുറത്ത് കയറി. ദാസൻ അവരെ കൂട്ടി കൊണ്ട് പോയി.

യിസ്ഹാക്ക് വെളിമ്പ്രദേശത്ത് ധ്യാനിക്കുന്ന സമയത്ത് തല പൊക്കി നോക്കിയപ്പോൾ ഒട്ടകങ്ങൾ വരുന്നത് കണ്ടു. അവന്റെ ഭാവി ജീവിതത്തിന് വേണ്ടി ദൈവത്തിൽ ആശ്രയിച്ച് യിസ്ഹാക്ക് തയ്യാറെടുക്കുകയായിരുന്നു. റിബേക്ക ഒട്ടകപ്പുറത്ത് നിന്ന് ഇറങ്ങി. വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റ് വരുന്ന പുരുഷൻ ആര് എന്ന് ദാസനോട് ചോദിച്ചു. എന്റെ യജമാനൻ തന്നെയെന്ന് അവൻ പറഞ്ഞു. അപ്പോൾ അവൾ ഒരു മൂടുപടം എടുത്ത് തന്നെ മൂടി. ഒരു പെൺകുട്ടിയുടെ സൗന്ദര്യം അവളുടെ ലജ്ജയാണ്. യിസ്ഹാക്ക് ദാസനിൽ നിന്ന് എല്ലാം ഗ്രഹിച്ചതിന് ശേഷം റിബേക്കയെ സ്വീകരിച്ചു. അവൾ അവന് ഭാര്യയായി. അവന് അവളിൽ സ്നേഹമായി. വിവാഹത്തിന് മുമ്പല്ല സ്നേഹിക്കേണ്ടത്. വിവാഹത്തിന് ശേഷമാണ് സ്നേഹം വെളിപ്പെടുത്തേണ്ടത്.

അടുത്ത നന്മ ദൈവത്തിൽ നിന്ന് പ്രാപിക്കുവാൻ അവർ പ്രാർത്ഥിച്ചു. യഹോവ അവരുടെ പ്രാർത്ഥന കേട്ടു. റിബേക്ക ഗർഭം ധരിച്ചു. അവളുടെ ഉള്ളിൽ ശിശുക്കൾ തമ്മിൽ തിക്കി. യഹോവയോട് എന്താണ് കാരണം എന്ന് ചോദിച്ചു. രണ്ട് ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്. രണ്ട് വംശങ്ങൾ നിന്റെ ഉദരത്തിൽ നിന്ന് പിരിയും .ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും. മൂത്തവൻ ഇളയവനെ സേവിയ്ക്കും. ഉദരത്തിൽ ആയിരിയ്ക്കുമ്പോൾ ദൈവപദ്ധതി വെളിപ്പെട്ടു. ഇത് റിബേക്കയും ഇസ്ഹാക്കും ഗ്രഹിച്ചതാണ്. മൂത്തവൻ ഇളയവനെ സേവിയ്ക്കും എന്നത്.

ഏശാവ് ആദ്യവും യാക്കോബ് പിന്നീടും അമ്മയുടെ ഉദരത്തിൽ നിന്ന് പുറത്ത് വന്നു. ദൈവിക ദൃഷ്ടിയിലും യാഥാർത്ഥ്യമായും യാക്കോബായിരിക്കാം മൂത്തത്. അതാണ് യാക്കോബിന്റെ മേൽ അനുഗ്രഹം വന്നത്. എന്നാൽ മാനുഷിക ദൃഷ്ടിയിൽ ഒന്നാമൻ ഏശാവ് ആണ്. ദൈവിക നന്മയുടെ ഒന്നാമത്തെ ലക്ഷണം താഴ്ചയാണ്. താഴ്ചയ്ക്ക് ശേഷമുള്ള ഉയർച്ച അങ്ങനെയാണ് എല്ലാ ദൈവിക പദ്ധതിയും. കർത്താവായ യേശുക്രിസ്തുവരെ ഇതിൽ നിന്ന് മാറിപ്പോയില്ല. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപിടിച്ചുകൊള്ളണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി. ഫിലി: 2: 6-9

കുട്ടികൾ വളർന്നു. ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയും, യാക്കോബ് സാധുശീലനും കൂടാര വാസിയും ആയിരുന്നു. അനേക ബാലികാ ബാലന്മാർ അനേക കുടുംബങ്ങളിൽ വളർന്ന് കൊണ്ടിരിക്കുന്നു. ദൈവരാജ്യത്തിന് ഇവർ ആരൊക്കെയാണ് മുതൽക്കൂട്ട് എന്ന് ആർക്കറിയാം. അനേക കുഞ്ഞുങ്ങളെക്കുറിച്ച് പരിശുദ്ധാത്മാവ് എനിക്ക് ആലോചന നല്കിയിട്ടുണ്ട്. ജനിച്ചവരെക്കുറിച്ചും ജനിക്കാത്തവരെക്കുറിച്ചും. മനുഷ്യൻ ഏറെയായാൽ 80 സംവൽസരം ജീവിച്ചിരിക്കും. എങ്കിലും ദൈവിക ശുശ്രൂഷ തുടരേണ്ടതുണ്ട്. അതുകൊണ്ട് ബാലികാ ബാലന്മാരെ അതീവശ്രദ്ധയോടെ വളർത്തേണ്ടതുണ്ട്. സ്നേഹം കൂടുതൽ കൊടുത്താൽ കുട്ടികൾ ചിലപ്പോൾ വഷളായിപ്പോകാം. സ്നേഹം ആവശ്യത്തിന് ലഭിച്ചില്ലെങ്കിൽ പരുക്കൻ മനസ്സിന് ഉടമയായിത്തീർന്നേക്കാം. ആയതിനാൽ സ്നേഹം ഉള്ളിൽ സൂക്ഷിച്ച് മഞ്ഞുതുള്ളി പോലെ അല്പാല്പമായി നൽകേണം. വറ്റിപ്പോകരുത് .നീരുറവ പോലെ വറ്റിപ്പോകാത്ത

സ്നേഹം അല്പാല്പമായി കുട്ടികൾക്ക് നല്കി ദൈവകരങ്ങളിൽ ഏൽപിച്ച് സൗമ്യതയോടും ശാന്തതയോടും കുട്ടികളെ കോപിപ്പിക്കാതെ ജ്ഞാനത്തിൽ വളർത്തി എടുക്കണം.

ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതു കൊണ്ട് യിസ്ഹാക്ക് അവനെ സ്നേഹിച്ചു. റിബേക്കയോ യാക്കോബിനെ സ്നേഹിച്ചു. യിസ്ഹാക്ക് തെറ്റിതുടങ്ങിയത് ഇവിടെ മുതലാണ്. റിബേക്കയുടെ സാമർത്ഥ്യം ദൈവിക വാഗ്ദത്തോടുള്ള അനുസരണവും വെളിപ്പെടുത്തുന്നത് ഇവിടെ വച്ചുതന്നെ. ഏശാവിന്റെ വേട്ടയിറച്ചി യിസ്ഹാക്കിന്റെ വലിയ ഒരു ബലഹീനതയായിരുന്നു. അതിന്മേൽ അവൻ ഭ്രാന്തനായിതീർന്നു.

ദൈവിക വാഗ്ദത്തമായ മൂത്തവൻ ഇളയവനെ സേവിയ്ക്കും എന്ന ആലോചന ഇസ്ഹാക്ക് കാറ്റിൽ പറത്താൻ തുടങ്ങി. ഇങ്ങനെയാണ് ആരംഭകാലഘട്ടത്തിൽ ദൈവിക വാഗ്ദത്തം പ്രാപിച്ച ശുശ്രൂഷകന്മാർ സ്തംഭിച്ച് തകർന്നുപോകുന്നത്. പലരീതിയിലുള്ള ബലഹീനതകൾ അവരിൽ രൂപം കൊള്ളുന്നു.പണം വർദ്ധിക്കുമ്പോൾ, ആഡംബര സുഖ ജീവിതത്തിലേയ്ക്ക് കാൽ എടുത്തുവെയ്ക്കുമ്പോൾ, തികച്ചും ദരിദ്രാനുഭവത്തിൽ ജീവിച്ച തന്റെ പഴയ സാഹചര്യം മറക്കുന്നു. അങ്ങനെ ജീവിക്കുന്നവരെ കാണുമ്പോൾ അവൻ കൊടും പാപം ചെയ്തതുകൊണ്ടാണ് ദൈവം അവനെ അനുഗ്രഹിക്കാത്തത് എന്ന് പറയുന്നു. അവരെ സഹായിക്കാൻ ശേഷിയുള്ളപ്പോഴും അതിന് മുതിരാതെ തന്റെ ആഡംബര ജീവിതം പൊലിപ്പിക്കുന്നു. ഈ ദരിദ്ര ശുശ്രൂഷകന്മാരുടെ ശാപം ഈ ധനിക ശുശ്രൂഷകന്റെ മേൽ വരുന്നു എന്ന് ഈ ശുശ്രൂഷകന്മാർ മനസ്സിലാക്കുന്നില്ല. മറ്റ് ചിലർക്ക് മക്കളാണ് ബലഹീനത. മക്കൾക്കുവേണ്ടി ദൈവം കരുതുന്നതിനും അപ്പുറത്തായി കരുതി അവരെ നശിപ്പിക്കും. അടുത്തുള്ള ശുശ്രൂഷകന്റെ വിശ്വാസിയുടെ മക്കൾ കഠിനരോഗം പിടിച്ച അവസ്ഥയിലായാൽ ഈ ശുശ്രൂഷകന്റെ ഹൃദയം തകരുകയില്ല. എന്നാൽ സ്വന്തം മകന്, മകൾക്ക് ഒരു പനി വന്നാൽ സങ്കടം കാണണം.

ചിലർക്ക് ബലഹീനത ജഡിക മോഹങ്ങളാണ്. ചിലർക്ക് അസൂയ യാണ്. ചിലർക്ക് സുവിശേഷത്തിനും അപ്പുറമായ മറ്റ് ചില വ്യാപാ രങ്ങളാണ് ബലഹീനത.

ഏശാവിന്റെ വേട്ടയിറച്ചി ലഭിക്കുന്നതിന് വേണ്ടി ദൈവിക വാഗ്ദത്തത്തിനെതിരെ യിസ്ഹാക്ക് ചലിക്കുവാൻ തുടങ്ങി. എന്നാൽ വാഗ്ദത്ത സന്തതി യാക്കോബ് ആണ് എന്ന് മനസ്സിലാക്കിയ റിബേക്ക അവനെ അനുസരണമുള്ളവനാക്കി വളർത്തിയെടുത്തു. ഏശാവിന്റെ കൈയിൽ നിന്നും ജ്യേഷ്ഠാവകാശം യാക്കോബ് വാങ്ങിയതിൽ റിബേ യ്ക്കയ്ക്ക് ചെറിയ പങ്കുണ്ടാകണം. ദൈവിക വാഗ്ദത്തത്തിന് വേണ്ടി മൂത്തവൻ ഇളയവനെ സേവിക്കണം എന്ന ദൈവികാലോചന പൂർത്തീകരിക്കുന്നതിന് വേണ്ടി റിബേക്ക ഇടപെട്ടിട്ടുണ്ട്.

ദേശത്ത് ക്ഷാമം ഉണ്ടായപ്പോൾ യിസ്ഹാക്ക് ഗെരാരിൽ ഫെലിസ്ത്യ രാജാവായ അബീമലെക്കിന്റെ അടുക്കൽ പോയി. ദൈ വിക പദ്ധതി എന്താണ് എന്ന് മനസ്സിലാക്കാതെ യിസ്ഹാക്ക് നീങ്ങി യപ്പോൾ യഹോവ ഇടപെട്ടു. നീ മിസ്രയിമിലേക്ക് പോകരുത്. ഞാൻ നിന്നോട് കൽപിക്കുന്ന ഭാഗത്ത് പാർക്കുക. ഈ ദേശത്ത് താമസി ക്കുക. ഉൽ 26-2 എന്ന് പറഞ്ഞു.

ഏശാവിന് 40 വയസ്സായപ്പോൾ അവൻ ഹിത്യനായ ബേരി യുടെ മകൾ യെഹുദീത്തിനേയും ഹിത്യനായ ഏലോന്റെ മകൾ ബാസ രത്തിനേയും ഭാര്യമാരായി പരിഗ്രഹിച്ചു. ഏശാവിന്റെ വേട്ടയിറച്ചി കഴിച്ച് ,അത് തുടർന്നും ലഭിക്കുന്നതിനു വേണ്ടി അവന്റെ ചെറിയ പാളിച്ചകളെ എല്ലാം കണ്ണടച്ച് വിട്ടതിന്റെ ഫലം ഇപ്പോൾ അവർ കണ്ടു. ഇപ്പോൾ യിസ്ഹാക്കും റിബേക്കയും മനോവ്യസനത്തിലാണ് ഉൽ 26.35

മനോവ്യസനത്തിൽ ആകുന്നതിന് പല കാരണം ഉണ്ട്. ദൈ വിക ശുശ്രൂഷയോടുള്ള ബന്ധത്തിൽ കഠിനമായ മനോവ്യസന

ത്തിലൂടെ സഞ്ചരിക്കേണ്ടിവരും. ധാരാളം ഉദാഹരണങ്ങളുണ്ട്. വചനത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഓടുമ്പോഴും മനോവ്യസനം അനുഭവിക്കേണ്ടി വരും. ഈ രണ്ടിനേയും ഒരേപോലെ കാണരുത്. ആദ്യത്തേതിന് പ്രതിഫലം ഉണ്ട്. രണ്ടാമത്തേത് ദൈവികശിക്ഷയാണ്. ആരെങ്കിലും മനോവ്യസനത്തിൽ നടക്കുകയാണെങ്കിൽ ആ വ്യക്തിയെ വിവേചിക്കുവാനും പോകരുത്. അവനോട് സഹാനുഭൂതി കാണിക്കുക. അവന് അത് വേണം എന്ന് പറയരുത്. താമസിയാതെ ഈ അനുഭവം നിന്റെ മേൽ വരാം.

ഈ മനോവ്യസനവും മറ്റ് പല സംഗതികളും തന്റെ ജീവിതത്തിൽ വന്നിട്ടും ദൈവിക വാഗ്ദത്തത്തിനെതിരെ യിസ്ഹാക്ക് നീങ്ങുകയാണ്. യിസ്ഹാക്ക് ഏശാവിനെ വിളിച്ച് പറയുകയാണ് ഞാൻ വൃദ്ധനായിരിക്കുന്നു. എന്റെ മരണ ദിവസം അറിയുന്നതുമില്ല. നീ ഇപ്പോൾ നിന്റെ ആയുധങ്ങളായ വില്ലും പൂണിയുമെടുത്ത് കാട്ടിൽ ചെന്ന് എനിക്കുവേണ്ടി വേട്ട തേടി എനിക്ക് ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കി ഞാൻ മരിക്കും മുൻപേ തിന്ന് നിന്നെ അനുഗ്രഹിക്കേണ്ടതിന് എന്റെ അടുക്കൽ കൊണ്ടുവരിക എന്ന് പറഞ്ഞു. ഉൽ 27:2 4. യഥാർത്ഥത്തിൽ അനുഗ്രഹം ലഭിക്കേണ്ടത്, ദൈവിക വാഗ്ദത്തം അനുസരിച്ച് മൂത്തവൻ ഇളയവനെ സേവിക്കും എന്നതനുസരിച്ച്, യാക്കോബിന്റെ മേൽ ആണ്. എന്നാൽ ദൈവികക്രമത്തെ തകിടം മറിക്കുവാൻ യിസ്ഹാക്ക് ഒരുമ്പെടുകയാണ്.

ദൈവത്തെ അനുസരിക്കുന്നതിൽ അബ്രഹാം യാഗം കഴിക്കുന്ന സമയത്ത് സമ്പൂർണ്ണമായി കീഴ്പ്പെട്ട് യാഗപീഠത്തിന്മേൽ യാഗവസ്തുവായി കിടന്ന വലിയ സമർപ്പണ ബോധം ഉണ്ടായിരുന്ന യിസ്ഹാക്ക് ദൈവികക്രമത്തെ തന്റെ സ്വാർത്ഥതാത്പര്യത്തിന് വേണ്ടി ബലി കഴിക്കുകയാണ്. അവനേപ്പോലെ ഒരുവൻ ഒരിക്കലും അങ്ങനെയാകാൻ പാടില്ല. മാത്രമല്ല ഉന്നതങ്ങളിൽ ഇരിക്കുന്ന യിസ്ഹാക്ക് അല്ലെങ്കിൽ അതുപോലെ ശുശ്രൂഷയിൽ ആയിരിക്കുന്ന വ്യക്തി സ്വാർത്ഥതക്കുവേണ്ടി ദൈവിക താളക്രമത്തെ തകർക്കുവാൻ ഒരു

പ്പെടുമ്പോൾ കൂടെ നിൽക്കുന്നവർ അനുഭവിക്കുന്ന സംഘർഷവും കഷ്ടതയും തുടർന്ന് നമുക്ക് കാണുവാൻ കഴിയും.

ഇവിടെ മറ്റ് ഒരു വശവും കൂടി പരിഗണിക്കണം. ഏശാവ് ഹിത്യസ്ത്രീകളെ വിവാഹം കഴിച്ച് ജാതികളുമായി ഇടകലർന്ന് നിൽക്കുകയാണ്. ഇങ്ങനെ കുഴഞ്ഞ് കിടക്കുന്ന ഒരുവനെ, ജാതികളുടെ വഴി ഇഷ്ടപ്പെടുന്നവനെ അനുഗ്രഹിച്ച് തന്റെ സ്ഥാനമാനം ഏൽപിച്ചാൽ ഉണ്ടാകുന്ന വിനാശം എത്ര എന്ന് യിസ്ഹാക്ക് ഗ്രഹിക്കുന്നില്ല. ചിലർ തങ്ങൾക്ക് ഇഷ്ടമുള്ളവരെ മക്കളെ തുടർ സ്ഥാനമാനങ്ങൾ ഏൽപിക്കും. ദൈവഹിതമനുസരിച്ചും ദൈവിക പദ്ധതിക്ക് കീഴിലും ഇങ്ങനെ സംഭവിക്കാറുണ്ട്. യാക്കോബിന്റെ മേൽ അനുഗ്രഹം വന്നത് ഈ രീതിയിൽ ആണ് താനും. എന്നാൽ യിസ്ഹാക്ക് വചനത്തിന് വിരുദ്ധമായി ഓടുന്ന, ജാതികളുമായി ഇടകലർന്ന ഏശാവിനെ വേട്ടയിറച്ചി എന്ന ഒറ്റ ബലഹീനതയുടെ പേരിൽ അനുഗ്രഹിച്ച് സ്ഥാനമാനങ്ങൾ നൽകുവാൻ പദ്ധതി ഇടുന്നു.

എന്നാൽ റിബേക്ക ഈ വർത്തമാനം ഗ്രഹിച്ച് യിസ്ഹാക്കിലൂടെ ശത്രുപദ്ധതി വെളിപ്പെടുവാൻ ശ്രമിക്കുന്നു എന്ന് മനസ്സിലാക്കി. ഏശാവ് വേട്ടയ്ക്കു പോയ സമയം ദൈവിക വാഗ്ദത്തം പൂർത്തീകരിക്കപ്പെടുവാൻ മറ്റ് ഒരു പദ്ധതി ദൈവത്തിൽ ആശ്രയിച്ച് തയ്യാറാക്കുന്നു. ഒരു കുടുംബത്തിനകത്ത് തന്നെയുള്ള വ്യക്തികളിലൂടെ ദൈവ പദ്ധതിയും ശത്രുപദ്ധതിയും വെളിപ്പെടുന്നു. റിബേക്കയെപ്പോലെ ഒരുവൾ ഭവനത്തിനകത്ത് ഇല്ലെങ്കിൽ, ശത്രുപദ്ധതി മനസ്സിലാക്കി, ദൈവിക പദ്ധതിക്കുവേണ്ടി നിലകൊണ്ട് കുടുംബത്തെ കാവൽ ചെയ്ത് പ്രാർത്ഥിച്ച് സൂക്ഷിച്ചില്ലെങ്കിൽ ആ കുടുംബം ശത്രുപദ്ധതിക്ക് കീഴിൽ തകർന്ന് ഛിന്നഭിന്നമായിപ്പോകും. ഇവിടെയാണ് റിബേക്കയെപ്പോലെയുള്ള ഒരു സ്ത്രീയുടെ സാന്നിധ്യം ഭവനത്തിൽ വേണ്ടത്.

റിബേക്ക തന്റെ മകനായ യാക്കോബിനെ വിളിച്ച് യിസ്ഹാക്കിലുടെ വെളിപ്പെട്ട ശത്രുപദ്ധതി ഗ്രഹിപ്പിക്കുന്നു. ദൈവിക പദ്ധതി

യ്ക്കുവേണ്ടി മകനെ ഞാൻ പറയുന്നത് നീ ചെയ്ക എന്ന് പറഞ്ഞു. നിന്റെ ആട്ടിൻകൂട്ടത്തിൽ നിന്ന് രണ്ട് കോലാട്ടിൻ കുട്ടികളെ കൊണ്ട് വരിക. ഞാൻ അത് ഉപയോഗിച്ച് നിന്റെ അപ്പന് ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കാം നിന്റെ അപ്പൻ തിന്ന് തന്റെ മരണത്തിന് മുൻപേ നിന്നെ അനുഗ്രഹിക്കേണ്ടതിന് നീ അത് അവന്റെ അടുക്കൽ കൊണ്ടുചെല്ലണം. യാക്കോബ് തന്റെ അമ്മയായ റിബേക്കയോട് എന്റെ സഹോദരനായ ഏശാവ് രോമമുള്ളവനും ഞാൻ രോമമില്ലാത്തവനും ആകുന്നുവല്ലോ. അപ്പൻ എന്നെ തപ്പി നോക്കിയിട്ട് ഞാൻ ഉപായി എന്ന് തോന്നിയിട്ട് അനുഗ്രഹത്തിന് പകരം ശാപം എന്റ മേൽ വരുത്തും എന്ന് പറഞ്ഞു.

ആര് എന്ത് പറഞ്ഞാലും, തനിക്ക് അനുകൂലമുള്ളവർ പറഞ്ഞാലും അത് പോലെ ഏറ്റെടുക്കുന്ന വ്യക്തിയല്ല യാക്കോബ്. അവൻ സാധുശീലനും കൂടാരവാസിയുമൊക്കെയായിരിക്കാം പക്ഷേ അവന്റെ ഉള്ളിൽ ദൈവം നല്കിയ ഒരു കൂർമ്മ ബുദ്ധിയുണ്ട്. ദോഷത്തെക്കുറിച്ചും നന്മയെക്കുറിച്ചും അവൻ അതീവ ജാഗ്രതയുള്ളവനാണ്.

പക്ഷേ അവന്റെ അമ്മ റിബേക്ക ദൈവിക വാഗ്ദത്തത്തിനുവേണ്ടി സ്വയം ശാപമായിത്തീരുവാൻ തയ്യാറാകുന്നു. കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി സ്വയം ശാപം ഏറ്റുവാങ്ങിയതുപോലെ റിബേക്ക ദൈവികവാഗ്ദത്തിന് വേണ്ടി സ്വയം നശിക്കുവാൻ ആഗ്രഹിക്കുന്നു. ഇത് ഒരു പ്രത്യേക സ്വഭാവത്തിലുള്ള ഒരു ദൈവിക ശുശ്രൂഷയും കൂടിയാണ്. എല്ലാവർക്കും ഇത് ചെയ്യുവാൻ അനുവാദം ഇല്ല. അനുവാദം ഇല്ലാതെ ചെയ്താൽ അവൻ തകർന്നുപോകും.

എന്താണ് ആ ശുശ്രൂഷ. മറ്റ് ഒരു വ്യക്തിയുടെ മേൽ ഉള്ള, ശത്രു കൊണ്ട് വരുവാൻ ആഗ്രഹിക്കുന്ന സകലദോഷവും ആ വ്യക്തിയിൻമേൽ വരാതെ അത് മുഴുവൻ എന്റെ നേരെ വരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അങ്ങനെ പ്രാർത്ഥിക്കുന്ന വ്യക്തിയെ തകർത്ത

തിന് ശേഷമേ മറ്റേ വ്യക്തിക്ക് ദോഷമുണ്ടാക്കുവാൻ ശത്രുവിന് കഴിയൂ. എല്ലാവർക്കുവേണ്ടിയും ഇങ്ങനെ പ്രാർത്ഥിക്കുവാൻ അനുവാദം ഇല്ല. അനുവാദം ഇല്ലാതെ ഈ പ്രാർത്ഥന ശുശ്രൂഷ ചെയ്താൽ സ്വയം മുള്ളുവേലിയ്ക്കകത്തേക്ക് ചാടുന്നതുപോലെ ഇരിക്കും. ഇത് ഒരു രഹസ്യ ശുശ്രൂഷയാണ്. പരസ്യ ശുശ്രൂഷയല്ല. ദൈവസന്നിധിയിൽ ഒരു പ്രത്യേകരൂപത്തിൽ പ്രാഗൽഭ്യം ഉള്ളവർ അല്ലാതെ ഈ ശുശ്രൂഷ ചെയ്യരുതെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

എന്നാൽ റിബേയ്ക്കക്ക് ഈ പ്രാഗൽഭ്യം ഉണ്ട്. അവൾ പറയുന്നു മകനേ നിന്റെ ശാപം എന്റെ മേൽ വരട്ടെ എന്ന്. എന്റെ വാക്ക് മാത്രം കേൾക്ക, പോയി കൊണ്ട് വാ എന്ന് പറഞ്ഞു. അവൻ ചെന്ന് അമ്മയുടെ അടുക്കൽ കൊണ്ട് വന്നു. ഈ കുടുംബത്തെ നമുക്ക് ഒന്ന് വിവേചിക്കാം .പിതാവ് ശത്രു പദ്ധതിക്ക് വേണ്ടി നിൽക്കുന്നു. ഏശാവ് ഉപകരണമാകുന്നു. മാതാവ് ദൈവ പദ്ധതിക്ക് വേണ്ടി നിൽക്കുന്നു.യാക്കോബ് ഉപകരണമാകുന്നു. ശത്രു പദ്ധതി ചിതറിക്കിടക്കുകയാണ്. ദൈവം ചിതറിച്ചതായിരിക്കാം.കാരണം ദൈവം എഴുന്നേൽക്കുന്നു അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു എന്ന് വചനം പറയുന്നു. എങ്ങനെയാണ് ശത്രുപദ്ധതി ചിതറിക്കിടക്കുന്നത്.

## A. ശത്രുപദ്ധതി

1 ശത്രുവിന്റെ ആലോചനക്ക് കീഴിൽ ചിന്തിച്ച യിസ്ഹാക്ക് വീടിനകത്ത്.
2 അതിന് ഉപകരണമായി പ്രവർത്തിച്ച ഏശാവ് കാട്ടിൽ.
3 ശത്രുപദ്ധതി പൂർത്തീകരിക്കപ്പെടുവാൻ വേണ്ട വേട്ടയിറച്ചി അഥവാ വേട്ടമൃഗം കാട്ടിൽ മറ്റേതോ അജ്ഞാത സ്ഥലത്ത്.

ശത്രുപദ്ധതി ചിതറിക്കിടക്കുമ്പോൾ അതിനെതിരെ നിൽക്കുന്ന ദൈവീകപദ്ധതി ഒരുമിച്ച് നിൽക്കുന്നു.

## B. ദൈവീകപദ്ധതി

1 ദൈവിക പദ്ധതി ചിന്തിച്ച റിബേക്ക വീടിനകത്ത്.
2 ഉപകരണമാകേണ്ട യാക്കോബ് വീടിനകത്ത്.
3 ദൈവിക പദ്ധതി പൂർത്തീകരിക്കപ്പെടുവാൻ വേണ്ട മൃഗവും വീടിനകത്ത് തന്നെ.

ശത്രുപദ്ധതിയുടെ ഒന്നാം ഭാഗം വെളിപ്പെടുന്നതിന് മുമ്പ് ദൈവിക പദ്ധതിയുടെ മൂന്ന് ഭാഗവും പൂർത്തീകരിക്കപ്പെട്ടു. റിബേക്ക രുചികരമായ ഭോജനമുണ്ടാക്കി യാക്കോബിനെ ഏൽപിച്ചു.

പിന്നെ റിബേക്ക വീട്ടിൽ തന്റെ പക്കൽ ഉള്ളതായ ഏശാവിന്റെ വിശേഷ വസ്ത്രം എടുത്ത് യാക്കോബിനെ ധരിപ്പിച്ചു. കോലാട്ടിൻ കുട്ടിയുടെ തോൽ കൊണ്ട് അവന്റെ കൈകളും രോമമില്ലാത്ത കഴുത്തും പൊതിഞ്ഞു. ഇതെല്ലാം മാനുഷിക പ്രവൃത്തികളാണ്. മാനുഷിക പ്രവൃത്തികൾ കൊണ്ട് ദൈവിക വാഗ്ദത്തം പൂർത്തീകരിക്കുവാൻ കഴിയില്ല. അതിന് ദൈവം തന്നെ യുദ്ധത്തിന് ഇറങ്ങി പുറപ്പെടണം. ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിപ്പിക്കുന്നവൻ ശത്രു പാളയത്തിൽ ഇറങ്ങിയില്ലെങ്കിൽ ജയം ഉറപ്പല്ല. ദൈവിക പദ്ധതി ജയിക്കുക തന്നെ വേണം. അതുകൊണ്ട് ദൈവം ശത്രുപാളയത്തിൽ തന്നെ ഇറങ്ങി. യിസ്ഹാക്ക് വൃദ്ധനായി അവന്റെ കണ്ണ് കാണാൻ വഹിയാതവണ്ണം മങ്ങിപ്പോയി.

യിസ്ഹാക്ക് കണ്ണ് കാണുവാൻ കഴിയാതവണ്ണം മങ്ങുവാൻ ദൈവകരം പ്രവർത്തിച്ചിട്ടുണ്ട്. അല്ലെങ്കിൽ ദൈവിക പദ്ധതി വിജയിക്കുകയില്ലായിരുന്നു. യാക്കോബിന് അനുഗ്രഹം ലഭിക്കുകയുമില്ലായിരുന്നു. അതുമാത്രമല്ല ദൈവത്തെ അനുസരിക്കാത്ത വ്യക്തിയുടെ ആത്മീയ ദൃഷ്ടി മങ്ങും. പഴയത് പോലെ ആലോചനയും

വെളിപ്പാടും ലഭിക്കുകയില്ല; ചിലപ്പോൾ ലഭിക്കുന്നത് ജഡികവും പൈശാചികവുമാകാം. ആത്മീയ ദൃഷ്ടി മങ്ങിയോ, ഇല്ലയോ എന്ന് ഒരു ആത്മീയൻ പരിശോധിച്ച് കൊണ്ടിരിക്കണം. വീണിരിക്കുന്നവൻ താൻ വീണിരിക്കുകയാണെന്ന് അറിയുന്നില്ല. ഉപവസിച്ച് മണിക്കൂറുകൾ പ്രാർത്ഥിച്ച് വചനത്തിന്റെ കീഴിൽ ഇരിക്കുമ്പോൾ യഥാർത്ഥ ആത്മീയസ്ഥിതി നമുക്ക് ബോധ്യമാകും. അപ്പോൾ നാം ചെയ്യേണ്ടത് ഈ വചനത്തിലുണ്ട്. നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണിൽ എഴുതുവാൻ ലേപവും എന്നോട് വിലക്ക് വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധി പറയുന്നു. വെളിപ്പാട്: 3:18. രക്ഷ മാത്രമാണ് ദാനം. മറ്റ് എന്തെങ്കിലും ആത്മീയ കൃപാവരങ്ങളോ ആത്മീയ കാഴ്ചപ്പാടോ ശുശ്രൂഷയോ ലഭിക്കേണ്ടതിന് വില കൊടുക്കണം.

എങ്ങനെയാണ് ഈ കാര്യങ്ങൾ വില കൊടുത്ത് വാങ്ങുന്നത്. അപ്പോസ്തലപ്രവൃത്തിയിൽ ശമര്യ പട്ടണത്തിൽ ഫിലിപ്പോസ് മുഖാന്തരം രക്ഷിക്കപ്പെട്ട ശിഷ്യരുടെ മേൽ പത്രോസ് കൈ വച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാഭിഷേകം ലഭിച്ചു. ഇത് ശിമോൻ എന്ന വ്യക്തി കണ്ടപ്പോൾ കുറച്ച് ദ്രവ്യം കൊണ്ട് വന്ന് ഞാൻ ഒരുത്തന്റെ മേൽ കൈവച്ചാൽ അവന് പരിശുദ്ധാത്മാഭിഷേകം ലഭിക്കുവാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു. പത്രോസ് അവനോട് ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങിക്കൊള്ളാം എന്ന് നീ നിരൂപിക്കക്കൊണ്ട് നിന്റെ പണം നിന്നോട് കൂടെ നശിക്കപ്പെട്ട് പോകട്ടെ എന്ന് പറഞ്ഞു. പണം കൊടുത്ത് പരിശുദ്ധാത്മദാനം വാങ്ങുവാൻ കഴിയില്ല എന്ന് ഇതിലൂടെ മനസ്സിലാക്കുന്നു.

അപ്പോൾ വില കൊടുത്ത് വാങ്ങുവാൻ ദൈവം പറയുന്നത് എന്താണ്. മാനുഷിക ദൃഷ്ടിയിൽ വില എന്നു പറഞ്ഞാൽ പണം ആണ്. എന്നാൽ ദൈവീകദൃഷ്ടിയിൽ വില എന്നു പറഞ്ഞാൽ മറ്റ് ചിലതാണ്. അത് എന്താണ് എന്ന് നമുക്ക് പരിശോധിയ്ക്കാം.

1 ദൈവത്തിന്റെ വചനം അതുപോലെ തന്നെ സകല സാഹചര്യത്തിലും അനുസരിക്കുക.

2 എപ്പോഴും ദൈവിക സാന്നിധ്യത്തിൽ നടക്കുക.
3 നഷ്ടമാണെങ്കിലും ലാഭമാണെങ്കിലും പരിശുദ്ധാത്മാവ് പറയുന്നത് അനുസരിക്കുക.
4 തിന്മയാണെങ്കിലും നന്മയാണെങ്കിലും നന്ദിപൂർവ്വം ദൈവത്തിൽ നിന്ന് സ്വീകരിക്കുക.
5 ഉപവസിച്ച് ശരീരത്തെ ദണ്ഡിപ്പിച്ച് ആത്മാവിന് കീഴ്പ്പെടുത്തുക
6 സംസാരത്തിൽ പരിശുദ്ധാത്മാവിന് ഉചിതമായ വാക്കുകൾ മാത്രം സംസാരിക്കുക.
7 പ്രാർത്ഥിക്കുവാൻ യാതൊരുവിധ അനുകൂല സാഹചര്യമോ സമയമോ ഇല്ലാത്തപ്പോൾ പരിശുദ്ധ ആലോചനക്ക് കീഴിൽ പ്രാർത്ഥിക്കുക.
8 അഭിഷിക്ത ശുശ്രൂഷകളെ മാനിക്കുക.
9 മറ്റുള്ളവർ മുഖാന്തരം അനീതി, നിന്ദ, അപമാനം, നഷ്ടം, പക, ക്രോധം, നേരിടുമ്പോൾ സൗമ്യതയോടെ പ്രതികരിക്കുക
10 പണം കൈവശമുള്ളപ്പോൾ അർഹതയുള്ളവരെ സഹായിക്കുക.
11 ദൈവദാസന്മാരെ വലിയവരേയും ചെറിയവരേയും മാനിക്കുക

ഇതാണ് ദൈവികദൃഷ്ടിയിൽ വില എന്നു പറയുന്നത്. ഇതിനും അപ്പുറമായ അസാധാരണമായ വില ചിലപ്പോൾ ദൈവം ചോദിക്കാറുണ്ട്. അത് ആ രീതിയിൽ ഉയർന്നു നിൽക്കുന്ന ശുശ്രൂഷകരോട് മാത്രമേ ദൈവം ചോദിക്കൂ. അത് കൊടുക്കുന്നതിലൂടെ അവർ മാനിക്കപ്പെടുകയും ചെയ്യും. ധാരാളം ഉദാഹരണങ്ങളുണ്ട് അത് പിന്നീട് വിശദീകരിക്കാം.

യിസ്ഹാക്ക് വൃദ്ധനായി അവന്റെ കണ്ണ് കാണാൻ കഴിയാത്തവണ്ണം മങ്ങിക്കിടക്കുകയാണ്. യൗവ്വനകാലത്തിലും ശേഷവും വളരെ പ്രാഗൽഭ്യം ഉണ്ടായിരുന്നവർ വൃദ്ധരായിത്തീർന്ന സമയത്ത്

പ്രാഗൽഭ്യം നഷ്ടപ്പെട്ട് നിൽക്കുന്നത് കാണാം. കാരണം എന്താണ്. യൗവ്വനകാലത്ത് ദൈവത്തിന് വിലകൊടുത്ത് നിന്നതുപോലെ പ്രായമായ സമയത്ത് അവർ നിൽക്കുന്നില്ല എന്നത് തന്നെ കാരണം. യിസ്ഹാക്കിന് വേട്ടയിറച്ചി ഒരു ബലഹീനത ആയിരുന്നതുപോലെ മറ്റ് പല രൂപത്തിലുള്ള ബലഹീനതകൾ അവരെ ബാധിച്ചിരിക്കുകയാണ്. അതിൽ നിന്നും മോചനം നേടാൻ അവർ ശ്രമിക്കുന്നതുമില്ല.

യാക്കോബ് ഭക്ഷണം കൈയ്യിൽ പിടിച്ച് ഏശാവിന്റെ വിശേഷവസ്ത്രം ധരിച്ച്, യിസ്ഹാക്കിന്റെ മുമ്പിൽ ചെന്നു. ശബ്ദം ഒഴിച്ച് ബാക്കി എല്ലാം ഏശാവിന്റേതെന്ന് യിസ്ഹാക്ക് തിരിച്ചറിഞ്ഞു. കൂടുതൽ പരിശോധനയ്ക്ക് പോകാതെ ഭക്ഷണവും വീഞ്ഞും യാക്കോബിൽ നിന്ന് ഭക്ഷിച്ച് യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിക്കാൻ പോവുകയാണ്. മകനേ അടുത്തുവന്ന് എന്നെ ചുംബിക്കുക എന്ന് യിസ്ഹാക്ക് പറഞ്ഞു. അവന്റെ വസ്ത്രത്തിന്റെ വാസന തിരിച്ചറിഞ്ഞ്, ഏശാവ് അണ് എന്ന് ധരിച്ച് അവനെ അനുഗ്രഹിക്കുകയാണ്. ഇങ്ങനെ അനുഗ്രഹിക്കുമ്പോൾ യിസ്ഹാക്കിന്റെ ചിന്ത എന്തായിരിക്കാം .ദൈവത്തെ ഞാൻ തോല്പിച്ചു. മൂത്തവൻ ഇളയവനെ സേവിക്കും. എന്ന ദൈവിക പദ്ധതിയെ തകിടം മറിച്ചതിലുള്ള സന്തോഷം. ശത്രുവിന്റെ സന്തോഷം അവൻ അനുഭവിക്കുകയാണ്. ശത്രുവിന്റെ കൈയ്യിലെ ആയുധമായി അവൻ തീരുകയാണ്. ശത്രു കാണുന്നതിനും അപ്പുറമായതാണ് ദൈവത്തിന്റെ കൈവശം ഉള്ളതെന്ന് യിസ്ഹാക്ക് തിരിച്ചറിയുന്നില്ല. യിസ്ഹാക്ക് അനുഗ്രഹിക്കുകയാണ്. വംശങ്ങൾ നിന്നെ സേവിക്കട്ടെ. ജാതികൾ നിന്നെ വണങ്ങട്ടെ. നിന്റെ സഹോദരന്മാർക്ക് പ്രഭുവായിരിക്ക. അനുഗ്രഹം തന്റെ മേൽ വന്ന ഉടനെ യാക്കോബ് അവിടെ നിന്ന് മാറിപ്പോയി.

ഏശാവ് രുചികരമായ ഭക്ഷണവുമായി യിസ്ഹാക്കിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ യിസ്ഹാക്ക് അത്യന്തം ഭ്രമിച്ച് നടുങ്ങി എന്ന് വചനത്തിൽ കാണുന്നു .യിസ്ഹാക്ക് ആരെയായിരിക്കാം ഭയപ്പെട്ടത്. മറ്റ് ആരെയും അല്ല ദൈവത്തെത്തന്നെയാണ്. ഏശാവിനെ അനുഗ്രഹി

ക്കേണ്ടതിന് ആസൂത്രിതമായ പദ്ധതി തയ്യാറാക്കിയിട്ടും അനുഗ്രഹം യാക്കോബിന്റെ മേൽ തന്നെ ദൈവഹിതം അനുസരിച്ച് വന്നു. ദൈവിക പദ്ധതിക്കെതിരെ മാനുഷിക പദ്ധതിയിൽ എന്ത് ചെയ്താലും ഫലിക്കുകയില്ല എന്ന അറിവ് അവനെ ഭയപ്പെടുത്തി. യിസ്ഹാക്ക് ഭയപ്പെട്ട് ഭ്രമിച്ച് പോയി.

ഇത് പോലെ മറ്റ് ഒരു വിഷയത്തിൽ ദാവീദ് ഭയപ്പെട്ട് പോയി. ദൈവത്തിന്റെ പെട്ടകം കിര്യാത്ത് യെയാരീമിൽ നിന്ന് കൊണ്ടുവരേണ്ടതിന് ദാവീദ് എല്ലാവരേയും കൂട്ടി വരുത്തി. ഒരു പുതിയ വണ്ടിയിൽ കയറ്റി ദൈവത്തിന്റെ പെട്ടകം കൊണ്ട് വരികയാണ്. കീദോൻ കുളത്തിന് സമീപം വച്ച് കാള വിരണ്ടു. പെട്ടകത്തിന് ദോഷം ഉണ്ടാകാതെയിരിക്കുവാൻ ഉസ്സ പെട്ടകം പിടിപ്പാൻ കൈ നീട്ടി യഹോവ അവനെ ബാധിച്ചു. അവൻ മരിച്ചുപോയി. അന്ന് ദാവീദ് ദൈവത്തെ ഭയപ്പെട്ടുപോയി. 1 ദിന 13.12

ദൈവത്തിന്റെ ആലോചന ചോദിക്കാതെ, വചനത്തിന് വിരുദ്ധമായി പുരോഹിതന്മാരും ലേവ്യരും പെട്ടകം ചുമക്കേണ്ടതിന് പകരമായി കാളവണ്ടിയിൽ യഹോവയുടെ പെട്ടകം കയറ്റി. ഉസ്സ പെട്ടകം പിടിപ്പാൻ കൈ നീട്ടിയത് മുഖാന്തരം മരിച്ചത് ദാവീദിനെ ഭയപ്പെടുത്തി കളഞ്ഞു. ഈ രൂപത്തിലും ഭാവത്തിലും ദൈവപ്രവൃത്തി വെളിപ്പെടാത്തതിനാൽ ഇന്ന് അനേകർക്ക് ദൈവത്തെ ഭയമില്ല.

എലീശ ഗേഹസിയോട്,നീ എവിടെ പോയിരുന്നു. ആ പുരുഷൻ രഥത്തിൽ നിന്നിറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോട് കൂടെ പോന്നിരുന്നില്ലയോ. ദ്രവ്യം സമ്പാദിപ്പാനും, വസ്ത്രം, ഒലിവ് തോട്ടം, മുന്തിരി തോട്ടം, ആട് മാടുകൾ, ദാസീദാസന്മാർ എന്നീവക മേടിപ്പാൻ ഇതാകുന്നുവോ സമയം. ആകയാൽ നയമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും ഇരിക്കും എന്ന് പറഞ്ഞു. അവൻ ഹിമം പോലെ വെളുത്ത് കുഷ്ഠരോഗിയായി അവനെ വിട്ട് പോയി. 2 രാജാ 5.25.27 .ഈ സ്വഭാവത്തിലുള്ള ന്യായ

വിധി ദൈവഗൃഹത്തിൽ ആരംഭിക്കുന്ന സമയം ദൈവത്തെ ഭയപ്പെടാത്ത ചിലർ ദൈവത്തെ ഭയപ്പെടും.

വൈരാഗ്യ ബുദ്ധിയാൽ ഏശാവ് യാക്കോബിനെ കൊല്ലും എന്ന വിവരം റിബേക്ക അറിഞ്ഞപ്പോൾ യാക്കോബിനെ വിളിപ്പിച്ച് നിന്റെ സഹോദരൻ ഏശാവ് നിന്നെ കൊന്ന് പകവീട്ടാൻ ഭാവിക്കുന്നു. ആകയാൽ എന്റെ മകനെ എഴുന്നേറ്റ് ഹാരാനിൽ എന്റെ സഹോദരനായ ലാബാന്റെ അടുക്കലേക്ക് ഓടിപ്പോകുക. നിന്റെ സഹോദരന്റെ ക്രോധം ശമിക്കുവോളം കുറേനാൾ അവന്റെ അടുക്കൽ പാർക്കുക എന്ന് പറഞ്ഞു. ഏശാവ് യാക്കോബിനെ കൊന്നാൽ ദൈവിക വാഗ്ദത്തം പൂർത്തിയാകില്ല എന്ന് അറിയാവുന്ന റിബേക്ക യാക്കോബിനെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സുരക്ഷിതമായി ഒരിടം അവന് വേണ്ടി ഒരുക്കുന്നു. ആ വിവരം യാക്കോബിനെ പറഞ്ഞ് ധരിപ്പിച്ച് അതിനായിട്ട് അവനെ ബലപ്പെടുത്തുന്നു.

തുടർന്ന് യിസ്ഹാക്കിനെ കൊണ്ട് തന്നെ യാക്കോബിനെ പറഞ്ഞയപ്പിക്കുവാൻ മറ്റ് ഒരു പദ്ധതി അവൾ ഒരുക്കി. പിന്നെ റിബേക്ക യിസ്ഹാക്കിനോട് ഈ ഹിത്യ സ്ത്രീകൾ നിമിത്തം (ഏശാവ് വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീകൾ) എന്റെ ജീവൻ എനിക്ക് അസഹ്യമായിരിക്കുന്നു. ഈ ദേശക്കാരത്തികളായ ഹിത്യസ്ത്രീകളെ യാക്കോബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിന് ജീവിക്കുന്നു എന്ന് പറഞ്ഞു. ദൈവത്തെ ഭയപ്പെട്ടിരിക്കുന്ന യിസ്ഹാക്ക് എന്തും അനുസരിക്കുവാൻ തയ്യാറായി നിൽക്കുകയാണ്. ഉടൻ തന്നെ യിസ്ഹാക്ക് യാക്കോബിനെ വിളിപ്പിച്ച് അവനെ അനുഗ്രഹിച്ച് പറഞ്ഞത്. നീ കനാന്യാസ്ത്രീകളിൽ നിന്ന് ഭാര്യയെ എടുക്കരുത് എന്ന് പറഞ്ഞ് ഹാരാനിലേക്ക് ലാബാന്റെ അടുക്കലേക്ക് പറഞ്ഞു വിട്ടു.അങ്ങനെ യാക്കോബ് സുരക്ഷിത ഇടമായ ഹാരാനിലേക്ക് പോയി.

യിസ്ഹാക്കിന്റെ ഭാഗത്ത് നിന്ന് ധാരാളം പാളിച്ചകൾ ഉണ്ടായിട്ടും വാഗ്ദത്ത നിവൃത്തിയിലേക്ക് അവൻ നടത്തപ്പെടാൻ ഒരു

കാരണം റിബേക്കയാണ്. റിബേക്ക നിർണ്ണായകമായ നിരവധി ഘട്ട ങ്ങളിൽ ശക്തമായി ഇടപെട്ട് ദൈവപദ്ധതിക്ക് വേണ്ടി നില കൊണ്ടു. റിബേക്കയുടെ സാന്നിധ്യം ഈ സമയങ്ങളിൽ ഇല്ലായിരുന്നുവെങ്കിൽ യാക്കോബ് അനുഗ്രഹത്തിലേക്ക് നീങ്ങുകയില്ലായിരുന്നു.

റിബേക്കയെപ്പോലെ ദൈവത്തിനുവേണ്ടി നിലകൊള്ളുന്ന പ്രാഗൽഭ്യം ഉള്ള ഒരു കൂട്ടം വാഗ്ദത്തം പ്രാപിച്ച സ്തീജനത്തെ ദൈവം എഴുന്നേൽപ്പിച്ചുവെങ്കിൽ കൊള്ളാമായിരുന്നു. അവർ മുഖാന്തരം കുടുംബങ്ങൾ പണിയപ്പെടുന്നു. സഭകൾ പണിയപ്പെടുന്നു. രാജ്യങ്ങൾ സമൃദ്ധി കൈവരിക്കുന്നു. ദൈവികശുശ്രൂഷയും ദൈവവും ദേശത്ത് മാനിയ്ക്കപ്പെടുന്നു. ഭാവിയിൽ ഇത് സംഭവിച്ചെങ്കിൽ കൊള്ളാമായിരുന്നു.

*********

# യാക്കോബ് ഒരു പോരാളി

ഒരു പോരാളി തന്റെ ജനനം മുതൽ പോരാട്ടത്തെ നേരിടേണ്ടി വരും. എവിടെ ഒരു അഭിഷിക്തൻ ജനിക്കുന്നുവോ അവിടെ ഒരു എതിർ അഭിഷേകവും ജനിക്കുന്നു. മോശയുടെ ജനന സമയത്ത് ഒരു എതിർ അഭിഷേകവുമായി ഒരു മിസ്രയിം രാജാവ് പ്രത്യക്ഷപ്പെട്ടു. യേശുവിന്റെ ജനന സമയത്ത് എതിർ അഭിഷേകവുമായി ഹെരോദാവ് രംഗത്ത് വന്നു.

യാക്കോബ് തന്റെ ജനനം മുതൽ പോരാട്ടത്തെ അഭിമുഖീകരിച്ചവൻ. റിബേക്കയുടെ ഉദരത്തിൽ വച്ചു തന്നെ യുദ്ധം ആരംഭിക്കുന്നു. ''യിസ്ഹാക്കിന്റെ ഭാര്യ ഗർഭം ധരിച്ചു. അവളുടെ ഉള്ളിൽ ശിശുക്കൾ തമ്മിൽ തിക്കി''. ''ഒന്നാമത്തവൻ ചുവന്നവനായി പുറത്തു വന്നു. അവന് ഏശാവ് എന്ന് പേരിട്ടു ..... പിന്നെ അവന്റെ സഹോദരൻ പുറത്ത് വന്നു. അവന് യാക്കോബ് എന്ന് പേരിട്ടു''. ഉൽപത്തി: 25:25,26

ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയും ആയിരുന്നു. യാക്കോബ് സാധുശീലനും കൂടാര വാസിയും. ആത്മീകലോകത്തും രണ്ട് വിഭാഗം ശുശ്രൂഷകരും വിശ്വാസികളും ഉണ്ട്. ജഡികശക്തിയിലും ബുദ്ധിമണ്ഡലത്തിലും വ്യാപരിക്കുന്നവർ. ബലഹീനതയിലും ആത്മീകശക്തിയിലും ചലിക്കുന്നവർ. ഒരു കായികപോരാളിയെ പെട്ടെന്ന് തിരിച്ചറിയാം, എന്നാൽ ഒരു ആത്മീക പോരാളിയെ ആരംഭത്തിൽ മനസ്സിലാക്കാൻ കഴിയില്ല.

ജഡശക്തി ക്ഷയിച്ച് ബൗദ്ധീകസാമർത്ഥ്യം വെടിഞ്ഞ് പരിശുദ്ധാത്മാവിൻ കൂടാരത്തിൽ വസിക്കുന്ന ഒരു വ്യക്തിയിൽ ഒരു ആത്മീകപോരാളി ജനിക്കും. കുടാര വാസിയായ യാക്കോബ് തന്റെ പോരാട്ടം ആരംഭിക്കുകയാണ്. ആദ്യം അവൻ ജ്യേഷ്ഠാവകാശത്തിനായി പോരാടി. ശത്രുവന്റെ ബലഹീനത മന

സ്സിലാക്കി ഒരു ആയുധം പണിയിച്ച് അത് തക്ക സമയത്ത് ഉപയോഗിച്ചു. വേട്ട കഴിഞ്ഞ് ക്ഷീണിച്ച് വന്ന ഏശാവ് യാക്കോബിനോട് ആ ചുവന്ന പായസം എനിക്ക് കുറെ തരണം ഞാൻ ക്ഷീണച്ചിരിക്കുന്നു എന്ന് പറഞ്ഞു. ഉൽപത്തി:25:30. എന്നാൽ യാക്കോബ് ആ ചുവന്ന പായസത്തിന് പകരമായി ഏശാവിന്റെ ജ്യേഷ്ഠാവകാശം ചോദിച്ചു. ഏശാവ് അത് അവന് നൽകി.

ഇതാ യാക്കോബ് ഒരു ജയം നേടി. പരാജയപ്പെട്ട ശത്രു പ്രത്യാക്രമണത്തിന് തയ്യാറാകും. എതിരായി നിൽക്കുന്ന ദുഷ്ടശക്തികളെ പരാജയപ്പെടുത്താൻ എളുപ്പമാണ്. എന്നാൽ പ്രത്യാഘാതം അതിഭയങ്കരമായിരിക്കും. പൈശാചിക ശക്തിയെ പരാജയപ്പെടുത്തിയിട്ടുള്ള അനേകം ദൈവദാസൻമാർ അതേ ശക്തിയുടെ തന്നെ പ്രത്യാക്രമണത്തിന്റെ ആഴം മനസ്സിലാക്കാതെ, അതനുസരിച്ച് കോട്ട കാത്തു സൂക്ഷിക്കുവാൻ കഴിയാതിരുന്നിട്ടുള്ളവർ ഒന്നുകിൽ ശുശ്രൂഷയിൽ സ്തംഭിച്ചു പോകുകയോ, അല്ലെങ്കിൽ ശുശ്രൂഷയിൽ നിന്ന് നീക്കം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്.

പോരാളിയായ യാക്കോബ് അടുത്ത യുദ്ധം ആരംഭിക്കുന്നു. ശത്രുവിൻമേൽ ജയം കൊള്ളുന്നതിന് ദൈവം ചില അനുകൂല സാഹചര്യം ഒരുക്കും. യാക്കോബിനനുകൂലമായി റിബേക്ക എഴുന്നേറ്റ് രുചികരമായ ഭോജനം ഉണ്ടാക്കി യാക്കോബിനെക്കൊണ്ട് പിതാവായ യിസ്ഹാക്കിന് നൽകി. ഏശാവിന് നൽകുവാൻ വച്ചിരുന്ന അനുഗ്രഹം യിസ്ഹാക്കിൽ നിന്ന് യാക്കോബ് കൈവശപ്പെടുത്തി.

യാക്കോബ് വീണ്ടും ശത്രുവിന്റെ മേൽ ജയം കൊണ്ടു. ശത്രു പ്രത്യാക്രമണത്തിനായി തയ്യാറെടുക്കുന്നു. ഏശാവ് പറയുന്നു. ‘‘അവൻ രണ്ട് പ്രാവശ്യം എന്നെ ചതിച്ചു. എന്റെ ജ്യേഷ്ഠാവകാശം അപഹരിച്ചു. ഇപ്പോൾ എന്റെ അനുഗ്രഹവും കുടി അപഹരിച്ചുകളഞ്ഞു.’’ ഉൽപത്തി: 27:36. യാക്കോബിനെ താൻ കൊല്ലുമെന്ന് ഏശാവ് പറയുന്നു.

അഭിഷിക്തന്റെ മേൽ എതിരാളിക്ക് ധാരാളം പദ്ധതികളുണ്ട്. ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആരാണ്. എന്നാൽ ഏതു ജയത്തിനും ഒരു വില നൽകേണ്ടി വരും. അൽപ്പം കഷ്ടം സഹിക്കേണ്ടി വരും. സഹിഷ്ണുത ഏറെ ആവശ്യം.

അഭിഷിക്തന്റെ മേൽ എതിരാളിക്ക് ധാരാളം പദ്ധതികളുണ്ട്. അതിൽ നിന്നെല്ലാം യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു.

ആത്മീയ അനുഗ്രഹം നേടേണ്ടതിന് ഭൗതീക നന്മകൾ ത്യജിക്കേണ്ടി വരും. ദാനിയേൽ പറയുന്നു. ''ഞാൻ മൂന്ന് ആഴ്ച വട്ടം മുഴുവൻ ദുഃഖിച്ചുകൊണ്ടിരുന്നു. സ്വാദ് ഭോജനം കഴിക്കുകയോ, മാംസവും വീഞ്ഞും ആസ്വദിക്കുകയോ ചെയ്തിട്ടില്ല. എണ്ണ തേച്ചിട്ടുമില്ല.'' ദാനി: 10:2,3. എന്നാൽ അതിന് ശേഷം അവൻ തല പൊക്കി നോക്കിയപ്പോൾ ദേഹം ഗോമേദകം പോലെയും മുഖം മിന്നൽ പ്രകാശം പോലെയും കണ്ണ് തീപ്പന്തം പോലെയും, ഊഫാസ് തങ്കം കൊണ്ട് അരക്കച്ച കെട്ടിയ ഒരു പുരുഷനെ കണ്ടു. ഈ ദർശനം ദാനിയേൽ മാത്രം കണ്ടു. ഏറ്റവും പ്രിയ പുരുഷനായ ദാനീയേലേ എന്ന ഒരു വിളി അവൻ കേട്ടു. ഭാവികാലത്തേക്കുള്ള ഒരു വലിയ ദർശനം അവൻ പ്രാപിക്കുകയും ചെയ്തു.

യാക്കോബ് ആത്മീക വിജയം നേടി എന്നാൽ ഭൗമികമായത് അവന് നഷ്ടപ്പെട്ടു. തന്റെ അമ്മ യാക്കോബിനോട് പറയുന്നു. ''മകനേ നീ എഴുന്നേറ്റ് ഹാരാനിൽ നിന്ന് എന്റെ സഹോദരനായ ലാബാന്റെ അടുക്കലേക്ക് ഓടിപോക. നിന്റെ സഹോദരന്റെ ക്രോധം ശമിക്കുവോളം കുറെ നാൾ അവിടെ പാർക്കുക.'' ഉൽപ്പത്തി: 27:43. യാക്കോബിന് സ്വന്തം ഭവനം നഷ്ടപ്പെട്ടു. സ്വന്തം ദേശം നഷ്ടപ്പെട്ടു. തന്നെ സ്നേഹിച്ച് സംരക്ഷിച്ച മാതാവിനേയും അവന് നഷ്ടപ്പെട്ടു.

ഒരു വാതിൽ അടയുമ്പോൾ മറ്റ് ഒരു വാതിൽ തുറക്കും. എല്ലാ വാതിലും

ഒരേ സമയം ഒരിക്കലും അടയുകയില്ല. എന്നാൽ അടഞ്ഞ വാതിലിൽ നിന്ന് തുറക്കപ്പെട്ട വാതിലിലേക്കുള്ള യാത്ര കല്ലും മുള്ളും നിറഞ്ഞതായിരിക്കും. തുറക്കപ്പെട്ട വാതിലിൽ നിന്ന് വെളിപ്പെടുവാനിരിക്കുന്ന നന്മയുടെ അളവിനനുസരിച്ച് യാത്ര ദുർഘടമായിരിക്കും. പല ദൈവ ഭക്തന്മാരും ഇവിടെ തകർന്ന് പോയിട്ടുണ്ട്. മിസ്രയിമിൽ നിന്ന് പുറപ്പെട്ടവർ കനാൻ ദേശത്ത് എത്തുന്നതിന് മുമ്പ് തകർന്ന് പോയി.

ഏതൊരു യാത്രയും ധാരാളം അനുഭവങ്ങൾ തരുന്നവയാണ്. അത് ഒരു പരിശീലന കേന്ദ്രവും കൂടിയാകുന്നു. അത് മനസ്സിലാക്കി ജീവിതരീതി ക്രമീകരിക്കുന്നവർ നന്മ പ്രാപിക്കും. ആത്മീയത്തിലെ ഒരു അളവിൽ നിന്ന് മറ്റ് ഒരു ഉയർന്ന അളവിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തകർക്കപ്പെട്ട് പോകാവുന്ന നിരവധി സാഹചര്യങ്ങൾ, പ്രതികൂലങ്ങൾ വരും. അങ്ങനെ വന്നില്ലെങ്കിൽ ഉയർന്ന അളവിലേക്കല്ല താൻ സഞ്ചരിക്കുന്നത് എന്ന് അങ്ങനെയുള്ളവർ മനസ്സിലാക്കുവാൻ ശ്രമിക്കുക. പലരും നിഴലിനോട് യുദ്ധം ചെയ്യുന്നത് പോലെയാണ്. നിഴലിൽ നിന്ന് ഒരു എതിർപ്പും ഉണ്ടാകുകയില്ല. എന്നാൽ ശത്രുവിനോട് നേരിട്ട് ഒന്ന് എതിർത്തുനോക്കുക. മുറിവ് ഉണ്ടാകുമോ എന്ന് നോക്കാം. മുറിവ് ഉണ്ടാകും, ഉണ്ടാകണം.

യാക്കോബ് അടഞ്ഞ വാതിലിന്റെ മുമ്പിൽ നിന്ന് തുറക്കപ്പെട്ട വാതിലായ ഹാരാനിലെ ലാബാന്റെ ഭവനത്തിലേക്ക് യാത്ര പുറപ്പെടുകയാണ്. യാത്രയിൽ താൻ ഏകനാണ്. പരിചയം ഇല്ലാത്ത വഴി. കൂട്ടത്തിൽ ശൂരത്വം കാണിക്കുന്നവർ ഏകനായിരിക്കുമ്പോൾ അവന്റെ ഭീരുത്വം വെളിപ്പെടും. ഏകനായിരിക്കുന്ന സമയത്ത് നിന്റെ ശൂരത്വം വെളിപ്പെടുത്തുക. ദൈവത്തോട് കൂടെ സഞ്ചരിച്ച അനേകം ഒറ്റയാൻമാർ ഉണ്ട്. ജോസഫ്, ഏലിയാവ്, ഏലീശ .. .. . . . . . . . . . . . .

യാക്കോബ് ഏകനായി യാത്ര പുറപ്പെട്ടു. പരിചയമില്ലാത്ത സ്ഥലം. സൂര്യൻ അസ്തമിക്കാറായി. ആ സ്ഥലത്തെ കല്ലുകളിൽ ഒന്നെടുത്ത് തലയണ

യായി വച്ച് കിടന്നുറങ്ങി. പൗലോസ് പറയുന്നു. ‘‘താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്ക് അറിയാം. തൃപ്തനായിരിപ്പാനും, വിശന്നിരിപ്പാനും, സമൃദ്ധിയിൽ ഇരിപ്പാനും, ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.’’ ഫിലി :4: 12:13. ഈ ഒരു ജീവിത രീതി നമ്മളിൽ രൂപപ്പെടട്ടേ.

തന്റെ ആശ്രയമായ മാതാവിനോട് പറ്റിയിരുന്നവൻ അത് നഷ്ടപ്പെട്ട് ചില പരുക്കൻ അനുഭവങ്ങളിൽ മേൽ അവന് തല ചായ്ക്കേണ്ടി വന്നു. അത് ഒട്ടും സുഖകരമല്ല. പക്ഷെ അവൻ യാഥാർത്ഥ്യത്തെ നേരിടുവാൻ തീരുമാനിച്ചു. കാരണം അവൻ ഒരു പോരാളി ആയിരുന്നു. എന്നാൽ അത്ഭുതകരമായ, കോരിത്തരിപ്പിക്കുന്ന ഒരു സ്വപ്നം അവൻ കണ്ടു. പരുക്കൻ അനുഭവത്തിൽ തല ചായ്ച്ച് ഉറങ്ങിയത് കൊണ്ട് ഒരു നന്മ പ്രാപിക്കുവാൻ കഴിഞ്ഞു. ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കോവണി അവൻ കണ്ടു.

ദൈവ രാജ്യത്തിലേക്കുള്ള വഴി ഇടുക്കമാണ്. ദൈവിക ശുശ്രൂഷ പ്രാപിക്കുന്നതിന് ഉള്ള വഴിയും ഇടുക്കമേറിയതാണ്. ഞെരുക്കുന്ന സാഹചര്യത്തെ ഭയപ്പെടരുത് . അവിടെ ഒരു നന്മ ഒളിച്ചിരിപ്പുണ്ട്. ആ സ്വപ്നത്തിലുടെ ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ള ബന്ധത്തിന്റ രഹസ്യം യാക്കോബിന് മനസ്സിലായി സ്വർഗ്ഗീയ ശുശ്രൂഷയുടെ രഹസ്യം പ്രാപിച്ചിട്ടുള്ളവർ ചുരുക്കം. കാരണം എല്ലാവർക്കും പ്രാപിക്കുവാൻ കഴിയുന്ന സ്ഥലത്തല്ല അത് ഇരിക്കുന്നത്.

ഏത് ശുശ്രൂഷക്കും ഏത് ഒരു ശുശ്രൂഷകനും ഒരു രഹസ്യം ഉണ്ട്. അത് അവനും ദൈവത്തിനും മാത്രം അറിയുന്നതാണ്. മറ്റാർക്കും അത് അറിയത്തില്ല. ‘‘ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും. ഞാൻ അവന് വെള്ളക്കല്ലും ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ ഒരു പേരും കൊടുക്കും.’’ വെളി: 2:17. ആ ശുശ്രൂഷാ രഹസ്യത്തിന്റെ അളവിനനുസരിച്ചാണ് അവന്റ പരസ്യ ശുശ്രൂഷ വെളിപ്പെടുന്നത്. ചിലരിൽ അത് വട്ട പൂജ്യം ആയിരിക്കും. അവർ ബുദ്ധിയിൽ ആശ്രയിച്ച് ശുശ്രൂ

ഷിക്കും. ചിലരിൽ വ്യത്യസ്ത അളവിലാണ് ദൈവവും ആയുള്ള രഹസ്യം മറഞ്ഞിരിക്കുന്നത്. താമസിച്ചാണെങ്കിലും അത് പരസ്യമായി വെളിപ്പെടും. കാരണം ഗൂഢമായിരിക്കുന്നത് ഒന്നുമില്ല. അത് വെളിപ്പെടുക തന്നെ ചെയ്യും.

യാക്കോബ് ലാബാന്റെ ഭവനത്തിൽ എത്തുന്നതിന് മുമ്പ് ദൈവത്തിൽ നിന്ന് ചില വാഗ്ദത്തങ്ങൾ പ്രാപിച്ചു. ‘‘നീ കിടക്കുന്ന ഭൂമി നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടി പോലെയാകും. നീയും നിന്റെ സന്തതിയും മുഖാന്തരം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.’’ ഉൽപത്തി: 28:13 – 15. എത്തിപ്പെടേണ്ട സ്ഥലത്ത് ചെല്ലുന്നതിന് മുമ്പ് തന്നെ യാത്രയുടെ ലക്ഷ്യം പ്രാപിച്ചിരിക്കണം. ദൈവത്തിൽ നിന്ന് ലക്ഷ്യം പ്രാപിച്ചെടുത്താൽ യാത്ര എത്ര ദുർഘടം നിറഞ്ഞതാണെങ്കിലും തരണം ചെയ്യാൻ കഴിയും. ദാവീദ് പറയുന്നു, ‘‘എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും.’’

ദൈവത്തിൽ നിന്ന് വാഗ്ദത്തം പ്രാപിച്ച യാക്കോബ് അതികാലത്ത് എഴുന്നേറ്റ് തലയണയായി വച്ചിരുന്ന കല്ല് എടുത്ത് തൂണായി നിർത്തി അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന് ബഥേൽ എന്ന് പേർ വിളിച്ചു. ആദ്യം ആ പട്ടണത്തിന്റെ പേർ ലൂസ് എന്നായിരുന്നു. ഉൽപത്തി: 28:18,19.

വിശുദ്ധ ബൈബിൾ പരിശോധിക്കുമ്പോൾ നീണ്ട ഇരുപത് വർഷങ്ങൾക്ക് ശേഷമാണ് ആ ദേശം അവന് സ്വന്തമായത്. ‘‘അനന്തരം ദൈവം യാക്കോബിനോട് നീ പുറപ്പെട്ട് ബഥേലിൽ ചെന്ന് പാർക്കുക.’’ എന്ന് പറഞ്ഞു. ഉൽപത്തി: 35:1. യാക്കോബും കൂടെയുള്ള ജനവും കനാൻ ദേശത്തിലെ ലൂസ് എന്ന ബഥേലിൽ എത്തി. ഉൽപത്തി: 35:6.

ആ ഇരുപത് വർഷം താൻ പ്രാപിച്ച ദർശനത്തിന്റെ പൂർത്തീകരണത്തിന് വേണ്ടി ഒരു വലിയ വില താൻ നൽകി. ദർശനത്തിന്റെ പൂർത്തീകരണത്തിനായി അവൻ ദൈവ സന്നിധിയിൽ അഭയം പ്രാപിച്ച് ചില ഉടമ്പടികൾ സ്ഥാപിക്കുന്നു. ‘‘ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റ ആലയമാകും.

നീ എനിക്ക് തരുന്ന സകലത്തിനും ഞാൻ നിനക്ക് ദശാംശം തരും.'' ഉൽപത്തി: 28:22.

ദർശനം പ്രാപിച്ചവൻ ഒന്നാമത് ആരാധനക്ക് പ്രാമുഖ്യം നൽകുന്നു. രണ്ടാമത് അവൻ ദശാംശം നൽകുമെന്ന് പറയുന്നു. അനേകം ഭക്തൻമാർക്ക് ഒരു പോരാളിയായി തീരുവാൻ കഴിയാത്തത് മുകളിൽ പറഞ്ഞ ഈ രണ്ട് കാര്യങ്ങളുടെ അഭാവം ആണ്. ആരാധനയും ദശാംശവും. യാക്കോബ് യാത്ര തുടരുകയാണ്. വലിയ നന്മയിലേക്ക് കടന്ന് ചെല്ലുന്നത് വളരെ അപ്രധാനം എന്ന് നാം വിചാരിക്കുന്ന വഴിയിലൂടെയാണ്. ദൈവം എപ്പോഴും ഒരു ചെറിയ വഴി കാണിച്ച് തരും. അവിടെ അവസാനിക്കുവാനല്ല, ഒരു വഴിയിലേക്ക് എത്തിപ്പെടുവാൻ. ഇത് മറ്റൊരു സംഭവത്തിലൂടെ വിശദീകരിക്കാം.

ദാവീദും അവന്റെ ആളുകളും മൂന്നാം ദിവസം സിക്ലാഗിൽ എത്തിയപ്പോൾ അമാലോക്യർ തെക്കേ ദേശവും സിക്ലാഗും ആക്രമിച്ച് അതിനെ തീവച്ച് ചുട്ടു കളഞ്ഞു. സ്ത്രീകളെയും കുട്ടികളെയും പിടിച്ച് കൊണ്ടു പോയി. 1 ശമു: 30:1–3. ദാവീദ് വലിയ പ്രതിസന്ധിയിലായി. മൂന്ന് ദിവസം മുമ്പ് ശത്രു എവിടെ നിന്നോ വന്ന് അപഹരിക്കാവുന്നത് മുഴുവൻ അപഹരിച്ച് എവിടേക്കോ പോയി. ശത്രു എവിടെയാണെന്ന് മനസ്സിലാകുന്നില്ല, വെളിപ്പെടുന്നില്ല.

ദുഷ്ട ശക്തികളുടെ ഏറ്റവും വലിയ അടവുമുറ മറഞ്ഞിരുന്ന് ആക്രമിക്കുക എന്നതാണ്. മറഞ്ഞിരിക്കുന്നതിന് അവന് അനേകം തന്ത്രങ്ങൾ ഉണ്ട് . ശത്രു വെളിപ്പെടാത്തിടത്തോളം അവനോട് യുദ്ധം ഇല്ല. ഒന്നാമത്തെ യുദ്ധം മറഞ്ഞിരിക്കുന്നവനെ വെളിപ്പെടുത്തുക എന്നതാണ്. വെളിപ്പെട്ടു കഴിഞ്ഞാൽ യുദ്ധത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുകയായി.

ദാവീദും കൂടെയുള്ളവരും ദൈവത്തോട് ആലോചന ചോദിച്ച് യുദ്ധത്തിന് ഇറങ്ങി പുറപ്പെട്ടു. യുദ്ധത്തിനായി ഇറങ്ങി പുറപ്പെടുന്നവനെ ദൈവം

ഒരിക്കലും നിരാശനാക്കില്ല. ശത്രുവിന്റെ അടുത്തേക്കുള്ള ഒരു ചെറിയ വഴി അവന് തുറന്ന് കൊടുത്തു. അമാലോക്യർ മിസ്രയിമ്യനായ ഒരു ഭൃത്യനെ ദീനം പിടിച്ചത് കൊണ്ട് വഴിയിൽ ഉപേക്ഷിച്ച് പോയി. അവൻ മുഖാന്തരം ശത്രുവായ അമലോക്യരുടെ അടുത്തേക്കുള്ള വഴി വെളിപ്പെട്ടു. 1 ശമു: 30:13 – 16. മറഞ്ഞിരുന്ന ശത്രു ഒരു ചെറിയ വഴി മുഖാന്തരം ദാവീദിന് വെളിപ്പെട്ടു. ദാവീദ് അമാലോക്യരെ യുദ്ധം ചെയ്ത് തോൽപിച്ച്, അപഹരിക്കപ്പെട്ട് പോയത് സകലതും വീണ്ടെടുത്തു.

അതുപോലെ തന്നെ യാത്ര ആരംഭിച്ച യാക്കോബിന്റെ മുമ്പിലും ദൈവം ഒരു ചെറിയ വഴി തുറന്ന് കൊടുത്തു. യാക്കോബ് പ്രയാണം ചെയ്ത് കിഴക്കരുടെ ദേശത്ത് എത്തി. വെളിമ്പ്രദേശത്ത് ഒരു കിണർ കണ്ടു. ഉൽ: 29:1. ആ കിണർ തുടർന്നുള്ള അവന്റെ യാത്രക്ക് ഒരു ദിശാബോധം നൽകി. വെള്ളമുള്ള കിണറിന്റെ മുമ്പിലാണ് അവൻ കാത്തു നിന്നത്. വെള്ളമില്ലാത്ത കിണറിന്റെ മുമ്പിൽ കാത്തുനിൽക്കുന്നവർ നിരാശരാകും.

ആടുകളെ മേയിച്ചുകൊണ്ട് ഒരു പെൺകുട്ടി കിണറിനിരികിൽ വന്നു. ഹാമാനിലെ ലാബാന്റെ മകൾ റാഹേൽ ആയിരുന്നു അത്. ദൈവം നമുക്ക് വേണ്ടത് നമ്മുടെ മുമ്പിൽ എത്തിച്ചു തരും. വെള്ളമുള്ള കിണറിനെ തന്നെ ആശ്രയിക്കണം. പരിശുദ്ധാത്മാവാകുന്ന നദിയുടെ തീരത്ത് നിന്നു കൊള്ളുക. നിനക്ക് വേണ്ടിയുള്ള ഒരു ഉറവക്കണ്ണ്, ഒരു വഴി അവൻ തുറന്ന് തരും.

ഇതാ റാഹേൽ മുഖാന്തരം ലാബാൻ യാക്കോബിന്റെ മുമ്പിൽ വരുന്നു. വാഗ്ദത്തം പ്രാപിച്ചവൻ ആരുടേയും മുമ്പിൽ പോയി നിൽക്കേണ്ടതില്ല.
നിന്റെ മുമ്പിൽ നിനക്ക് വേണ്ടവരെ അവൻ കൊണ്ടുവന്നു നിർത്തും. ലാബാൻ പറയുന്നു ''നീ എന്റെ അസ്ഥിയും മാംസവും തന്നെ എന്ന് പറഞ്ഞു. അവൻ ഒരു മാസക്കാലം അവന്റെ അടുക്കൽ പാർത്തു.'' ഉൽപത്തി 29:14.

ഏത് യാത്രയുടേയും ഏത് ശുശ്രൂഷയുടേയും മദ്ധ്യേ ഒരു വിശ്രമ സമയം ഉണ്ട്. ഇതിന് മുമ്പുണ്ടായ യാത്രയിൽ നിന്ന് ലഭിച്ച മുറിവുകൾ മാറണം. ഒരു പുതിയ യുദ്ധത്തിനുള്ള ഒരുക്കം വേണം. അതേ, ഒരു വിശ്രമകാലം ഒരു പോരാളിക്ക് വളരെ ആവശ്യം.

താൻ എത്തിപ്പെട്ട സ്ഥലത്ത് ദൈവം എത്തിച്ച സ്ഥലത്ത് ഒരു യുദ്ധം ആരംഭിക്കുകയുണ്ടായി. കാരണം അവൻ ഒരു പോരാളി ആയത് കൊണ്ട് തന്നെ. ''നിന്റെ ഇളയ മകൾ റാഹേലിന് വേണ്ടി ഏഴ് സംവത്സരം ഞാൻ നിന്നെ സേവിക്കാം.'' എന്ന് യാക്കോബ് ലാബാനോട് പറഞ്ഞു. ഉൽപത്തി:29:18.

ദൈവം യാക്കോബിനെ ആഗ്രഹിച്ച തുറമുഖത്ത് എത്തിച്ചു. വിശാലമായ ദേശം അവന് ആവശ്യമായത് എല്ലാം അവിടെ ഉണ്ട്. ഒന്നാമത് അവൻ ഒരു ചെറുപ്പക്കാരൻ. അവന് ഒരു തുണ വേണം. രണ്ടാമത് പിന്തുടർച്ചവകാശമായി ഒരു തലമുറ. മൂന്നാമത് ആവശ്യമായ സമ്പത്ത്. ഇത് എല്ലാം ഉള്ള സ്ഥലത്ത് തന്നെയാണ് യാക്കോബ് എത്തിപ്പെട്ടത്. എന്നാൽ ഈ എല്ലാ നന്മകളും അനുഭവിക്കുവാൻ കഴിയാതെ ഒരു നിശ്ചിത ദൂരത്തിൽ അവനിൽ നിന്ന് മാറി നിൽക്കുകയാണ്.

ഒരു ദിവസം കൊണ്ട് എല്ലാം കൈവശമാക്കുവാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ യാക്കോബ്, ലാബാന്റ ഇളയ മകളായ റാഹേലിന് വേണ്ടി ഏഴ് സംവത്സരം സേവ ചെയ്യാം എന്ന് പറയുന്നു.

ഏഴ് സംവത്സരം വിശ്വസ്തനായി ലാബാനെ അവൻ സേവിച്ചു. പ്രതിഫലത്തിന് വേണ്ടി അവൻ കാത്തിരുന്നു. റാഹേലിന് പകരം അവളുടെ മൂത്ത സഹോദരി ലേയയെയാണ് ലാബാൻ അവന് നൽകിയത്. ചതിയെന്ന് യാക്കോബ് നിരൂപിച്ചു. എന്നാൽ ഇത് ദൈവിക പദ്ധതിയായിരുന്നു. നാം ചോദിക്കുന്നത് അത് പോലെ തന്നെ ലഭിക്കാതെ വേറെ രീതിയിൽ ആണ് ദൈവം എല്ലാം ലഭ്യമാക്കുന്നത്. ചരിത്രം പരിശോധിക്കുമ്പോൾ രുബേൻ, ശിമയോൻ, ലേവി, യഹൂദ,

യിസ്സാഖാർ, സെബുലുൻ എന്നീ ആറ് യുദ്ധ വീരന്മാരെയും അഞ്ച് ഗോത്രത്തെയും യാക്കോബിന് ലഭിച്ചത് ലേയയിലൂടെയാണ് എന്ന് കാണുന്നു.

പിന്നീട് ഏഴ് സംവത്സരം കൂടി റാഹേലിന് വേണ്ടി യാക്കോബ് ലാബാന് സേവ ചെയ്തു. അൽപം താമസിച്ചിട്ടാണെങ്കിലും ആഗ്രഹിച്ചതിനെ ദൈവം അവന് നൽകി. റാഹേൽ യാക്കോബിന്റെ ഭാര്യയായി തീർന്നു. യാക്കോബ് പ്രതീക്ഷിക്കാത്ത, ചോദിക്കാത്ത ഒരു നന്മ ഈ കാലത്തിനുള്ളിൽ അവന് ലഭിച്ചു. ലേയയുടെ കൂടെ സിൽപ എന്ന ദാസിയെയും, റാഹേലിന്റെ കൂടെ ബിൽഹ എന്ന ദാസിയെയും യാക്കോബിന് ലഭിച്ചു. അവരിലൂടെ ദാൻ, നാഫ്താലി, ഗാദ്, ആശേർ എന്നീ നാല് വീരൻമാരെയും അവരിലൂടെ നാല് ഗോത്രത്തേയും യാക്കോബിന് ലഭിച്ചു. ചോദിച്ചതിലും നിനച്ചതിലും അത്യന്തപരമായി ദൈവം യാക്കോബിനെ ആനുഗ്രഹിച്ചു.

യാക്കോബിന് മൂന്ന് സ്ത്രീകളിലൂടെ സന്തതിയെ ലഭിച്ചുവെങ്കിലും താൻ അധികം സ്നേഹിച്ച റാഹേലിൽ നിന്ന് ഒരു സന്തതിയെപ്പോലും യാക്കോബിന് ലഭിച്ചില്ല. റാഹേൽ യാക്കോബിനോട് പറയുകയാണ് എനിക്ക് മക്കളെത്തരേണം അല്ലെങ്കിൽ ഞാൻ മരിച്ചുപോകും. എന്തുകൊണ്ട് റാഹേലിന്റെ ഗർഭം തുറക്കുന്നില്ല. കാരണം ശത്രു അത് തടഞ്ഞിട്ടിരിക്കുകയാണ്. റാഹേലിലൂടെ ജനിക്കുന്ന ആദ്യസന്തതി യാക്കോബിനെ പോലെ തന്നെ വാഗ്ദത്തം പ്രാപിച്ചവനാണ് എന്നും അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുമ്പ് ദൈവം അവനെ തെരഞ്ഞെടുത്തു എന്നും മനസ്സിലാക്കിയ ശത്രു അഭിഷിക്തൻ ജനിക്കാതെ ഗർഭത്തെ അടച്ചു.

എന്നാൽ റാഹേൽ എനിക്ക് മക്കളെത്തരേണം അല്ലെങ്കിൽ ഞാൻ മരിച്ചു പോകും എന്ന് പറഞ്ഞ് നെടുമ്പാട് വീണ് കരഞ്ഞു. അവളുടെ കണ്ണുനീരിന്റെ ഫലം അവൾ കണ്ടു. ശത്രുവിനെ തകർക്കാൻ, അടഞ്ഞ വഴി തുറക്കാൻ, തടയപ്പെട്ട നന്മ പ്രാപിക്കുവാൻ ഇത്രയും ശക്തിയേറിയ മറ്റ് ഒരു ആയുധം

ദൈവം മനുഷ്യന് നൽകിയിട്ടില്ല. ദൈവം നൽകിയ ആയുധത്തെ വേണ്ടും വണ്ണം ഉപയോഗിക്കുവാൻ കഴിയാതെ നന്മ പ്രാപിക്കുവാൻ കഴിയാതെ അനേകർ കഴിഞ്ഞ് പോകുന്നു. എന്നാൽ റാഹേൽ നന്മ പ്രാപിച്ചു. അഭിഷിക്തൻ ജനിച്ചു. അവളനുഭവിച്ച നിന്ദയെ ദൈവം നീക്കി. അവളുടെ സന്തതിക്ക് യോസേഫ് എന്ന് പേരിട്ടു.

യോസേഫ് ജനിച്ചതിന് ശേഷം യാക്കോബ് ലാബാനോട് പറയുന്നു. എന്റെ സ്ഥലത്തേക്കും എന്റെ ദേശത്തേക്കും പോകുവാൻ എന്നെ അനുവദിക്കണം. അഭിഷിക്തൻ ജനിക്കുമ്പോഴേ, അഭിഷേകം വെളിപ്പെടുമ്പോഴേ എവിടെയാണ് താൻ പോകേണ്ടതെന്ന് നമ്മൾക്ക് മനസ്സിലാവുകയുള്ളൂ. എന്റെ ഭാര്യമാരെയും മക്കളെയും എനിക്ക് തരേണം എന്ന് യാക്കോബ് പറയുന്നു. അൽപം ചില അനുഗ്രഹങ്ങൾ പ്രാപിച്ച ഉടനെ യാക്കോബ് ഇറങ്ങി പുറപ്പെടാൻ തീരുമാനിക്കുകയാണ്. ഭാര്യമാരെ ലഭിച്ചു, തലമുറയെ ലഭിച്ചു. എന്നാൽ ഒരു നന്മയും കൂടെ അവിടെ നിന്ന് യാക്കോബ് പ്രാപിക്കേണ്ടതുണ്ട്. അതും കൂടെ പ്രാപിക്കാതെ ഇറങ്ങി പുറപ്പെട്ടാൽ വഴിയിൽ പട്ട് പോകും. ഇതൊന്നും യാക്കോബ് ഉൾക്കൊള്ളുന്നില്ല. അവന് പോകണം. യാക്കോബ് യാക്കോബിന്റെ പദ്ധതിക്ക് കീഴിലല്ല സഞ്ചരിക്കുന്നത്, ദൈവിക പദ്ധതിക്ക് കീഴിലാണ്. ദൈവമാണ് അവനെ നടത്തുന്നത്. യാക്കോബ് എന്ന് പോകണം, എങ്ങിനെ പോകണം എന്ന് ദൈവം നിശ്ചയിക്കുന്നു.

അത് കൊണ്ട് ദൈവം ലാബാനെ ഉപയോഗിച്ച് യാക്കോബിനെ വീണ്ടും തടയുന്നു. ദൈവിക പദ്ധതി മനസ്സിലാക്കിയ യാക്കോബ് ''നിന്റ ആട്ടിൻകൂട്ടത്തിന് വേണ്ടി ഞാൻ നിന്നെ സേവിക്കാം'' എന്ന് പറയുന്നു. ശത്രുവിന് മനസ്സിലാക്കുവാൻ കഴിയാത്ത തരത്തിൽ ചില പ്രത്യേക ഉപാധികൾ യാക്കോബ് ലാബാന്റെ മുമ്പിൽ വച്ചു. കോലാടുകളിൽ പുള്ളിയും മറുകും ഉള്ളതിനേയും ചെമ്മരിയാടുകളിൽ കറുത്തതിനെയും എനിക്ക് തരേണം എന്ന് യാക്കോബ് പറഞ്ഞു. ലാബാൻ അത് സമ്മതിച്ചു. ശത്രുവിന് ഗ്രഹിക്കുവാൻ കഴിയാത്ത തരത്തിൽ ചില

രഹസ്യ ശുശ്രൂഷകൾ യാക്കോബ് ചെയ്തു.

അവൻ വൃക്ഷ കൊമ്പുകൾ എടുത്ത് വെള്ള കാണത്തക്കവണ്ണം വെള്ള വരയായി തോലുരിച്ച് വെള്ളം പകരുന്ന തൊട്ടിയിൽ വച്ചു. ആടുകൾ വെള്ളം കുടിക്കുവാൻ വന്ന സ്ഥലത്ത് വച്ച് ഈ കൊമ്പുകളെ കണ്ട് കൊണ്ടു ചനയേറ്റു. അവിടെ വച്ച് ചനയേറ്റ ആടുകൾ വരയും പുള്ളിയും മറുകും ഉള്ള ആടുകളെ പ്രസവിച്ചു. ഇവയെ യാക്കോബ് വേർതിരിച്ച് സ്വന്തമാക്കി. അങ്ങിനെ അവൻ മഹാ സമ്പന്നനായി തീർന്നു. ഉൽപത്തി:30:43.

യാക്കോബ് ദൈവത്തിൽ നിന്ന് പ്രാപിച്ച് എടുത്ത ചില ശുശ്രൂഷാ രഹസ്യങ്ങൾ ശത്രു അറിയാതെ രഹസ്യമായി പ്രയോഗിച്ചു. ഈ രീതിയിലുള്ള ഒരു സംഭവം ഇതിന് മുമ്പ് ആരും ഉപയോഗിച്ചിട്ടില്ല. അത് കൊണ്ട് ശത്രുവിന് അത് അറിയത്തില്ല. ഇതു വരെ വെളിപ്പെട്ടിട്ടുള്ള ശുശ്രൂഷകളെ കുറിച്ച് ശത്രു അറിയുന്നു. ശത്രുവിനറിയത്തില്ലാത്ത ഇതുവരെ ലോകത്ത് വെളിപ്പെടാത്ത ശുശ്രൂഷകൾ വെളിപ്പെട്ടെങ്കിൽ മാത്രമേ ശത്രു കയ്യടക്കി വച്ചിരിക്കുന്ന കൂട്ടത്തെ വലിയ അളവിൽ വേർപ്പെടുത്തി എടുക്കുവാൻ കഴിയൂ. ദൈവ സന്നിധിയിൽ മറഞ്ഞിരിക്കുന്ന അനേകം രഹസ്യങ്ങൾ ഉണ്ട്. ദൈവത്തിൽ നിന്ന് മാത്രമേ അത് പ്രാപിച്ചെടുക്കുവാൻ കഴിയുകയുള്ളൂ.

പൗലോസ് പറയുന്നു അത് ഞാൻ മനുഷ്യരോട് പ്രാപിച്ചിട്ടില്ല. പഠിച്ചിട്ടുമില്ല. യേശു ക്രിസ്തുവിന്റെ വെളിപ്പാടിനാലണത്രേ പ്രാപിച്ചത്. ഗലാത്യ: 1:12. യേശുക്രിസ്തുവിൽ നിന്ന് നേരിട്ട് ശുശ്രൂഷ പ്രാപിച്ച് എടുത്ത പൗലോസ് സുവിശേഷ മണ്ഡലത്തിൽ ഒരു പുതിയ തുടക്കം കുറിച്ചു. ലോകം മുഴുവൻ ഒരു പ്രത്യേക അളവിൽ സഞ്ചരിച്ച് എല്ലാ വിഭാഗത്തിൽ പെട്ടവരെയും യവനൻമാരെയും, യഹൂദന്മാരെയും, ജാതികളെയും, രാജാക്കന്മാരെയും, അടിമകളെയും താൻ ക്രിസ്തുവിന് വേണ്ടി നേടി. ഈടുറ്റ ലേഖനങ്ങളിലൂടെ ആഴമേറിയ മർമ്മങ്ങൾ ഇന്നും ഗ്രഹിച്ച് എടുക്കുവാൻ കഴിയാത്ത അളവിൽ താൻ എഴുതി. ആ

ലേഖനങ്ങൾ വ്യാഖ്യാനിച്ച് ലക്ഷകണക്കിന് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു.

ഒരൊറ്റ മനുഷ്യൻ ദൈവത്തിൽ നിന്ന് പ്രാപിച്ച് എടുത്ത ശുശ്രൂഷാ വെളിപ്പാടുകൾ ശുശ്രൂഷാ മേഖലയിൽ ഒരു പുതിയ ചക്രവാളം തന്നെ സൃഷ്ടിച്ചു. ഇനിയും ധാരാളം ശുശ്രൂഷാ രഹസ്യങ്ങളും രഹസ്യ ശുശ്രൂഷകളും ദൈവ സന്നിധിയിൽ ഉണ്ട്. വിശ്വാസത്തിന്റെ അളവ് അനുസരിച്ച് അത് വെളിപ്പെട്ട് കൊണ്ടിരിക്കും. ശുശ്രൂഷാ രഹസ്യത്തിന്റെ ഒരു ചെറിയ മർമ്മം ഇവിടെ വിവരിക്കാം. ഒന്നാമത് ശുശ്രൂഷ വെളിപ്പെടുന്നത് കൃപക്ക് കീഴിൽ ആണ്. രണ്ടാമത് വിളിക്കനുസരിച്ചാണ് ശുശ്രൂഷാ ലഭിക്കുന്നത്. വിളിക്കനുസരിച്ച് സമർപ്പണവും സമർപ്പണത്തിനനുസരിച്ച് വിശുദ്ധിയും വിശ്വസ്തതയും ഉണ്ടെങ്കിൽ അതിനനുസരിച്ച് ദൈവിക ശുശ്രൂഷ വെളിപ്പെടും



## ദൈവീക ശുശ്രൂഷ

അസാധാരണമായ രീതിയിൽ യാക്കോബ് അനുഗ്രഹിക്കപ്പെട്ടു. അനുഗ്രഹിക്കപ്പെട്ടവൻ അനുഗ്രഹിക്കപ്പെടാത്തവന്റെ മുഖത്ത് നോക്കി. ''യാക്കോബ് ലാബാന്റെ മുഖത്ത് നോക്കി അത് തന്റെ നേരെ മുമ്പ് ഇരുന്നത് പോലെയല്ല എന്ന് കണ്ടു.'' ഉൽപത്തി:31:2. ഇത് മനുഷ്യൻ ഭൂമിയിൽ ജന്മം കൊണ്ട അന്ന് മുതൽ കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അനേകം ദൈവ ദാസന്മാർ ഇത് അനുഭവിച്ചു. അനുഭവിച്ച് കൊണ്ടിരിക്കുന്നു.

കർത്താവായ യേശുക്രിസ്തു അസാധാരണ അത്ഭുതങ്ങൾ ചെയ്തു. ഇത് ഭൂതങ്ങളുടെ തലവനെ കൊണ്ട് അവൻ ചെയ്യിപ്പിക്കുന്നതാണെന്ന് പുരോഹിത പ്രമാണിമാർ വിലയിരുത്തി നിരസിച്ചു. ഇന്നും ഭൂമിയിൽ വെളിപ്പെട്ട് കൊണ്ടിരിക്കുന്ന ശുശ്രൂഷകളെ പ്രമാണിമാർ വിലയിരുത്തി നിരസിച്ച് കൊണ്ടിരിക്കുന്നു. പിതാവ് വിശുദ്ധീകരിച്ച് ഭൂമിയിലേക്കയച്ച ക്രിസ്തുവിനെ നിരസിച്ച അതേ കൂട്ടം ഇന്നും സ്വർഗ്ഗം വിശുദ്ധീകരിച്ച് ശുശ്രൂഷക്കായി ഭൂമിയിലേക്കയച്ച വിശുദ്ധന്മാരെ നിരസിക്കുന്നു.

ശുശ്രൂഷകളെ നിരസിക്കുന്നവരുടെ മുമ്പിൽ ശുശ്രൂഷകൾ വെളിപ്പെടുത്തരുത്. അവിടെ നിന്ന് വിട്ട് നിൽക്കേണം. അല്ലെങ്കിൽ ദോഷം ചെയ്യും. ഇനി യാക്കോബ് അവിടെ നിന്നാൽ ദോഷമാണ്. എന്നതിനാൽ യഹോവ യാക്കോബിനോട് നിന്റെ പിതാക്കന്മാരുടെ ദേശത്തേക്ക് മടങ്ങി പോക എന്ന് കൽപിക്കുന്നു. ഉൽപത്തി: 31:3. ദൈവത്തിന്റെ കൽപന ലഭിച്ച ഉടനെ യാക്കോബ് ലേയയെയും റാഹേലിനെയും തന്റെ ആട്ടിൻ കൂട്ടത്തിന്റെ അടുക്കൽ വിളിച്ച് യഹോവയുടെ ആലോചന അവരെ അറിയിച്ചു. അങ്ങിനെ യാക്കോബും ഭാര്യമാരും മക്കളും ആട്ടിൻ കൂട്ടവും ഒരു യാത്ര ആരംഭിച്ചു.

ദൈവത്തിന്റ സാന്നിദ്ധ്യം അനുഭവിച്ച് ദൈവത്തിന്റെ വഴിയിൽ നടന്ന് ദൈവം പറയുന്നത് അനുസരിച്ച് പ്രവർത്തിച്ച യാക്കോബ് ഏകനായി ഹാരാനിൽ വന്നു. നീണ്ട 20 വർഷങ്ങൾക്ക് ശേഷം മഹാസമ്പന്നനായി തന്റ ഭാര്യമാരോടും മക്കളോടും ചേർന്ന് തനിക്ക് സ്ഥിരമായി പാർക്കുവാൻ ദൈവം നിശ്ചയിച്ച സ്ഥലത്തേക്ക് യാത്രയായി.

യാക്കോബ് ഓടിപോയ വിവരം അറിഞ്ഞ ലാബാൻ ഏഴ് ദിവസം തുടർച്ചയായി അവനെ പിന്തുടർന്ന് അവന്റെ ഒപ്പം എത്തി. ആ സമയത്ത് ലാബാൻ വിചാരിച്ചാൽ യാക്കോബിനെ പൂർണ്ണമായി ഇല്ലായ്മ ചെയ്യുവാൻ കഴിയുമായിരുന്നു. എന്നാൽ ശത്രു പാളയത്തിൽ ദൈവം ഭീതി അയച്ച് അവനെ സ്തംഭിപ്പിച്ചു. ലാബാൻ പറയുന്നു ''നിങ്ങളോട് ദോഷം ചെയ്യുവാൻ എന്റെ പക്കൽ ശക്തി ഉണ്ട്. എങ്കിലും യാക്കോബിനോട് ഗുണമെങ്കിലും ദോഷമെങ്കിലും ചെയ്യാതിരുപ്പാൻ സൂക്ഷിച്ച് കൊൾക എന്ന് നിങ്ങളുടെ പിതാവിന്റെ ദൈവം കഴിഞ്ഞ രാത്രിയിൽ എന്നോട് കൽപിച്ചിരിക്കുന്നു.'' ഉൽപത്തി: 31:29. യുദ്ധം യഹോവയ്ക്കുള്ളത് എന്ന് വചനം പറയുന്നു.

യാക്കോബ് ലാബാനോട് പറയുന്നു. എന്റെ പിതാവിന്റെ ദൈവമായി അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ഭയവുമായവൻ എനിക്ക് ഇല്ലാതിരുന്നെങ്കിൽ നീ ഇപ്പോൾ എന്നെ വെറുതെ അയച്ച് കളയുമായിരുന്നു. ദൈവം എന്റെ കഷ്ടതയും കൈകളുടെ പ്രയത്നവും കണ്ട് കഴിഞ്ഞ രാത്രി ന്യായം വിധിച്ചു. നീതിയുള്ള ന്യായാധിപതിയായ ദൈവം പോരാളിയായ യാക്കോബിന് അനുകൂലമായി ന്യായം വിധിച്ച് ശത്രുവിൽ നിന്ന് സംരക്ഷിച്ച് അവനെ അനുഗ്രഹമാക്കി തീർത്തു.

********

# യോസേഫ്
# ഫലപ്രദമായ ഒരു വൃക്ഷം

യോസേഫ് എന്ന തെരഞ്ഞെടുക്കപ്പെട്ട അഭിഷിക്തനിലൂടെ ദൈവം ചെയ്തെടുത്ത പദ്ധതികളുടെ രൂപരേഖയും അതിൽ നിന്ന് അഭിഷിക്തന്മാർ മനസ്സിലാക്കേണ്ടുന്ന ചില വസ്തുതകളുമാണ് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നത്.

മർക്കോസ് 4-ാം അദ്ധ്യായത്തിൽ ഒരു കടുക് മണിയെ കുറിച്ച് പറയുന്നു. അതിനെ മണ്ണിൽ വിതച്ച സമയത്ത് ഭൂമിയിലെ എല്ലാ വിത്തിലും വച്ച് അത് ചെറിയതായിരുന്നു. എങ്കിലും വിതച്ച ശേഷം ഏറെക്കാലം കഴിഞ്ഞ് അത് വളർന്ന് സകല സസ്യത്തിലും വലുതായിതീർന്ന് ആകാശത്തിലെ അശരണരായ പക്ഷികൾ അതിൽ വസിക്കുന്നു.

കടുക് മണിയോളം വലിപ്പം ഉള്ള ഒരു വിത്ത് ദൈവം മിസ്രയിമിൽ നടുവാൻ തീരുമാനിച്ചു. എന്നാൽ മിസ്രയിമിൽ ആ വിത്ത് എത്തുന്നതിന് മുമ്പ് ഇസ്രയേലിന്റെ ശിഷ്യത്വവും ഗുണവും വാഗ്ദത്തവും അവനിൽ നിറയണമായിരുന്നു. യോസേഫ് വാർദ്ധക്യത്തിലെ മകനാകകൊണ്ട് യിസ്രയേൽ എല്ലാ മക്കളിലും വച്ച് അവനെ അധികം സ്നേഹിച്ച് ഒരു നിലയങ്കി അവന് ഉണ്ടാക്കിച്ച് കൊടുത്തു. ഉല്പത്തി: 37:3. മിസ്രയിമിൽ വിതക്കപ്പെടുവാൻ പോകുന്നതിന് മുമ്പ് അവനിൽ പൂർണ്ണത രൂപം കൊള്ളണമായിരുന്നു. അതിന് വേണ്ടി ഒരു നിലയങ്കി അവന്റെ മേൽ വന്നു. ഇതാ മറ്റാർക്കും ഉല്ലാത്ത ഒരു

അഭിഷേകം, ഒരു സ്നേഹ സംരക്ഷണം, ഒരു മനോഹര സ്വപ്നം അവന് ലഭിച്ചു.

മറ്റാർക്കും ലഭിക്കാത്ത എന്തെങ്കിലും കൃപ ദൈവത്തിൽ നിന്ന് ലഭിച്ചെങ്കിൽ, മറ്റാർക്കും ലഭിക്കാത്ത എതിർപ്പ്, നിന്ദ, പക, തുടങ്ങിയവ തരാൻ ശത്രുവും മറുവശത്ത് ഉണ്ടാകും. യോസേഫിന് അത് ലഭിച്ചു. അവന്റെ സഹോദരൻമാർ അവനെ വെറുത്തു. അവനോട് സമാധാനമായി സംസാരിപ്പാൻ അവർക്ക് കഴിഞ്ഞില്ല.

യോസേഫ് ഒരു സ്വപ്നം കണ്ടു. അത് തന്റെ സഹോദരൻമാരെ അറിയിച്ചത് കൊണ്ട് അവർ അവനെ അധികം വെറുത്തു. ഉൽപത്തി: 37:5. അഭിഷിക്തന്മാർ മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം തങ്ങൾക്ക് രഹസ്യമായി ദൈവം തരുന്ന ദൈവീക ദൂത്, ദർശനം, ശുശ്രൂഷ, വെളിപ്പാടുകൾ, അന്യ ഭാഷയുടെ ആഴങ്ങൾ അത് ഇല്ലാത്ത, അത് ആഗ്രഹിക്കാത്ത, ജഡബുദ്ധി അനുസരിച്ച് ചലിക്കുന്നവർ മുമ്പാകെ വെളിപ്പെടുത്തുകയോ, പറയുകയോ ചെയ്യരുത്. അത് ദോഷം ചെയ്യും. വേണമെങ്കിൽ പരീക്ഷിച്ച് നോക്കുക. ദൈവം മുമ്പാകെ പ്രാർത്ഥനയിൽ ചെലവഴിക്കുമ്പോൾ തരുന്ന വെളിപ്പാട്, വിവിധ അന്യ ഭാഷകൾ, ആലോചന എന്നിവ ഇത് ഇല്ലാത്ത ഒരു വ്യക്തിയോട് തുടർച്ചയായി ഒന്ന് സംസാരിക്കുക. കുറച്ച് നാൾ കഴിയുമ്പോൾ ആ വ്യക്തി യാതൊരു കാരണവും കൂടാതെ നിന്റെ ശത്രുവായി എഴുന്നേറ്റ് വരും.

യോസേഫിന് ഇതൊന്നും പറഞ്ഞ് കൊടുക്കുവാൻ

ആരും ഇല്ലായിരുന്നു. അവൻ സൂര്യനും പതിനൊന്ന് നക്ഷത്രങ്ങളും തന്നെ നമസ്കരിക്കുന്ന സ്വപ്നം തന്റെ സഹോദരന്മാരോടും അപ്പനോടും പറഞ്ഞു. അവനെ ഏറ്റവും അധികം സ്നേഹിച്ച അവന്റെ അപ്പനായ യാക്കോബ് വരെ അവനെ ശാസിച്ചുവെന്ന് വചനം പറയുന്നു. ഉൽപത്തി: 37:10. അവനെതിരെ അവന്റെ സഹോദരൻമാരിൽ അസൂയ ജന്മമെടുത്തു. തനിക്കെതിരെ ശത്രുക്കളുടെ ഒരു നിര എഴുന്നേറ്റ കാര്യം യോസേഫ് അറിഞ്ഞില്ല. കാരണം ശുശ്രൂഷയിൽ അവൻ തുടക്കകാരനാണ്. അവന് എല്ലാം മനസ്സിലായി വരുന്നതേയുള്ളൂ.

യാക്കോബ് തന്റെ മറ്റ് പുത്രന്മാരുടെ അടുത്തേക്ക് ക്ഷേമം അന്വേഷിക്കുവാൻ യോസേഫിനെ അയക്കുകയാണ്. ഇതാ യോസേഫിനെ ഒടുക്കി കളയുവാൻ അവന്റെ അപ്പന്റെ മനസ്സിൽ പിശാച് കൊടുത്ത ആലോചന. ശുശ്രൂഷയിൽ തുടക്കകാർ ആയവർ തങ്ങൾക്ക് മുകളിൽ ഉള്ളവർ പറയുന്നത് അത് പോലെ തന്നെ ഏറ്റെടുക്കാതെ പരിശുദ്ധ ആത്മാവിനോട് ആലോചന ചോദിച്ചേ അത് സ്വീകരിക്കാവൂ. അല്ലെങ്കിൽ യോസേഫിന് പറ്റിയ വീഴ്ച നിനക്ക് ഭവിക്കും. അവൻ അപ്പന്റെ വാക്ക് കേട്ട് സഹോദരന്മാരുടെ അടുക്കൽ പോയി. യോസേഫിന്റെ സഹോദരന്മാർ ദൂരത്ത് വച്ച് യോസേഫിനെ കണ്ട് ചില കാര്യങ്ങൾ ചെയ്തു. അവർ അവനെ ദൂരത്ത് നിന്ന് കണ്ടിട്ട് അവനെ കൊല്ലേണ്ടതിന് അവൻ അടുത്ത് വരും മുമ്പേ അവന് വിരോധമായി ദുരാലോചന ചെയ്തു. ഉൽപത്തി: 37:18. ഇവിടെ ശത്രുവിന്റെ രഹസ്യമായ ഒരു പദ്ധതി വെളിപ്പെടുന്നു. എന്താണത് നാം അവനെ കൊന്ന് കുഴിയിൽ ഇടണം. ഉൽപത്തി 37:19. സഹോദരാ നിന്റെ ശുശ്രൂഷയിൽ ശത്രു വിരി

ച്ചിട്ടിരിക്കുന്ന പതിയിരിപ്പുകളെ കുറിച്ച് നിനക്ക് വിവേചനം ഉണ്ടായിരിക്കണം. ശുശ്രൂഷയോടുള്ള ബന്ധത്തിൽ നീ അവിടെ ചെല്ലുന്നതിന് മുമ്പേ നിന്നെ തകർക്കുവാൻ ശത്രുവിന് ഒരു പതിയിരിപ്പുണ്ടാകും.

എന്നാൽ യോസേഫിന്റെ നിഷ്കളങ്കതയും, ദൈവിക സംരക്ഷണം അവന്റെ മേൽ ഉള്ളത് കൊണ്ടും, പ്രാണന്റെ മേൽ കൈ വക്കുവാൻ പിശാചിന് അധികാരം ഇല്ലാത്തതിനാലും, യോസേഫിനെ അവർക്ക് കൊല്ലുവാൻ കഴിഞ്ഞില്ല. പക്ഷെ കുഴിയിൽ ഇടുവാൻ കഴിഞ്ഞു. അവർ അവന്റെ നിലയങ്കി ഊരി അവനെ കുഴിയിൽ ഇട്ടു. തന്റെ പിതാവ് കൊടുത്ത നിലയങ്കി അവർ ഊരിയെടുത്തു. പിശാച് എപ്പോഴും ദൃഷ്ടി വയ്ക്കുന്നത് ദൈവം നിനക്ക് എന്തെങ്കിലും തന്നിട്ടുണ്ടെങ്കിൽ അത് അപഹരിക്കുവാനാണ്. അഭിഷേകമോ, ശുശ്രൂഷയോ, ആരാധനാ പ്രാഗൽഭ്യമോ, ആത്മാവിന്റെ എന്തെങ്കിലും കൃപയോ തന്നിട്ടുണ്ടെങ്കിൽ അത് എങ്ങിനെ എങ്കിലും അപഹരിക്കുവാൻ ശത്രു ശ്രമിക്കും. നിന്റെ മേലുള്ള ദൈവത്തിന്റെ പദ്ധതി എന്താണെന്ന് മാത്രമല്ല നീ ദൈവത്തോട് ചോദിക്കേണ്ടത്. നിന്റെ മേൽ പിശാച് ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയെ കുറിച്ചും നീ ദൈവത്തോട് ചോദിക്കണം. അങ്ങിനെ ചോദിക്കുമ്പോൾ പിശാചിന്റെ പദ്ധതിയെ കുറിച്ച് ദൈവം നിനക്ക് മുന്നറിയിപ്പ് തരും. ദൈവം തരുന്ന മുന്നറിയിപ്പും, ശത്രുവിന്റെ പദ്ധതിയുടെ സ്വഭാവവും മനസ്സിലാക്കി അത് ശത്രു വെളിപ്പെടുത്തുന്നതിന് മുമ്പ് നീ അതിന്മേൽ ഉപവസിച്ച് പ്രാർത്ഥിച്ച് ജയിക്കണം. അങ്ങിനെ ചെയ്താൽ ശത്രുവിന് നിന്നെ ഒന്നും ചെയ്യുവാൻ കഴിയാത്ത രീതിയിൽ പ്രാഗൽഭ്യത്തിന്മേൽ പ്രാഗൽഭ്യം പ്രാപിച്ച് നീ മുന്നേ

റും. നീ മുഖാന്തരം അനേകരുടെ മേൽ ഉള്ള ശത്രുവിന്റെ പദ്ധതിയെ നിനക്ക് തകർക്കുവാൻ കഴിയും. ദൈവത്തിന്റെ കയ്യിലെ ഒരു യുദ്ധോപകരണമായി നീ മാറും.

വെള്ളമില്ലാത്ത പൊട്ടക്കുഴിയിൽ യോസേഫ് വീണു. ദൈവത്തിന്റെ പദ്ധതി പൂർണ്ണമായി നടപ്പിൽ വരുന്നതിന് വേണ്ടി പിശാചിന്റെ പദ്ധതിയെ താൽക്കാലികമായി നടപ്പിലാക്കുവാൻ ദൈവം അനുവദിക്കാറുണ്ട്. ദൈവത്തിന്റെ പദ്ധതി യോസേഫിനെ മിസ്രയിമിൽ നട്ട് അവനെ ഒരു ഫലപ്രദമായ ഒരു വൃക്ഷമാക്കി തീർക്കണം എന്നാണ്. അതിന് യോസേഫ് മിസ്രയിമിലേക്ക് പോയേ തീരൂ. അത് ദൈവിക പദ്ധതിയാണ്. അത് നടപ്പിലാക്കാൻ വേണ്ടിയാണ് പിശാചിന്റെ ആ പദ്ധതിയെ ദൈവം അനുവദിച്ചത്. “മിദ്യാന്യ കച്ചവടക്കാർ കടന്ന് പോകുമ്പോൾ അവർ യോസേഫിനെ കുഴിയിൽ നിന്ന് വലിച്ച് കയറ്റി യിശ്മായേല്യർക്ക് വിറ്റു, അവർ യോസേഫിനെ മിസ്രയിമിലേക്ക് കൊണ്ടു പോയി.” ഉൽപത്തി: 37:28. ഒരു ദുഷ്ട മൃഗം യോസേഫിനെ തിന്നു, അവൻ പറിച്ച് കീറിപ്പോയി എന്ന് യാക്കോബിനോട് അവർ പറഞ്ഞു. യാക്കോബ് ദു:ഖിച്ചു. യോസേഫിന് ഒരു കുഴപ്പവും സംഭവിച്ചിട്ടില്ല, എന്നിട്ടും അവർ പറയുന്നത് അവൻ തീർന്ന് പോയി, അവൻ ഇല്ല, അവന്റെ ജീവിതത്തിൽ ദുഷ് പ്രവൃത്തി ഉണ്ടായിരുന്നത് കൊണ്ട് ഒരു ദുഷ്ടമൃഗം അവനെ കടിച്ച് കീറി കൊന്നു എന്നാണ്. യോസേഫിന്റെ ശുശ്രൂഷക്ക് ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല. വെളിപ്പാട് നിന്നിട്ടില്ല, സ്വപ്നം നിന്നില്ല, വിശുദ്ധി പോയിട്ടില്ല, തീക്ഷ്ണത പോയിട്ടില്ല, ദൈവം അവനെ ശത്രുവിൽ നിന്ന് രക്ഷിച്ച്, സംരക്ഷിച്ച് ദൂരത്ത് നിർത്തിയിരിക്കുകയാണ്. എന്തിന് വേണ്ടി, വർഷ

ങ്ങൾക്ക് ശേഷം ഒരു വലിയ ശുശ്രൂഷ വെളിപ്പെടുത്താൻ. പക്ഷെ അവർ പറയുന്നത് എന്താണ്. അവന് ദൈവം ഒരൽപ്പം കൃപ കൊടുത്തു. അപ്പോൾ അവൻ അഹങ്കരിച്ചു. അങ്ങനെ അവൻ വീണ് പോയി എന്നാണ്. നിന്നെ കുറിച്ച് ഇല്ലാത്ത, സംഭവിക്കാത്ത കാര്യങ്ങൾ മറ്റുള്ളവർ പറയുമ്പോൾ നീ അതിനെതിരെ സംസാരിക്കാതെ ദൈവത്തിന്റെ കാൽപാദത്തിൽ വീണ് കിടന്ന് കൊള്ളുക. അവൻ നിന്നെ തക്ക സമയത്ത് ഉയർത്തും.

പിശാച് അഭിഷിക്തന്മാരെ കുറിച്ച് പറയുന്ന ഒരു വാചകമുണ്ട്. ‘‘അവൻ എപ്പോൾ മരിച്ച് അവന്റെ പേർ നശിക്കും എന്ന് എന്റെ ശത്രുക്കൾ എന്നെ കുറിച്ച് ദോഷം പറയുന്നു.’’ സങ്കീ: 41:5. ഇതിന് മുമ്പ് യോസേഫ് ജീവിച്ച സ്ഥലം പൂർണ്ണമായും അവന് നഷ്ടപ്പെട്ടു. എന്നാൽ മിസ്രയിമിൽ അവന് വേണ്ടി ഒരു വാതിൽ തുറക്കപ്പെട്ടു. ഫറവോന്റെ അകമ്പടി നായകനായ പോത്തീഫറിന്റെ ഭവനം അവനായി കാത്തിരിക്കുകയായിരുന്നു. അഭിഷിക്തൻ വളർന്ന് വരുവാൻ സംരക്ഷിക്കപ്പെടുവാൻ ദൈവം ആ നന്മ അവന് നൽകി. ഇതിന് മുമ്പ് സൂചിപ്പിച്ചിട്ടുള്ളത് പോലെ ദൈവം ഒരു നന്മ തന്നാൽ മറുവശത്ത് ശത്രുവും അതിനെതിരായി എന്തെങ്കിലും ചതിക്കെണി ഒരുക്കി വച്ചിട്ടുണ്ടാകും.

അഭിഷിക്തൻ എവിടെ ആയിരുന്നാലും അവന്റെ മേലുള്ള അഭിഷേകം ഫലം പുറപ്പെടുവിക്കും. ജോസഫിനോട് കൂടെ യഹോവ ഉണ്ടെന്നും, യഹോവ അവന്റെ സകല പ്രവൃത്തികളെയും സാധിച്ച് കൊടുക്കുന്നുവെന്ന് പോത്തീഫർ

കണ്ടിട്ട് അവനെ അവിടത്തെ ഗൃഹ വിചാരകനാക്കി. ദൈവത്തിന്റെ നന്മ അവൻ പ്രാപിച്ച് ഇതാ വളർന്ന് കൊണ്ടിരിക്കുന്നു. അതു പോലെ ശത്രുവിന്റെ ചതിക്കെണിയും വളർന്ന് കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ സഹോദരന്മാരാൽ ചതിക്കപ്പെട്ട് പൊട്ടക്കുഴിൽ വീണ യോസേഫല്ല, ഇപ്പോഴത്തെ യോസേഫ്. ശത്രുവിനെ കുറിച്ചും അവന്റെ ചതിക്കെണിയെ കുറിച്ചും അവനും പഠിച്ച് കഴിഞ്ഞു. ദൈവം അവനെ തികഞ്ഞവനാക്കി എടുത്തിരിക്കുന്നു. അവൻ താൻ ആയിരിക്കുന്ന മണ്ഡലത്തിൽ ഉള്ള സകല സാഹചര്യത്തെയും വിവേചിച്ചു. തനിക്ക് ചുറ്റുമുള്ള സകല വ്യക്തികളെയും പോത്തീഫർ മുതൽ അവന്റെ ഏറ്റവും ചെറിയ ദാസൻ വരെയുള്ളവരെ അവൻ വിവേചിച്ചു. ശത്രു ചതിക്കെണി ഒരുക്കുന്നു എന്ന് യോസേഫിന് മനസ്സിലായി. ശത്രു ഉപയോഗിക്കാൻ കണ്ട് വച്ചിട്ടുള്ള ആയുധം ഏതാണെന്ന് അവന് മനസ്സിലായി. അത് അലറുന്ന ഒരു സിംഹമായി ഏത് സമയത്തും തന്നെ വിഴുങ്ങുവാനായി ഒരുങ്ങി നിൽക്കുന്നു. ഇവിടെ വളരെ കരുതൽ വേണമെന്ന് യോസേഫിനറിയാം. ഇവിടെ പരാജയപ്പെട്ടാൽ തന്റെ സ്വപ്നവും ദർശനവും യാഥാർത്ഥ്യമാകാതെ സ്വപ്നമായി തന്നെ അവശേഷിക്കും. അവൻ ദൈവത്തെ തന്നെ അഭയം പ്രാപിച്ചു. ദൈവം അവനോട് പറഞ്ഞു, ശത്രുവിന്റെ ഉപകരണമായി തീർന്നിരിക്കുന്ന, ദൈവ ഭയമില്ലാത്ത ആ സ്ത്രീയെ നീ തൊടുകയോ, ആ സ്ത്രീ നിന്നെ തൊടുകയോ ചെയ്താൽ നീ അവരോടല്ല പാപം ചെയ്യുന്നത് എന്നോടാണ്. എന്നിൽ പാപം ഇല്ലാത്തിടത്തോളം കാലം നിന്നിലും പാപം കടക്കാതെ സൂക്ഷിക്കുവാൻ എനിക്ക് കഴിയും. അത് കൊണ്ട് ഭയപ്പെടണ്ട, ഭ്രമിക്കുകയും വേണ്ട എന്ന് ദൈവം ആലോചന പകർന്നു.

ശത്രുവിന്റെ പോരിന്റെ സ്വഭാവത്തെ നാലായി തിരിക്കാം.

1. തിൻമാൻ നല്ലതും കാൺമാൻ മനോഹരവും ആയിരുന്നു. ഉൽപത്തി: 3:6
2. അത് രഹസ്യ സ്വഭാവം ഉള്ളതായിരുന്നു, ആരും അറിയില്ല. ഉൽപത്തി:34:8
3. അത് ഒരു പ്രാവശ്യമല്ല അവനെ സമീപിച്ചത്. നിരന്തരമായി അവന്റെ അടുക്കൽ വന്ന് കൊണ്ടിരുന്നു. ഉൽപത്തി: 39:10
4. അത് ആക്രമണ സ്വഭാവവും വക്രബുദ്ധിയും നിറഞ്ഞ തായിരുന്നു. ഉൽപത്തി: 39:11,12.

ഇവിടെയും യോസേഫ് അൽപം പരാജയപ്പെട്ടു. സഹോ ദരന്മാർ മുഖാന്തരം ചതിക്കെണി വന്നപ്പോൾ അവന്റെ നിലയ ങ്കിയും നഷ്ടപ്പെട്ടു. കുഴിയിലും വീണു. പോത്തീഫറിന്റെ പത്നി മുഖാന്തരം ചതിക്കെണി വന്നപ്പോൾ ചതിക്കെണിയിൽ അവൻ വീണില്ല. പക്ഷെ അവന്റെ വസ്ത്രം നഷ്ടപ്പെട്ടു. ശത്രു വിന് അൽപം ഒരു പിടി ലഭിച്ചാൽ മതി അവൻ അത് വലു താക്കും. ആ സ്ത്രീ പറയുകയാണ് ''ആ എബ്രായ ദാസൻ എന്റെ അടുക്കൽ വന്നു, ഞാൻ ഉറക്കെ നിലവിളിച്ചപ്പോൾ അവൻ തന്റെ വസ്ത്രം എന്റെ അടുക്കൽ ഇട്ടേച്ച് ഓടിപ്പോയി''.

നമ്മുടെ ജീവിതത്തിൽ പാപം ഉണ്ടാകരുത് എന്ന് മാത്രം നാം ശ്രദ്ധിച്ചാൽ പോരാ, നമ്മുടെ ജീവിതത്തിൽ പാപം ഇല്ല എന്ന് മറ്റുള്ളവരെയും ബോദ്ധ്യപ്പെടുത്തുന്ന രീതിയിൽ നാം ജീവിക്കുകയും പ്രവർത്തിക്കുകയും വേണം.

പോത്തീഫറിന്റെ ഭവനം അവന് അടക്കപ്പെട്ടു. പക്ഷെ മറ്റൊരു വാതിൽ അവന് തുറന്നു. യോസേഫ് വിശ്വസ്തൻ ആയിരിക്കുന്നിടത്തോളം കാലം ശത്രു ഏതെല്ലാം വാതിൽ കൊട്ടിയടച്ചാലും ദൈവം അവന് വേണ്ടി ഒരു വാതിൽ തുറന്നി ട്ടിരിക്കും. അവൻ എത്തിപ്പെട്ട സ്ഥലത്തും അവന്റെ മേലുള്ള അഭിഷേകം ഫലം പുറപ്പെടുവിക്കാൻ തുടങ്ങി. ഇതാ കാരാഗൃഹ പ്രമാണി അവനെ അവിടത്തെ വിചാരകനാക്കി. ഒരു വല്ലാത്ത കാരാഗൃഹത്തിലാണ് അവൻ എത്തിപ്പെട്ടത് . അൽപം അധികാരം കിട്ടിയപ്പോൾ അട്ടഹാസം മുഴക്കുന്ന സ്വഭാവം ആയിരുന്നില്ല യോസേഫിന്റേത്. ആ സമയം മറ്റുള്ളവരെ ഭരി ക്കുവാൻ മെനക്കെടാതെ ദൈവവുമായി കൂടുതൽ സമയം ചെല വഴിക്കുവാൻ യോസേഫ് നിശ്ചയിച്ചു. ദൈവം ധാരാളം സ്വപ്ന ങ്ങളും, വെളിപ്പാടുകളും, വ്യാഖ്യാനങ്ങളും നൽകി അവനെ ബല പ്പെടുത്തി കൊണ്ടിരുന്നു. നീ ഇവിടെ ഒടുങ്ങി പോകേണ്ടുന്ന വനല്ല, ഈ കാരാഗൃഹം നിന്നെ വിഴുങ്ങുകയില്ല. നിനക്കായി ഒരു സിംഹാസനം ഞാൻ ഒരുക്കിയിട്ടുണ്ട് എന്ന് യോസേഫിന് ദൈവം അരുളപ്പാട് നൽകി കൊണ്ടിരുന്നു.

ഫറവോന്റെ രണ്ട് ഉദ്യോഗസ്ഥന്മാർ ശിക്ഷിക്കപ്പെട്ട് ആ കാരാഗൃഹത്തിൽ വന്നു. അവർ രണ്ട് സ്വപ്നങ്ങളെ ദർശിച്ചു. അത് രണ്ടിന്റെയും അർത്ഥം യോസേഫ് വ്യാഖ്യാനിച്ചു. അത് അതുപോലെ തന്നെ സംഭവിച്ചു. ഈ കാരാഗൃഹത്തിൽ നിന്ന് രക്ഷപ്പെട്ടാൽ കൊള്ളാം എന്ന ആഗ്രഹം യോസേഫിനുണ്ട്. അത് കൊണ്ട് അവൻ പാന പാത്ര വാഹക പ്രമാണിയോട് പറ യുകയാണ് "നീ ശുഭമായിരിക്കുമ്പോൾ എന്നെ ഓർത്ത് ഈ

കാരാഗൃഹത്തിൽ നിന്ന് എന്നെ രക്ഷിക്കേണം.'' പക്ഷെ അവൻ യോസേഫിനെ ഓർക്കാതെ മറന്നു കളഞ്ഞു. യോസേഫിന്റെ സകല പ്രതീക്ഷയും മങ്ങി. ആ സംഭവങ്ങൾ അവന് അൽപം പ്രത്യാശ നൽകിയിരുന്നു. അത് ഒന്നുമല്ലാതായി പോയല്ലോ എന്ന് ഓർത്ത് അവൻ വിഷാദപ്പെട്ടു. വിഷാദം അവനെ കാർന്ന് തിന്ന് തുടങ്ങി. സദൃശ്യ വാക്യം 18:14-ൽ ''പുരുഷന്റെ ധീരത അവന്റെ ദീനത്തെ സഹിക്കും, തകർന്ന മനസ്സിനെയോ ആർക്ക് സഹിക്കാം.'' അതുപോലെ തന്നെ 17:22-ൽ ''തകർന്ന മനസ്സ് ഉണങ്ങിയ അസ്ഥി'' യെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. EzK: 37:11-ൽ ''ഞങ്ങളുടെ അസ്ഥികൾ ഉണങ്ങി ഞങ്ങളുടെ പ്രത്യാശക്ക് ഭംഗം വന്നു. ഞങ്ങൾ തീരെ മുടിഞ്ഞിരിക്കുന്നു'' എന്ന് ഇസ്രയേൽ ജനം വിലപിക്കുന്നു. ഇങ്ങനെ വിലാപ അനുഭവത്തിൽ ആയിരിക്കുന്നവരോട് പ്രവാചകൻ വിളിച്ച് പറയുന്നു ''എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്ന് നിങ്ങളെ ശവക്കുഴിയിൽ നിന്ന് കയറ്റുമ്പോൾ ഞാൻ യഹോവ എന്ന് നിങ്ങൾ അറിയും'' Ezk: 37:13.

കാരാഗൃഹത്തിൽ ആയിരുന്ന യോസേഫിന്റെ അടുത്തേക്ക് ഒരു കരം തേടി വന്നു. അത് ബലമുള്ള കരം ആയിരുന്നു. ആ ബലമുള്ള കരത്തിൻ കീഴിൽ അവൻ താണിരിക്കുകയായിരുന്നു, തക്ക സമയത്ത് ഉയർത്തപ്പെടുവാൻ. യോസേഫ് കാരാഗൃഹത്തിൽ ഇരുന്ന് ഇരുട്ടിന്റെ അനുഭവത്തിൽ സഞ്ചരിക്കുമ്പോൾ അവന് വേണ്ടി ഒരു പ്രഭാതം ഒരുക്കുവാൻ, വെളിച്ചങ്ങളുടെ പിതാവായ ദൈവം ഫറവോന്റെ രാജ കൊട്ടാരത്തിൽ ചില പദ്ധതികൾക്ക് രൂപം കൊടുക്കുകയായിരുന്നു. ദേശത്ത് സംഭവിക്കാനിരിക്കുന്ന ചില അനർത്ഥങ്ങളെ കുറിച്ച്

സ്വപ്നത്തിലൂടെ യഹോവ രാജാവിന് വെളിപ്പെടുത്തി. ഫറവോൻെറ അധീനതയിൽപ്പെട്ട മന്ത്രവാദികൾക്കോ, ജ്ഞാന വാദികൾക്കോ ഇത് വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല.

ദൈവത്തിന്റെ വചനവും ദൈവം തരുന്ന സ്വപ്നവും വെളിപ്പാടും ദൈവത്തിന്റെ ആത്മാവ് ഉള്ളവർക്കേ വ്യാഖ്യാനിക്കുവാൻ കഴിയൂ. ജഢബുദ്ധി ജഢികമായത് വ്യാഖ്യാനിക്കും. വചനത്തിന്മേൽ ജ്ഞാനത്തിന്റെ വ്യാഖ്യാനം അന്ത്യ കാലത്ത് ദൈവം വെളിപ്പെടുത്തും. ദൈവാത്മാവ് ഉള്ള മനുഷ്യനെതേടി രാജാവ് അലയുകയാണ്. യോസേഫിനെ കുറിച്ച് അവന് അറിവ് കിട്ടി. ‘‘ഉടനെ ഫറവോൻ ആളെ അയച്ച് യോസേഫിനെ വിളിപ്പിച്ചു. അവർ അവനെ വേഗത്തിൽ കാരാഗൃഹത്തിൽ നിന്ന് ഇറക്കി, ക്ഷൗരം ചെയ്യിപ്പിച്ച്, വസ്ത്രം മാറ്റി ഫറവോന്റെ അടുക്കൽ എത്തിച്ചു.’’ ഉൽപത്തി: 41:14. ശത്രു വളരെ നാൾ ശ്രമിച്ചാണ് അവനെ കാരാഗൃഹത്തിൽ ആക്കിയത്. എന്നാൽ ദൈവം ഒരു നിമിഷം കൊണ്ട് അവനെ കാരാഗൃഹത്തിൽ നിന്നിറക്കി, ഫറവോന്റെ മുമ്പിൽ എത്തിച്ചു. യോസേഫ് ഫറവോനോട് പറയുകയാണ് ‘‘ഞാനല്ല, ദൈവം തന്നെ ശുഭമായ ഒരു ഉത്തരം നൽകും’’ എന്ന് പറഞ്ഞു. ഉൽപത്തി: 41:16. യോസേഫിന്റ സ്വപ്ന വ്യാഖ്യാനവും അതിന്മേലുള്ള ദൈവിക പരിഹാരവും ഫറവോന്റെ മുമ്പിൽ വെളിപ്പെട്ടു. ‘‘പിന്നെ ഫറവോൻ യോസേഫിനോട്, ദൈവം ഇതൊക്കെയും നിനക്ക് വെളിപ്പെടുത്തി. നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ള ഒരുത്തൻ ഇല്ല. നീ എന്റെ ഗൃഹത്തിന് മേലാധികാരിയാവും. ഇതാ മിസ്രയിം ദേശത്തിനൊക്കെയും നിന്നെ ഞാൻ മേലധികാരി ആക്കുന്നു.’’ ഉൽപത്തി: 41:39-41.

പതിനേഴ് വയസ്സ് മുതൽ മുപ്പത് വയസ്സ് വരെയുള്ള നീണ്ട കാലഘട്ടത്തിനുള്ളിൽ മിസ്രയിമിൽ വിതയ്ക്കപ്പെട്ട വിത്തായ യോസേഫ് ഫലപ്രദമായ ഒരു വൃക്ഷമായി വളർന്ന് നിന്നു. ‘‘ഭൂമിയിൽ എങ്ങും ക്ഷാമം കഠിനമായി തീർന്നത് കൊണ്ട് സകല ദേശക്കാരും ധാന്യം കൊള്ളുവാൻ മിസ്രയിമിൽ യോസേഫിന്റെ അടുക്കൽ വന്നു.’’ ഉൽപത്തി:41:57. ആ കൂടെ യാക്കോബിന്റെ പുത്രന്മാരും വന്ന് ചേർന്നു. തുടർന്ന് നടന്ന ചില പ്രത്യേക സംഭവ വികാസങ്ങളിലൂടെ യാക്കോബും അവന്റെ പുത്രീ പുത്രന്മാരും പൗത്രീ പൗത്രന്മാരും മിസ്രയിമിൽ വന്ന് ചേർന്നു. അവർ ആകെ എഴുപത് പേർ. ‘‘യോസേഫ് എന്ന ഫലപ്രദമായൊരു വൃക്ഷം, നീരുറവിനരികെ ഫലപ്രദമായ ഒരു വൃക്ഷം തന്നെ. അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു.’’ ഉൽപത്തി: 49:22.

********

# നിഷ്കളങ്കനായ മെഫീബോശെത്ത്

നിഷ്കളങ്കനായ മെഫീബോശെത്ത് എന്ന് പറയുന്നത് ശരിയാണോ എന്ന് വചനഭാഗങ്ങൾ വായിക്കുന്ന ഒരു വ്യക്തി ചോദിക്കാം. അഭിഷേകം നഷ്ടപ്പെട്ട, അഭിഷേക മണ്ഡലത്തിനെതിരെ ദോഷം വിതയ്ക്കുവാൻ ശ്രമിച്ച ശൗലിന്റെ ചെറുമകനായ മെഫീബോശെത്ത് നന്ദി ഇല്ലാത്തവനല്ലേ എന്നും ചോദിക്കാം. ലോദെബാരിൽ അമ്മീയേലിന്റെ മകനായ മാഖീരിന്റെ വീട്ടിൽ സകലവും നഷ്ടപ്പെട്ട് നിന്ന മെഫീബോശെത്തിനെ ദാവീദ് രാജാവ് വിളിച്ച് നിത്യവും രാജാവിന്റെ മേശയിങ്കൽ നിന്ന് രാജകുടുംബത്തിലെ ഒരംഗത്തെപ്പോലെ ഭക്ഷണം കഴിക്കുവാൻ അനുവാദം കൊടുത്തു. അബ്ശാലോം മുഖാന്തരം രാജാവിന് നാട് വിട്ട് പോകേണ്ടി വന്നപ്പോൾ, ദാവീദിന് പകരം ഞാൻ രാജാവാകും എന്ന് പറഞ്ഞ മെഫീബോശെത്ത് നന്ദികേടല്ലേ കാണിച്ചത് എന്ന് പ്രത്യക്ഷത്തിൽ ആർക്കും തോന്നും. മെഫീബോശെത്ത് നന്ദി ഇല്ലാത്തവനാണോ അതോ നിഷ്കളങ്കനാണോ എന്ന് ദൈവികജ്ഞാനത്തിന്റെ കീഴിൽ പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മെഫീബോശെത്തിനോട് ബന്ധപ്പെട്ട് കിടക്കുന്ന വചനഭാഗങ്ങൾ മൂന്നിടത്തായി കാണുവാൻ കഴിയും.

1. 2 ശമു:9:1–13
2. 2 ശമു:16:1–4

3. 2 ശമു:19:16–30

ശൗലിന്റെ അടുക്കൽ ദാവീദ് വന്ന് ചേർന്ന നാളിൽ ശൗലിന്റെ മകനായ യോനാഥാന്റെ മനസ്സ് ദാവീദിനോട് പറ്റിച്ചേർന്നു. ശൗൽ ദാവീദിന് ദോഷം വിതയ്ക്കുവാൻ പദ്ധതി ഒരുക്കിയപ്പോൾ യോനാഥാൻ ദാവീദിനെ സംരക്ഷിച്ച് രക്ഷപ്പെടുത്തി. വർഷങ്ങൾ കഴിഞ്ഞു. ശൗലും യോനാഥാനും യുദ്ധത്തിൽപ്പെട്ട് പോയി. ദാവീദ് ഇസ്രയേലിന് രാജാവായി തുടർന്നു.ദാവീദ് രാജാവ് പറയുന്നു,

ഞാൻ യോനാഥാന്റെ നിമിത്തം ദയ കാണിക്കേണ്ടതിന് ശൗലിന്റെ കുടുംബത്തിൽ ആരെങ്കിലും ശേഷിച്ചിരിക്കുന്നുവോ എന്ന് അമ്പേഷിച്ചു IISam:9:1. ശൗലിന്റെ ഗൃഹത്തിൽ സീബാ എന്ന് പേരുള്ള ഒരു ഭൃത്യൻ ഉണ്ടായിരുന്നു. അവന് 15 പുത്രന്മാരും 20 വേലക്കാരും ഉണ്ടായിരുന്നു. അവനെ ദാവീദ് രാജാവ് തന്റെ അടുക്കൽ വിളിച്ച് വരുത്തി. സീബ പറഞ്ഞു. രണ്ട് കാലും മുടന്തായിട്ട് യോനാഥാന്റെ ഒരു മകൻ മെഫീബോശെത്ത് ലോദേബാരിൽ അമ്മീയേലിന്റെ മകനായ മാഖീരിന്റെ വീട്ടിൽ ഉണ്ട്. ദാവീദ് മെഫീബോശെത്തിനെ വിളിച്ച് വരുത്തി. അവൻ ഭയപ്പെട്ട് ദാവീദിന്റെ മുമ്പിൽ വന്നു. ദാവീദ് പറഞ്ഞു, നീ ഭയപ്പെടേണ്ട, നിന്റെ അപ്പനായ യോനാഥാൻ നിമിത്തം ഞാൻ നിന്നോട് ദയ കാണിക്കുന്നു. ശൗലിന്റെ നിലം ഒക്കേയും നിനക്ക് മടക്കിത്തരുന്നു. കൂടാതെ നീ നിത്യവും എന്റെ മേശയിങ്കൽ നിന്ന് ഭക്ഷണവും കഴിച്ച് കൊള്ളേണം എന്ന് പറഞ്ഞു.

രാജാവിൽ നിന്ന് അസാമാന്യ ദയയുടെ വാക്കു

കൾ കേട്ടപ്പോൾ മെഫീബോശെത്ത് വിനയാന്വിതനാവുകയാണ്. ചത്ത നായെ പോലെ ഇരിക്കുന്ന അടിയനെ കടാക്ഷിപ്പാൻ അടിയൻ എന്തുള്ളൂ എന്ന് അവൻ പറഞ്ഞു. തന്റെ അവസ്ഥ കണ്ടറിഞ്ഞ് തന്നോട് ദയ കാണിച്ച ദാവീദ് രാജാവിന്റെ മുമ്പിൽ നന്ദി നിറഞ്ഞ നിഷ്കളങ്കതയുടെ വാക്കുകളാണ് മെഫീബോശെത്ത് പറഞ്ഞത്. തുടർന്ന് സീബയെ വിളിച്ച് നീയും നിന്റെ ഭൃത്യന്മാരും ചേർന്ന് ഞാൻ മെഫീബോശെത്തിന് നൽകിയ നിലത്ത് കൃഷി ചെയ്ത് നിന്റെ യജമാനന്റെ ഗൃഹത്തിന് ആവശ്യമായത് അതിൽ നിന്ന് എടുക്കേണം എന്ന് പറഞ്ഞു. മെഫീബോശെത്തും സീബയും നിഷ്കളങ്കരും വിശ്വസ്തരുമായി ഇപ്പോൾ നിലകൊള്ളുകയാണ്. പ്രതികൂല സമയത്ത് ഇവരിൽ എത്രപേർ വിശ്വസ്തരും നിഷ്കളങ്കരുമായി നിൽക്കും.

ദാവീദ് ഒരു പ്രതികൂലത്തെ നേരിടുകയാണ്. അവന്റെ മകൻ അബ്ശാലോം അവനെതിരെ കൂട്ട്കെട്ട് ഉണ്ടാക്കി. കൂട്ട്കെട്ട് ബലപ്പെടുന്നുയെന്നും തനിക്കും കൂടെ ഉള്ളവർക്കും പ്രാണനാശം സംഭവിക്കുവാൻ സാദ്ധ്യതയുണ്ടെന്നും മനസ്സിലാക്കിയ ദാവീദ് തന്റെകൂടെ നിൽക്കുന്ന വിശ്വസ്തന്മാരെ ചേർത്ത് രാജധാനിയിൽ നിന്ന് വനാന്തരത്തിലേക്ക് ജീവരക്ഷയ്ക്കായി പലായനം ചെയ്തു. ഈ പ്രതികൂല സമയത്താണ് നിഷ്കളങ്കരേയും വിശ്വസ്തരേയും തിരിച്ചറിയുവാൻ കഴിയുക. മെഫീബോശെത്ത് മുടന്തനായിരുന്നത് കൊണ്ട് എല്ലാ കാര്യങ്ങളും സീബയാണ് ചെയ്തിരുന്നത്. ദാവീദിന്റെ പ്രതികൂല സമയത്ത് സീബ കോപ്പിട്ട രണ്ട് കഴുതയുമായി, അവയുടെ

പുറത്ത് 200 അപ്പവും 100 ഉണക്കമുന്തിരിക്കുലയും 100 അത്തിയടയും ഒരു തുരുത്തി വീഞ്ഞും കയറ്റി ദാവീദിന്റെ മുമ്പിൽ വന്നു. ദാവീദ് സീബയോട് ഇത് എന്തിന് എന്ന് ചോദിച്ചു. അതിന് സീബ കഴുതകൾ രാജാവിന്റെ കുടും ബക്കാർക്ക് കയറുവാനും അപ്പവും പഴവും ബാല്യ ക്കാർക്ക് തിന്നുവാനും വീഞ്ഞ് മരുഭൂമിയിൽ ക്ഷീണിച്ച വർക്ക് കുടിപ്പാനും എന്ന് പറഞ്ഞു. II Sam:16:12.

പ്രതികൂല സമയത്ത് ഇത്രയും സമ്മാനങ്ങളുമായി ആശ്വാസ വാക്കുകളുമായി ഒരുവൻ മുമ്പിൽ വരുമ്പോൾ അവൻ വിശ്വസ്തൻ ആണെന്ന് ആർക്കും തോന്നിപ്പോ കും. ദാവീദ് അവനെ വിശ്വസ്തനായി കണ്ടു. തുടർന്ന് നിന്റെ യജമാനന്റെ മകനായ മെഫീബോശെത്ത് എവിടെ എന്ന് ചോദിച്ചു. ഇവിടെ സീബ ഉപായത്തിന്റെ വാക്കു കൾ ബുദ്ധിപൂർവ്വം ഉപയോഗിച്ചു. രാജാവിന്റെ പ്രതികൂല സമയത്ത് അവന് ചില സ്വാർത്ഥനേട്ടങ്ങൾ ഉണ്ടാക്കിഎ ടുക്കണമായിരുന്നു. അവൻ പറഞ്ഞു മെഫീബോശെത്ത് യരുശലേമിൽ പാർക്കുന്നു ഇസ്രയേൽഗൃഹം എന്റെ അപ്പന്റെ രാജത്വം ഇന്ന് എനിക്ക് തിരികെ തരും എന്ന് പറ യുന്നു.

ഇങ്ങനെ മെഫീബോശെത്ത് പറഞ്ഞിട്ടില്ല. മെഫീ ബോശെത്ത് സീബയോട് ഇങ്ങനെയാണ് പറഞ്ഞത്, കഴു തപ്പുറത്ത് കയറി രാജാവിനോട് കൂടെ പോകേണ്ടതിന് കോപ്പിടേണം എന്ന് അടിയൻ പറഞ്ഞു. II Sam:19:26. ഇതാണ് മെഫീബോശെത്ത് സീബയോട് പറഞ്ഞത്. എന്റെ അപ്പന്റെ രാജത്വം ഇസ്രയേൽ ഗൃഹം എനിക്ക് തരും എന്ന്

മെഫീബോശെത്ത് പറഞ്ഞിട്ടില്ല. അബ്ശാലോം സൈന്യബലത്താൽ വളരെ പ്രബലപ്പെട്ട് നിൽക്കുമ്പോൾ ഒരു കാരണവശാലും മെഫീബോശെത്ത് അങ്ങനെ പറയില്ല. അങ്ങനെ പറഞ്ഞാൽ അബ്ശാലോം ആദ്യം കൊല്ലുന്നത് മെഫീബോശെത്തിനെ ആയിരിക്കും. അതുമല്ല ഇസ്രയേൽ ഗൃഹം ശൗലിന്റെ കുടുംബത്തിന് അനുകൂലമല്ല. മെഫീബോശെത്തിന്റെ കൂടെ ഒരു പടയാളിപോലും ഇല്ല. അവന് അങ്ങനെ രാജാവാകണം എന്ന് ആഗ്രഹവും ഇല്ല. താൻ ഒരു മുടന്തൻ ആണെന്നും ഒരു ചത്തനായ് ആണ് എന്നും അവൻ തന്നെ എപ്പോഴും തന്നെക്കുറിച്ച് സാക്ഷ്യം പറയുന്നു. മുടന്തനായ തന്നെ ആരും രാജാവായി അംഗീകരിക്കില്ല എന്ന് അവന് വ്യക്തമായി അറിയാം. വെറുതെ മൂഢവാക്കുകൾ പറയുന്ന പ്രവർത്തിക്കുന്ന ഒരുവനല്ല മെഫീബോശെത്ത്. അവൻ വിശ്വസ്തനും നിഷ്കളങ്കനും ആണ്. അവൻ അറിയപ്പെടാതെ ഒതുങ്ങിക്കൂടി ജീവിച്ചവനാണ്. ദാവീദാണ് അവനെ രാജസന്നിധിയിൽ കൂട്ടിവരുത്തി അറിയപ്പെട്ടവനും വിശിഷ്ടനും ആക്കിത്തീർത്തത്.

ദാവീദിന്റെ പ്രതികൂല സമയത്ത് ദാവീദിന്റെ കൂടെ വനാന്തരത്തിലേക്ക് പോകുവാനാണ് മെഫീബോശെത്ത് ആഗ്രഹിച്ചത്, തീരുമാനിച്ചത്, പ്രവർത്തിച്ചത്. അതനുസരിച്ച് ദാവീദിന്റെ കൂടെ പോകുവാൻ കഴുതക്ക് കോപ്പിടുവാൻ മെഫീബോശെത്ത് സീബയോട് പറഞ്ഞു. മെഫീബോശെത്ത് നന്ദിയുള്ളവനായി നിഷ്കളങ്കതയിൽ ദാവീദിന്റെ കൂടെ പോകേണ്ടതിന് കഴുതക്ക് കോപ്പിടേണം എന്ന് സീബയോട് പറഞ്ഞപ്പോൾ സീബ തന്റെ കൂർമ്മ ബുദ്ധി

യിൽ ഒരു കാര്യം മനസ്സിലാക്കി മെഫീബോശെത്തിന് തന്നെ ദാവീദിന്റെ കൂടെ വനാന്തരത്തിലേക്ക് പോകാൻ കഴിയില്ല. താനും തന്റെ പുത്രന്മാരും അവന്റെ കൂടെ വനാന്തരത്തിലേക്ക് പോകേണ്ടിവരും. മെഫീബോശെത്ത് തന്നെ പോയാൽ താൻ ദാവീദിന്റെ മുമ്പിൽ അവിശ്വസ്തനും സ്വാർത്ഥ മോഹിയും ആകും. ഏതെങ്കിലും കാരണവശാൽ ദാവീദ് അബ്ശാലോമിനെ ജയിച്ച് തിരികെ വന്നാൽ തനിക്ക് ദോഷമാവുകയും ചെയ്യും. അതുകൊണ്ട് അവൻ തന്നെത്തന്നെ രക്ഷിക്കേണ്ടതിന് നിഷ്കളങ്കനും വിശ്വസ്തനുമായ ഒരുവനെ കുരുതി കൊടുക്കുകയാണ് അവനെ ദാവീദിന്റെ മുമ്പിൽ തെറ്റിദ്ധരിപ്പിക്കുകയാണ്. അവൻ ബുദ്ധിപ്പൂർവ്വം കരുക്കൾ നീക്കി. തനിക്ക് പോകേണ്ടതിന് കഴുതക്ക് കോപ്പിടേണം എന്ന് മെഫീബോശെത്ത് സീബയോട് പറഞ്ഞപ്പോൾ അവൻ ചെയ്തത് മറ്റ് ഒന്നാണ്. രണ്ട് കഴുതപ്പുറത്ത് 200 അപ്പവും 100 ഉണക്കമുന്തിരിയും 100 അത്തിഅടയും ഒരു തുരുത്തി വീഞ്ഞും കയറ്റി ദാവീദിന് കൊണ്ട്പോയികൊടുത്തു. മെഫീബോശെത്തിനെതിരെ ഉപായത്തിന്റെ കൂർമ്മബുദ്ധിയുടെവാക്കുകൾ പ്രയോഗിച്ചു. മെഫീബോശെത്ത് ദാവീദിന് പകരം രാജാവാകുവാൻ ആഗ്രഹിച്ച് യരുശലേമിൽ ഇരിക്കുകയാണ് എന്ന് പറഞ്ഞു. മെഫീബോശെത്തിന്റെ കൃഷി ഉൽപന്നങ്ങൾ ഉപയോഗിച്ച് മെഫീബോശെത്തിന് ദോഷം വരുത്തി തനിക്ക് നേട്ടം ഉണ്ടാക്കുവാൻ സീബ ശ്രമിച്ചു. തക്കസമയത്ത് കൂർമ്മ ബുദ്ധിയുടെ വാക്കുകൾ ഉപയോഗിച്ച് , നിഷ്കളങ്കനും വിശ്വസ്തനുമായ ഒരുത്തനെ മോശക്കാരനാക്കി അവൻ നേട്ടം ഉണ്ടാക്കി. രാജാവ് സീബയോട് പറഞ്ഞു ഇതാ മെഫീബോശെത്തിനുള്ളത് ഒക്കേയും

നിനക്കുള്ളതാകുന്നു എന്ന് പറഞ്ഞു II ശമു:16:4.

കൂർമ്മബുദ്ധിയിലും ഉപായത്തിലും സീബ വളരെ നേട്ടം ഉണ്ടാക്കി.

1. ദാവീദ് വിശ്വസ്തനായി സീബയെ കണ്ടു.
2. മെഫീബോശെത്തിനുള്ളത് ഒക്കേയും തനിക്ക് സ്വന്തമാക്കി
3. രാജാവിന്റെ കൂടെ കാട്ടിലേക്ക് പോകാതെ യരുശലേമിൽ സുഖമായി ജീവിക്കുവാൻ അവന് കഴിഞ്ഞു.

എന്നാൽ നിഷ്കളങ്കനും വിശ്വസ്തനും ആയ ഒരുവൻ വല്ലാതെ ഞെരങ്ങിപ്പോയി.

1. മെഫീബോശെത്ത് ദാവീദിന്റെ മുമ്പിൽ അവിശ്വസ്തനും അഹങ്കാരിയും സ്വാർത്ഥ മോഹിയും ആയി.
2. തനിക്ക് ഉണ്ടായിരുന്ന നിലം ഒക്കേയും അവന് നഷ്ടപ്പെട്ടു.
3. രാജാവ് വനാന്തരത്തിൽ തളർന്ന് ദു:ഖിച്ചിരിക്കുകയാണെന്ന് അറിഞ്ഞ് താൻ അവിശ്വസ്തരുടേയും അഹങ്കാരികളുടേയും സ്വാർത്ഥമോഹികളുടേയും ഗണത്തിലായിപ്പോയല്ലോ എന്ന് അറിഞ്ഞ് തന്റെ കാലിന് രക്ഷ ചെയ്യാതെ, താടി ഒതുക്കാതെ, വസ്ത്രം അലക്കാതെ രാജാവിനെ ഓർത്ത് നിരാശപ്പെട്ട് ഇരിക്കുന്നു.

തന്റെ നിലം നഷ്ടപ്പെട്ടതോർത്തൊന്നും അല്ല അവൻ നിരാശപ്പെട്ടിരിക്കുന്നത് എന്ന് അവന്റെ വാക്കുകൾ തന്നെ പറയുന്നു. നീയും സീബയും നിലം പകുത്തെ ടുത്ത് കൊൾവിൻ എന്ന് ദാവീദ് പറഞ്ഞപ്പോൾ മെഫീ ബോശെത്ത് പറയുകയാണ്, അല്ല, അവൻ തന്നെ മുഴു വൻ എടുത്ത് കൊള്ളട്ടേ, യജമാനനായ രാജാവ് സമാധാ നത്തോടെ അരമനയിൽ എത്തിയല്ലോ എന്ന് അവൻ പറഞ്ഞു. II Sam:19:29:30.

ഇനി സീബ ഉപായി ആണ് എന്നതിന്, ദാവീദിന്റെ വിശ്വസ്തനല്ല എന്നതിന് തെളിവുണ്ട്. ബഹൂരിമിലെ ബെന്യാമീന്യനായ ഗേരയുടെ മകൻ ശിമയി രാജാവിനെ എതിരേൽക്കുവാൻ ബദ്ധപ്പെട്ട് ചെന്നു. അവനോട് കൂടെ 1000 ബന്യാമീന്യരും സീബയും അവന്റെ 15 പുത്രന്മാരും 20 ഭൃത്യന്മാരും ഉണ്ടായിരുന്നു. II Sam:19:16,17. ആരാണ് ഗേരയുടെ മകനായ ശിമയി ? ദാവീദ് അബ്ശാ ലോമിനെ പേടിച്ച് വനാന്തരത്തിലേക്ക് പോകുമ്പോൾ അവനെ ശപിച്ച് അവന്റെ ഭൃത്യന്മാരെ കല്ലെറിഞ്ഞ നീച നാണ് ശിമയി. ഇതാ നിന്റെ ദോഷത്തിന്റെ ഫലം നിനക്ക് വന്ന് ഭവിച്ചിരിക്കുന്നു എന്ന് പറഞ്ഞ് ദാവീദിനെ ശപിച്ച വ്യക്തിയാണ് ശിമയി. II Sam:16:5-8.

രാജാവ് വനാന്തരത്തിൽ നിന്ന് അബ്ശാലോമിനെ ജയിച്ച് രാജ ധാനിയിലേക്ക് വരുമ്പോൾ എതിരേൽക്കു വാൻ സീബ ഈ ശിമെയിയുടെ കൂടെയാണ് വന്നത്. ദാവീദ് വനാന്തരത്തിൽ ദു:ഖിച്ച് കഷ്ടതയിലായിരുന്ന

പ്പോൾ, മെഫീബോശെത്ത് രാജാവിന്റെ കഷ്ടതകളെ യോർത്ത് നിരാശപ്പെട്ട് യരുശലേമിൽ ഇരിക്കുമ്പോൾ, സീബ യരുശലേമിൽ ദാവീദിനെ ശപിച്ച ഈ ശിമെയിയു മായി സഖ്യതയിലും രമ്യതയിലും സുഖവാസത്തിലും ആയിരുന്നു. ദാവീദ് ജയിച്ച് തിരികെ യരുശലേമിലേക്ക് വരുന്നതറിഞ്ഞ് തങ്ങൾക്ക് ദാവീദ് മുഖാന്തരം ദോഷമു ണ്ടാകാതെ ഇരിക്കുവാൻ അവർ സംഘം ചേർന്ന് അവനെ എതിരേറ്റ് ഞങ്ങൾ നിന്റെ വിശ്വസ്തരാണെന്ന് അവനെ ബോദ്ധ്യപ്പെടുത്തുകയാണ്. സീബക്ക് അത് സാധിച്ചു. അവൻ ദാവീദിന്റെ മുമ്പിൽ വിശ്വസ്തനായി. അത് കൊണ്ടാണല്ലോ ദാവീദ് നീയും സീബയും നിലം പകു ത്തെടുത്ത് കൊൾവിൻ എന്ന് പറഞ്ഞത്. നിഷ്കളങ്കനും വിശ്വസ്തനും ആയ മെഫീബോശെത്ത് ദാവീദിന്റെ മുമ്പിൽ അവിശ്വസ്തനും നന്ദി ഇല്ലാത്തവനും ആയി. അത് കൊണ്ടാണല്ലോ ദാവീദ് മെഫീബോശെത്തേ, നീ എന്നോട് കൂടെ വരാതെ ഇരുന്നത് എന്ത് എന്ന് ചോദിച്ച ത്. തന്റെ നിഷ്കളങ്കതയും വിശ്വസ്തതയും ദാവീദിന്റെ മുമ്പിൽ അവന് തെളിയിക്കുവാൻ കഴിഞ്ഞില്ല. അവൻ പറഞ്ഞു, യജമാനനായ രാജാവിന്റെ മുമ്പിൽ അടിയന്റെ പിതൃഭവനം ഒക്കെയും മരണയോഗ്യർ ആയിരുന്നു എങ്കിലും അടിയനെ അവിടുത്തെ മേശയിങ്കൽ ഭക്ഷിക്കു ന്നവരുടെ കൂട്ടത്തിൽ ആക്കി. തിരുമനസ്സ് ഇഷ്ടം പോലെ ചെയ്തുകൊള്ളുക എന്ന് അവൻ പറഞ്ഞു.

മെഫീബോശെത്തിനെ സംബന്ധിച്ചിടത്തോളം യജ മാനനായ ദാവീദ് സമാധാനത്തോടെ അരമനയിൽ തിരി ച്ചെത്തുക എന്നത് മാത്രമാണ് ആഗ്രഹം. അത് അവൻ

കണ്ടു. താൻ ദാവീദിന്റെ മുമ്പിൽ നന്ദിയില്ലാത്തവനായതും വിശ്വസ്തനല്ലാതായതും അവനും പ്രശ്നം ഇല്ല. അവൻ അവന്റെ മനസാക്ഷിയെ വഞ്ചിച്ചിട്ടില്ല. ദാവീദിന്റെ രക്ഷയും സന്തോഷവും ആണ് അവന്റെ ലക്ഷ്യം. തനിക്ക് നഷ്ടപ്പെട്ടതോർത്ത് അവൻ ദു:ഖിക്കുന്നില്ല. താൻ തെറ്റിദ്ധരിക്കപ്പെട്ടതോർത്ത് അവൻ വ്യാകുലപ്പെടുന്നില്ല. ദൈവ സന്നിധിയിൽ അവൻ വിശ്വസ്തനും നിഷ്കളങ്കനും തന്നെയാണ്. അവൻ നന്ദി കെട്ടവനല്ല. നന്ദി ഉള്ളവൻ തന്നെയാണ്. പക്ഷെ അത് അവന് മനുഷ്യരുടെ മുമ്പാകെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞില്ല. ദൈവ സന്നിധിയിൽ അത് അവൻ ബോദ്ധ്യപ്പെടുത്തി. ദൈവം അത് കണക്കിടും. ന്യായവിധി നീതിയിലേക്ക് തിരിഞ്ഞ് വരും. നീതിയുള്ള ന്യായാധിപതിയായ ദൈവം നിഷ്കളങ്കന്മാരേയും നന്ദി നിറഞ്ഞവരേയും സംരക്ഷിക്കും. അവൻ അവരെ ഉയർത്തും. അഗതിയെ കുപ്പയിൽ നിന്നുയർത്തി പ്രഭുക്കന്മാരോട് കൂടെ ഇരുത്തുവാൻ ദൈവം നീതിമാനും വിശ്വസ്തനും ആകുന്നു.

***********

# പ്രഭാത തേജസ്സ്

പ്രഭാതത്തിൽ ഉദിച്ച് വരുന്ന സൂര്യതേജസ്സ് വളരെ സന്തോഷ ജനകമാണ്, അനുഗ്രഹ പ്രദമാണ് എങ്കിലും, ആ പ്രഭാതത്തിന് മുമ്പ് ഉള്ള രാത്രി, ഇരുട്ട്, അത് ഭയാനകമാണ്. വാഗ്ദത്തമുള്ള ഏത് ഒരു ശുശ്രൂഷകനും, ഏത് ഒരു വിശ്വാസിയും അവർക്ക് ഇഷ്ടമല്ലെങ്കിലും, നേരിടുവാൻ ശേഷി ഇല്ലെങ്കിലും വല്ലാത്ത ഒരു ഇരുട്ടിനെ അഭിമുഖീകരിച്ചേ തീരൂ. കാരണം ഒരു ഇരുട്ടിന് ശേഷമേ പ്രഭാതമുള്ളൂ, ഒരു രാത്രിക്ക് ശേഷമേ പ്രകാശ കിരണങ്ങളെ പുൽകുവാൻ കഴിയൂ. ഏതൊരുവനും അഭിമുഖീകരിക്കുന്ന ഇരുട്ടിന്റെ, രാത്രിയുടെ ആഴം അനുസരിച്ച് അവന് വേണ്ടി വരുന്ന പ്രഭാത തേജസ്സും ആഴമേറിയതായിരിക്കും, ഘനമേറിയതായിരിക്കും. രാത്രിയേയും, പ്രഭാതത്തേയും സൃഷ്ടിച്ചവൻ, രാത്രിയുടെ മേലും പ്രഭാതത്തിന്റെ മേലും നിയന്ത്രണമുള്ള ദൈവം, സകല ഉൾപ്പൂവുകളേയും ആരാഞ്ഞറിയുന്നവൻ, ഒരുവന് താങ്ങുവാൻ കഴിയുന്ന ഇരുട്ടും,രാത്രിയുമേ അവന് നൽകുകയുള്ളൂ. രാത്രിക്കും ഇരുട്ടിനും ശേഷം പ്രകാശമാനമായ, സന്തോഷപ്രദമായ ഒരു പ്രഭാത തേജസ്സ് ദൈവം അവർക്കായി കരുതി വച്ചിട്ടുണ്ട്. കാരണം ദൈവം വിശ്വസ്തനാകുന്നു എന്നത് തന്നെ.

രാത്രി ക ഴിയാറായി പകൽ അടുത്തിരിക്കുന്നു അത് കൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വച്ച് കളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ച് കൊള്ളുക .റോമ:13:12. അപ്പോസ്തലൻ വിളിച്ച് പറയുകയാണ് രാത്രി ക ഴിവാറായി, പകൽ അടുത്തിരിക്കുന്നു. സാധാരണ രാത്രി 12 മണിക്കൂർ ആണ്. എന്നാൽ വാഗ്ദത്തമുള്ള ഒരു ദൈവിക ശുശ്രൂഷകന്റെ വിശ്വാസിയുടെ രാത്രിയുടെ നീളം ദൈവം മാത്രം അറിയുന്നു. ഇസ്രയേൽ ജാതി 430 വർഷം മിസ്രയിമ്യൽ രാത്രിയെ നേരിട്ടു. വലിയ പീഢകൾ, കഷ്ടങ്ങൾ, സങ്കടങ്ങൾ, കഠിനദാസ്യവേല വല്ലാതെ അവരെ തളർത്തി. എങ്കിലും രാത്രിയിലേക്ക് അവർ പ്രവേശിക്കുമ്പോൾ അവർ 70 പേരായിരുന്നത് രാത്രി അവസാനിക്കുന്ന സമയത്ത് 6 ലക്ഷം

പുരുഷന്മാർ തന്നെയുണ്ടായിരുന്നു. എന്ന് വച്ചാൽ കുട്ടികളും സ്ത്രീകളും സഹിതം ഏറ്റവും കുറഞ്ഞത് 25 ലക്ഷം എങ്കിലും ഉണ്ടായിരുന്നു. ഇങ്ങനെ യൊരു രാത്രി ദൈവം അനുവദിച്ചത് എന്തിനാണ്? വർദ്ധിക്കുവാൻ, എല്ലാ മണ്ഡ ലത്തിലും ആത്മീയത്തിൽ, ഭൗതികത്തിൽ, മാനസികമായി വലിയ ഒരു വർദ്ധന വ്, ഉയർച്ച ദൈവം ഉദ്ദേശിച്ചിരുന്നു. അതിനാണ് ഒരു രാത്രി തന്റെ ജനത്തിന് നൽകിയത്.

രാത്രിയിൽ ധാരാളം നീചപ്രവൃത്തികൾ വെളിപ്പെട്ടു, അന്യായങ്ങൾ തിര മാലകൾ പോലെ നിരന്തരം നേരിട്ടു. ഇരുട്ടിന്റെ പ്രവൃത്തികൾ ഭീമാകാരം പൂണ്ട് വിഴുങ്ങി കളയുവാൻ അരികെ വരെയെത്തി. അപമാനമായി, നിന്ദയായി, ദൂഷ ണമായി, തളർച്ചയായി, ഞെരുക്കമായി, രോഗമായി, ദു:ഖമായി, പീഢയായി രാത്രി അഭിഷിക്ത മണ്ഡലത്തിന് നേരെ വെല്ല് വിളിച്ച് കൊണ്ട് നിന്നു. നിസഹായത യോടെ, നിസംഗതയോടെ ഒന്നും ചെയ്യുവാൻ കഴിയാതെ തളർന്നിരുന്ന നിമിഷ ങ്ങൾ, സാഹചര്യങ്ങൾ അത് സമ്മാനിച്ചു. ഒരിക്കലും അവസാനിക്കുകയില്ല ഈ രാത്രി എന്ന് ചിന്തിച്ചു. പക്ഷെ അഭിഷിക്തൻ പറയുകയാണ് രാത്രി സമ്മാനിച്ച ഇരുട്ടിന്റെ പ്രവൃത്തികൾക്ക് പകരമായി ഇരുട്ടിന്റെ പ്രവൃത്തികൾ തന്നെ വെളി പ്പെടുത്തരുത്. അതിന് പകരമായി പ്രകാശത്തിന്റെ ആയുധ വർഗ്ഗം ധരിച്ച് കൊള്ളുക. കാരണം രാത്രി കഴിവാറായി. പ്രകാശത്തിന്റെ ആയുധ വർഗ്ഗം ധരിച്ച് അനേകരുടെ മേൽ ഉള്ള രാത്രിയെ കീഴടക്കുവാൻ, അനേക കുടുംബങ്ങളുടെ മേൽ ഉള്ള രാത്രിയെ കീഴടക്കുവാൻ, അനേക ദേശങ്ങളുടെ മേൽ ഉള്ള രാത്രിയെ കീഴടക്കുവാൻ സമയമായി.

ഉൽപത്തി:1:2 – ൽ ഭൂമ ി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മേൽ ഇരുൾ ഉണ്ടായിരുന്നു എന്നെഴ ുതിയിരിക്കുന്നു. ഭൂമിയെ ദൈവം സൃഷ്ടിച്ചത്, മനുഷ്യനെ ദൈവം സൃഷ്ടിച്ചത് പാഴായും, ശൂന്യമായും ഇരിക്കുവാനല്ല. അതു പോലെ ഒരു ശുശ്രൂഷകനെ , ഒരു വിശ്വാസിയെ ദൈവം വിളിച്ചത് തെരഞ്ഞെടു ത്തത് പാഴായും ശൂന്യമായും ഇരിക്കുവാനല്ല. 30, 60, 100 മേനി ഫലസമൃദ്ധി

യോടെ ആയിരിക്കുവാനാണ്. എന്ത് കൊണ്ട് ഒരു ശുശ്രൂഷകന് ഒരിക്കൽ പറഞ്ഞ പ്രസംഗം പിന്നേയും പറയേണ്ടി വരുന്നത്? എന്ത് കൊണ്ടാണ് ഒരു ശുശ്രൂഷകന് വചനത്തിന്റെ ആലോചന പറയുന്നതിന് പകരം പത്രത്തിലെ വാർത്തകളും മറ്റും പ്രസംഗത്തിൽ പറയേണ്ടി വരുന്നത്. അവൻ പാഴായും, ശൂന്യമായും ഇരിക്കുവാൻ ശത്രു ആഗ്രഹിക്കുന്നത് കൊണ്ട് ഒരു വലിയ ഇരുൾ ആ ശുശ്രൂഷകന്റെ മേൽ ശത്രു ഇട്ടിരിക്കുകയാണ്. ഒരു വിശ്വാസിക്ക് വചനത്തിന്റെ ആലോചനക്ക് കീഴിൽ നടക്കുവാൻ കഴിയാത്തതിന് കാരണം അവനിൽ ശത്രു നിക്ഷേപിച്ചിരിക്കുന്ന ഇരുൾ അത്രേ. രക്ഷിക്കപ്പെട്ടാൽ എല്ലാം ആയി എന്ന് പഠിപ്പിക്കുന്നവർ ഉണ്ട്. ശരിയാണ് രക്ഷിക്കപ്പെട്ടാൽ സ്വർഗ്ഗരാജ്യത്തിനവകാശികളായി ആ അർത്ഥത്തിൽ എല്ലാമായി. എന്നാൽ പരിശുദ്ധാത്മാവിന്റെ വരങ്ങളും, ഫലങ്ങളും വെളിപ്പെടുത്തി, ഭൂമിയിൽ, രക്ഷിക്കപ്പെടാത്ത ജാതികളുടെ ഇടയിൽ, രക്ഷിക്കപ്പെട്ട ദൈവജനത്തിനിടയിൽ ദൈവനാമം മഹത്വപ്പെടുത്തുവാൻ ഇനിയും വളരെയധികം സഞ്ചരിക്കേണ്ടതുണ്ട്. ഭൂമിയിൽദൈവനാമം മഹത്വപ്പെടുന്നതിനെതിരെ വ്യാപരിക്കുന്ന ഒരു ദുഷ്ടവ്യാപാരം ഉണ്ട്. അതാണ് ഇരുൾ. ഒന്നിനേയും, പ്രകാശിക്കുന്നതിനേയും പ്രകാശിപ്പിക്കുവാൻ അനുവദിക്കാതെ മൂടി അടച്ച്കെട്ടുവാൻ ശ്രമിക്കുന്ന ഇരുളിന്റെ ദുഷ്ടവ്യാപാരം. ഇരുൾ വ്യത്യസ്ത അളവിൽ ഓരോ ശുശ്രൂഷകനിലും വിശ്വാസിയിലും ഉള്ളത് കൊണ്ടാണ് ഒരു വലിയ ഫലസമൃദ്ധി ഓരോരുത്തരിലും വെളിപ്പെടാത്തത്.

എന്നാൽ സകല ഇരുളിന്റെ മേലും അധികാരം ഉള്ളവൻ, തനിക്കുള്ളതിനെ പ്രകാശിപ്പിക്കുവാൻ കഴിവുള്ളവൻ, അനാദിയായവൻ, വെളിച്ചങ്ങളുടെ പിതാവ്, ഉയരത്തിൽ നിന്ന് ഒരു വലിയ ദാനം തന്റെ ജനത്തിന് നൽകിയിട്ടുണ്ട്. ആഴത്തിന്റെ മീതെ ഇരുൾ ഉണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയ വചനത്തിനടുത്ത് തന്റെ ജനത്തിന് വേണ്ടത് ഈ ദൈവം കരുതി. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതേ പരിവർത്തിച്ച് കൊണ്ടിരുന്നു. എന്ത് കൊണ്ടാണ് ഒരു വലിയ ഇരുൾ ഒരു ദു:ഖമായി, പീഢയായി, രോഗമായി, തളർച്ചയായി തന്റെ ജനത്തോട് പോരാടുമ്പോഴും ഈ ജനം നശിച്ച് പോകാതെ നിലനിൽക്കുന്നത്. സകല ദോഷ

ത്തിൻ മേലും, സകല ദൃഷ്ട വ്യാപാരത്തിന്മേലും, അതിനെ നിയന്ത്രിച്ച് കൊണ്ട്, അധർമ്മത്തിന്റെ വ്യാപാരത്തെ തടുത്ത്കൊണ്ട് ദൈവത്തിന്റെ ആത്മാവ് അവിടെ പരിവർത്തിച്ച് കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ ആത്മാവ് തന്റെ ജനത്തിന് വേണ്ടി വ്യാപരിച്ച് നിൽക്കുന്നത് കൊണ്ടാണ് ശത്രുവിന് ദുഷ്ട വ്യാപാരത്തിന്, ഇരുളിന് തന്റെ ജനത്തെ തൊടുവാൻ കഴിയാതെ ഇരിക്കുന്നത്. ഭൂമിയിന്മേൽ ദൈവത്തിന് വലിയ പദ്ധതിയുണ്ട്. ഒരേ സമയം ഇരുളിന്റെ ദുഷ്ട വ്യാപാരവും പരിശുദ്ധ ആത്മാവും ഭൂമിയിന്മേൽ ആയിരിക്കുന്നു. പ്രകാശത്തിന്റെ വ്യാപാരവും ഇരുളിന്റെ വ്യാപാരവും ഒരു മല്ല യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഒരു നിശ്ചിതകാലം ഈ പോരാട്ടം, ഈ മല്ലയുദ്ധം ദൈവം അനുവദിക്കുന്നു. എന്നാൽ ദൈവത്തിന്റെ സമയത്ത് ഫലപുഷ്ടി വെളിപ്പെടേണ്ട സമയത്ത് ദൈവം അത്ഭുത പ്രവൃത്തിക്കായി ഇറങ്ങി വരികയാണ്. ദൈവത്തിന്റെ ഒരു വാക്കിന്റെ കീഴിൽ ദുഷ്ടൻ, ഇരുൾ പരാജയപ്പെടുകയാണ്, ഓടി മറയുകയാണ്.വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കൽപിച്ചു; വെളിച്ചം ഉണ്ടായി. ഉൽ:1:3. ദൈവം ഒരുവാക്ക് കൽപിച്ചതിന് ശേഷം അനേക മണിക്കൂറുകൾ കഴിഞ്ഞല്ല വെളിച്ചം ഉണ്ടായത് ദൈവത്തിന്റെ കൽപന പുറപ്പെട്ട നിമിഷം തന്നെ, ഒന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ അത് സംഭവിച്ചു. വെളിച്ചം ഉണ്ടായി. ഇരുൾ പരാജയപ്പെട്ടു. ദൈവത്തിന്റെ പ്രവൃത്തികൾ വെളിപ്പെടുവാൻ നിമിഷങ്ങൾ മതി. തന്റെ നാമം വൈരികളുടെ മുമ്പിൽ വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നത്പോലെ, മലകൾ ഉരുകിപോകത്തക്ക വണ്ണം, ആകാശം കീറിയിറങ്ങി യുദ്ധവീരനായ, നിത്യപിതാവായ യഹോവ ഇറങ്ങി വരികയാണ്. തന്റെ ജനം അത് കാണുവാൻ പോകുകയാണ്. ഭൂമി അത് കാണുവാൻ പോകുകയാണ്.

വാഗ്ദത്തം പ്രാപിച്ച ഒരുവൻ ഒരു ദോഷവും അവനിൽ ഇല്ലാതിരിക്കെ, ചെറുപ്രായത്തിൽ തന്നെ ഇരുളിൽ പ്രവേശിക്കേണ്ടി വന്നു. ചെറുപ്രായത്തിൽ തന്നെ ഇരുളിൽ പ്രവേശിക്കേണ്ടി വന്നതിനുള്ള കാരണങ്ങൾ പരിശോധിക്കാം.

1. അവന്റെ അപ്പൻ അവനെ അതിയായി സ്നേഹിച്ചിരുന്നു.

2. മറ്റാർക്കും ലഭിക്കാത്ത ഒരു നിലയങ്കി അവന് ലഭിച്ചു.
3. വരുവാനിരിക്കുന്ന നാളുകളെ കുറിച്ചുള്ള ദർശനങ്ങളും, സ്വപ്നങ്ങളും അവൻ കണ്ടു.

ഇവയാണ് ഇരുളിലേക്ക് പ്രവേശിക്കാനിടയായ കാരണങ്ങൾ. ഇരുളിന്റെ ആദ്യ ലക്ഷണങ്ങൾ വെളിപ്പെട്ട് തുടങ്ങി. ഒരു വല്ലാത്ത പക അവന്റെ കൂടെ ഉള്ളവർക്ക് അവനോട് ഉണ്ടായി. ഒരു വല്ലാത്ത വിദ്വേഷം, പക മറ്റുള്ളവരിൽ നിന്ന്, നിന്റെ ഭാഗത്ത് ഒരു ദോഷവും ഇല്ലാതിരിക്കേ നീ നേരിടുന്നുണ്ടോ നീ ഇരുളിന്റെ അനുഭവത്തിലൂടെയാണ് പോകുന്നത്. അവന്റെ സഹോദരന്മാരുടെ അടുക്കൽ സ്നേഹപൂർവ്വം അവൻ ചെന്നു. അവർ വിദ്വേഷത്തോടെ ഇടപെട്ടു.

യോസേഫ് ഇരുളിന്റെ മറ്റൊരു ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്.

1. അവന് വിരോധമായി വലിയ ഒരു ദുരാലോചന രൂപം കൊണ്ടു. അവനെ കൊന്ന് കുഴിയിൽ ഇട്ട് കളയുക. ദുഷ്ടന് തന്റെ ലക്ഷ്യം പകുതിയേ പൂർത്തീകരിക്കുവാൻ കഴിഞ്ഞുള്ളൂ. അവന് ജീവഹാനി വരുത്തരുത് എന്ന് പറഞ്ഞ് രുബേൻ അവന് വേണ്ടി നിന്നത് കൊണ്ട് ദുഷ്ടന് അവനെ മുടിച്ച് കളയുവാൻ കഴിഞ്ഞില്ല.
2. അവന്റെ നിലയങ്കി അവർ ഊരിയെടുത്തു. ഇവിടേയും ശത്രുവിന് പൂർണ്ണമായും ജയിക്കുവാൻ കഴിഞ്ഞില്ല. അവന്റെ സ്വർഗ്ഗത്തിലെ പിതാവ് നൽകിയ സ്വപ്നമായ, ദർശനമായ നിലയങ്കി, അവന്റെ ഉള്ളിൽ നിക്ഷേപിച്ച അഭിഷേകമായ നിലയങ്കിയെ ഒന്ന് തൊടുവാൻ പോലും ശത്രുവിന് കഴിഞ്ഞില്ല.
3. വെള്ളമില്ലാത്ത ഒരു പൊട്ടക്കുഴിയിൽ അവർ അവനെ ഇട്ടു. അവിടെ കിടന്ന് നശിച്ച് പോകുവാൻ ശത്രു പദ്ധതിയിട്ടു. ഇവിടേയും ശത്രുവിന് പൂർണ്ണമായും ജയിക്കുവാൻ കഴിഞ്ഞില്ല. ഒരു കൂട്ടം മിദ്യാന്യ കച്ചവടക്കാർ കുഴിക്കരികിലൂടെ പോയ സമയം അവർ അവനെ വിലയ്ക്ക് വാങ്ങി. അങ്ങനെ കുഴിയിൽ നിന്ന് അവൻ രക്ഷപ്പെട്ടു.

മൂന്ന് രൂപത്തിൽ ഇരുൾ അവന്റെ നേരെ വന്നെങ്കിലും വലിയ ദോഷം പറ്റാതെ അവൻ പിടിച്ച് നിന്നു. എങ്കിലും വലിയ ഇരുൾ മണ്ഡലത്തിലാണ് അവൻ ഇപ്പോൾ. മിദ്യാന്യ കച്ചവടക്കാർ യോസേഫിനെ മിസ്രയിമ്യർക്ക് വിറ്റു. ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായ അകമ്പടി നായകൻ പോത്തീഫർ അവനെവാങ്ങി. അപ്പന്റെ വീട്ടിൽ അവൻ സ്വതന്ത്രനായിരുന്നു. ഇപ്പോൾ അവൻ അടിമയാണ്. അവന്റെ മുമ്പിലുള്ള വലിയ പ്രകാശമണ്ഡലത്തെ, മാന്യതയെ, വലിയ സ്ഥാനത്തെ തിരിച്ച റിഞ്ഞ ശത്രു പോത്തീഫറിന്റെ ഭവനത്തിനകത്ത് നിന്ന് അവൻ ഒരിക്കലും പുറത്ത് വരാതിരിക്കുവാൻ വേണ്ടി വലിയ ഇരുൾ അവന്റെ മുമ്പിലേക്ക് അയച്ചു. ആ ഇരുൾ അവനെ മുഴുവനായി വിഴുങ്ങുവാൻ വലിപ്പമുള്ളതായിരുന്നു. ദൈവ ത്തിന്റെ കരുണ, ദയ ഒന്നു കൊണ്ട് മാത്രം അവൻ ആ ദുഷ്ടസ്ത്രീയെ ജയിച്ചു. ദേശാന്ധകാര ശക്തിയുടെ നിയന്ത്രണത്തിൽ ഓടിയിരുന്ന ആ സ്ത്രീയിൽ വലിയ വശീകരണ ശക്തി ഉണ്ടായിരുന്നു. അതിൽ അവൻ മൂടിപോകേണ്ടതായിരുന്നു. യാക്കോബിന്റെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനയായിരിക്കാം അവനെ ആ ദുഷ്ട സ്ത്രീയിൽ നിന്ന് വിടുവിച്ചത്. ദൈവത്തിന്റെ വിശ്വസ്തതയും അവന് വേണ്ടി വലിയ ഒരു പ്രതിരോധ കോട്ട ഉണ്ടാക്കി. ഒരു രീതിയിൽ അവനെടുക്കുവാൻ കഴിഞ്ഞില്ലയെന്ന് മനസ്സിലാക്കിയ ശത്രു അവന് നേരെ മറ്റൊരു ദുഷ്ട അമ്പ് എയ്തു.

ആ ദുഷ്ട സ്ത്രീ പറയുകയാണ് നീ കൊണ്ടുവന്ന എബ്രാ യ ദാസൻ എന്നെ ഹാസ്യമാക്കുവാൻ എന്റെ അടുക്കൽ വന്നു അവിടെ അവൾ അല്പം വിജയിച്ചു. അവന്റെ യജമാനൻ അവനെ കാരാഗൃഹത്തിലാക്കി. കാരാഗൃഹ ത്തിൽ മറ്റൊരു ഇരുളിൽ അവൻ അകപ്പെട്ടു. ഇരുളുകളിൽ നിന്ന് ഇരുളിലേക്ക് അവൻ യാത്ര ചെയ്യുകയാണ്. അവന്റെ ജീവിതത്തിലെ രാത്രി നീളം കൂടിയതാ ണ്. പ്രഭാതം എവിടെ എന്ന് പോലും അവന് അറിയുവാൻ കഴിഞ്ഞില്ല. കാരാഗൃ ഹത്തിനകത്ത് വച്ചും അവന്റെ മേൽ പകർന്ന അഭിഷേകം ജ്വലിച്ചു. പാന പാത്ര വാഹകന്മാരുടെ പ്രമാണിയും, അപ്പക്കാരുടെ പ്രമാണിയും അത് തിരിച്ചറിഞ്ഞു.

അവനിലുള്ള സ്വപ്ന വ്യാഖ്യാനവും പ്രവാചക അഭിഷേകവും അവർ മനസ്സിലാക്കി. ഇരുളിനകത്ത് കിടന്ന് പ്രഭാതത്തിന് വേണ്ടി അവൻ തേങ്ങി. അത് വാക്കുകളായി പുറത്ത് വന്നു.എന്നെ ഓർത്ത് എന്നോട് ദയ ചെയ്ത് ഫറവോനോട് എന്റെ വസ്തുത ബോധിപ്പിക്കേണമേ ഒരു പ്രതീക്ഷ അവന് അവരിൽ ഉണ്ടായിരുന്നു. അത് വെറുതെയായി. അവർ അവനെ മറന്ന് കളഞ്ഞു.

എന്നാൽ ദൈവത്തിന്റെ സമയമായപ്പോൾ ഉന്നതങ്ങളിൽ തന്നെ ദൈവം ഇടപ്പെട്ടു. ആർക്കും വ്യാഖ്യാനിച്ച് അർത്ഥം പറയുവാൻ കഴിയാത്തരൂപത്തിലുള്ള സങ്കീർണ്ണമായ ഒരു സ്വപ്നം ദൈവം രാജാവിന് നൽകി. ആർക്കും അത് വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല. യോസേഫിന്റെ സ്വപ്ന വ്യാഖ്യാന കഴിവിനെ തിരിച്ചറിഞ്ഞിരുന്ന ഒരുവൻ കൊട്ടാരത്തിനകത്ത് ഉണ്ടായിരുന്നു. പാനപാത്ര വാഹകന്മാരുടെ പ്രമാണി. അവൻ രാജാവിനോട് യോസേഫിനെക്കുറിച്ച് പറഞ്ഞു. ഉടനെ യോസേഫിനെ ആളയച്ച് വിളിപ്പിച്ചു. ഇരുളിൽ നിന്ന് ഇരുളിലേക്കുള്ള യാത്ര അവസാനിക്കുകയാണ്. ഇരുളിൽ നിന്ന് പ്രകാശത്തിലേക്ക്, പ്രകാശത്തിൽ നിന്ന് പ്രകാശത്തിലേക്ക് യാത്ര തുടരുകയാണ്. അവർ അവനെ വേഗത്തിൽ കുണ്ടറയിൽ നിന്നിറക്കി, അവനെ ക്ഷൗരം ചെയ്യിച്ചു, വസ്ത്രം മാറി ഫറവോന്റെ അടുക്കൽ ചെന്നു ഉൽ:41:14. പ്രഭാത തേജസ്സിലേക്ക് യോസേഫ് നടന്നടുക്കുകയാണ്. ദൈവം അവന്റെ മേൽ പകർന്ന അഭിഷേകം, സ്വപ്ന വ്യാഖ്യാനം ഫറവോന്റെ മുമ്പിൽ വെളിപ്പെട്ടു. രാജാവിന് മനസിലാകത്തക്ക രൂപത്തിൽ അർത്ഥം വിശദീകരിക്കപ്പെട്ടു. രാജാവിന് അവനെ ബോധിച്ചു. വേഗത്തിൽ ചില സ്ഥാനമാനങ്ങൾ അവന് ലഭിച്ചു.

1. മിസ്രയിം ദേശത്തിനൊക്കേയും അവനെ ഫറവോൻ മേലാധികാരിയാക്കി.
2. ഫറവോൻ തന്റെ കയ്യിലെ മുദ്രമോതിരം യോസേഫിന്റെ കൈക്ക് ഇട്ടു.
3. നേർമ്മയുള്ള വസ്ത്രം അവനെ ധരിപ്പിച്ചു.
4. ഒരു സ്വർണ്ണ സരപ്പളി അവന്റെ കഴുത്തിൽ ഇട്ടു.

പ്രഭാത തേജസ്സിൽ യോസേഫ് ജ്വലിച്ച് നിന്നു. ചെറുപ്രായത്തിൽ 17 – ാമത്തെ വയസിൽ ഒരു ബാലനായി രാത്രിയിൽ, ഇരുളിൽ പ്രവേശിച്ചു. നീണ്ട രാത്രിക്ക് ശേഷം പ്രഭാതത്തിലേക്ക്, പ്രകാശത്തിലേക്ക് പ്രവേശിച്ചത്, രാത്രിയിൽനിന്ന്, ഇരുട്ടിൽ നിന്ന് പുറത്ത് വന്നത് മിസ്രയിം ദേശത്തിന് തന്നെ മേലാധികാരിയായാണ്. അവൻ നേരിട്ട ഇരുട്ട് അന്യായ പീഢ താൽക്കാലികമായി അവന് വേദന നൽകിയെങ്കിലും ആത്യന്തികമായി പരിശോധിക്കുമ്പോൾ അത് അവന് ഗുണമായിത്തീർന്നു. സമാധാനത്തിനായി, തേജസ്സിനായി അത്യധികമായ ഒരു കയ്പേറിയ അനുഭവത്തിലൂടെ അവൻ കടന്ന് പോയി. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല. റോമ:8:18.

യശയ്യാ പ്രവചനത്തിൽ ഒരുവൻ വിളിച്ച് ചോദിക്കുകയാണ് കാവൽക്കാരാ രാത്രി എന്തായി? അതിന് കാവൽക്കാരൻ: പ്രഭാതവും രാത്രിയും വന്നിരിക്കുന്നു എന്ന് പറഞ്ഞു യശ:21:11,12. പ്രഭാതവും രാത്രിയും ഒരുമിച്ച് എങ്ങനെ വരും. പ്രവചന പുസ്തകത്തിൽ തെറ്റ് രേഖപ്പെടുത്തുമോ. വചനത്തിലെ മറ്റ് ചില ഭാഗങ്ങളും കൂടിചേർത്ത് പരിശോധിക്കുമ്പോൾ കാവൽക്കാരൻ പറഞ്ഞത് ശരിയാണെന്ന് മനസ്സിലാകുന്നു. പുറപ്പാട് പുസ്തകത്തിൽ നീണ്ട വർഷങ്ങൾ ഇരുട്ട് നേരിട്ട ഒരു ജനം പ്രഭാതത്തിലേക്ക് ഓടുകയാണ്. അവരെ പീഢിപ്പിച്ച ജനം അവരെ എത്തിപ്പിടിച്ച് ഇരുട്ടിനകത്ത് അടയ്ക്കുവാൻ ബദ്ധപ്പെട്ട് പിൻതുടരുകയാണ്. ദൈവം അവരുടെ മദ്ധ്യേ വെളിപ്പെട്ടു. തന്റെ ജനത്തിന് വേണ്ടി ചെങ്കടലിൽ ദൈവം തുറന്ന വഴിയിലൂടെ അവർ സഞ്ചരിക്കുകയാണ്. മിസ്രയിമ്യർ അവരെ പിന്തുടരുന്നു. മേഘസ്തംഭത്തിൽ ദൈവം വെളിപ്പെട്ടു. ഒരേ സമയം പ്രഭാതവും, രാത്രിയും, പ്രകാശവും, ഇരുട്ടും ദൈവം അവിടെ വെളിപ്പെടുത്തി. മേഘസ്തംഭം മിസ്രയിമ്യരുടെ മുമ്പിൽ അന്ധകാരം അയച്ച അതേ സമയത്ത് ഇസ്രയേൽ ജനത്തിന് രാത്രിയെ പ്രകാശമാക്കി കൊടുത്തു. രണ്ട് കൂട്ടം ജനം പിളർന്ന ചെങ്കടലിന്റെ നടുവിലൂടെ നടക്കുകയാണ്. ഒന്ന് ദൈവം ഇല്ലാത്ത കൂട്ടം. മറ്റൊന്ന് ദൈവത്താൽ നടത്തപ്പെടുന്ന ഒരു കൂട്ടം. ദൈവം അയച്ച പ്രകാ

ശത്തിൽ തന്റെ ജനം സുഗമമായി ചെങ്കടൽ കടന്നപ്പോൾ, മിസ്രയീമ്യ കൂട്ടം ദൈവം അയച്ച അന്ധകാരത്തിൽ വഴി ഇടറി മുന്നേറുവാൻ കഴിയാതെ ചെങ്കടലിനുള്ളിൽ തകർന്ന് വീണു. യഹോവ ഇസ്രയേല്യർക്ക് വേണ്ടി മിസ്രയിമ്യരോട് യുദ്ധം ചെയ്തു. അവരുടെ രഥചക്രങ്ങൾ ചെങ്കടലിൽ ഓടുവാൻ കഴിയാതെ ഉരുണ്ട് നിന്നു. പിളർന്ന് മാറിയ ചെങ്കടൽ ഒരു കൂട്ടം ജനത്തിന് മരണം നൽകിയപ്പോൾ, ദൈവ ജനത്തിന് അത് കനാൻദേശം സമ്മാനിച്ചു. അന്ത്യന്യായ വിധിയിൽ ദൈവജനം സ്വർഗ്ഗീയ കനാൻ ദേശത്തിലേക്ക് പ്രവേശിക്കുമ്പോൾ, ദൈവമില്ലാത്ത ജാതി നിത്യ മരണത്തിലേക്ക് പ്രവേശിക്കുന്നു. ഒരേ സമയം പ്രഭാതവും രാത്രിയും വന്നിരിക്കുന്നു.

"നിങ്ങളെ പീഢിപ്പിക്കുന്നവർക്ക് പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്ക് ആശ്വാസവും പകരം നൽകുന്നത് ദൈവ സന്നിധിയിൽ നീതിയല്ലോ II Thess: 1:8. രാത്രി അനുഭവിച്ച ജനത്തിന് ആശ്വാസവും, പീഢിപ്പിച്ചവർക്ക് നിത്യ പീഢയും നൽകുന്നത് നീതിമാനായ ദൈവമാണ്. ഒരേ സമയം പീഢയും ആശ്വാസവും വെളിപ്പെടുന്നു. ഒരേ സമയം നിത്യ മരണവും നിത്യ ജീവനും വെളിപ്പെടുന്നു. ഒരേ സമയം രാത്രിയും പ്രഭാതവും വെളിപ്പെടുന്നു. ഇസ്രയേൽ ജനത്തിന് വേണ്ടി രാത്രിയെ പ്രകാശമാക്കി നൽകിയവൻ, നിത്യ വെളിച്ചത്തിന്റെ ഉറവിടമായ ദൈവം, ഏഴ് പൊൻ നിലവിളക്കുകളുടെ ഇടയിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടി മനുഷ്യ പുത്രസദൃശ്യനായി നിൽക്കുന്നവൻ, തന്റെ ജനം നേരിട്ട രാത്രിയെ, ഇരുട്ടിനെ, പീഢയെ, ദു:ഖത്തെ, രോഗത്തെ, ഞെരുക്കത്തെ മാറ്റി, പകരമായി പ്രഭാതവും പ്രകാശവും ആശ്വാസവും സന്തോഷവും സൗഖ്യവും വിശാലതയും നൽകി മാനിക്കുവാൻ വിശ്വസ്തൻ.

ഇരുട്ടിന്റെ ആഴം വ്യത്യസ്തമാണ്. മറ്റൊരുവന് മനസ്സിലാക്കുവാൻ കഴിയാത്തതിനപ്പുറമായി ഇരുട്ടിന്റെ ആഴങ്ങളിലൂടെ സഞ്ചരിച്ചവർ ഉണ്ട്. വിലാപത്തിൽ എഴുത്തുകാരൻ പറയുന്നുഅവൻ എന്നെ വെളിച്ചത്തിലല്ല ഇരുട്ടിലത്രേ നടത്തികൊണ്ട് വന്നത്, പ്രകാശത്തിന്റെ, സന്തോഷത്തിന്റെ ഒരു കണികപോലും

കാണുവാൻ കഴിയാതെയുള്ള മുമ്പോട്ടുള്ള ജീവിതം, എത്രനാൾ ഇങ്ങനെ എന്ന് ചോദിക്കേണ്ടി വരുന്ന അവസ്ഥ. എഴ ുത്ത്കാരൻ പറയുന്നു എന്റെ മാംസ ത്തേയും ത്വക്കിനേയും അവൻ ജീർണ്ണമാക്കി എന്റെ അസ്ഥികളെ തകർത്തിരിക്കുന്നു വിലാപം:3:4. കർത്താവ് നേരിട്ട അതേ പീഢ അതിന് മുമ്പ് ്ര പവാചകം പോലെ രേഖപ്പെടുത്തിയിരിക്കുന്നു. ശാശ്വത മൃതന്മാരെപ്പോലെ അവൻ എന്നെ ഇരുട്ടിൽ പാർപ്പിച്ചിരിക്കുന്നു ജീവനുള്ള ഒരുവനെ ശവക്കുഴിക്കകത്തിട്ട് മണ്ണിട്ട് മൂടി തുടർന്ന് അനേകനാൾ അങ്ങനെ തന്നെ കിടക്കേണ്ടി വരുന്ന ദുരവസ്ഥ. ഇത് ഭയാനകമാണ്. ഇങ്ങനെയൊരു പീഢ, ഇതേ പോലൊരു ജീവിതം നയിക്കേണ്ടി വരുന്ന സ്തിഥി. ഇതാണ് ശാശ്വത മൃതന്മാരെപ്പോലെ ഇരുട്ടിൽ പാർപ്പിച്ചിരിക്കുന്ന അവസ്ഥ അൽപം എങ്കിലും സ്വതന്ത്രമാകണമെന്നുണ്ട് പക്ഷെ പുറത്ത് പോകുവാൻ കഴിയാത്തവണ്ണം വേലികെട്ടിയടച്ച് ചങ്ങലയെ ഭാരമാക്കിയ ദിനങ്ങൾ. കൂകി നിലവിളിച്ചാൽ പോലും ആരും കേൾക്കാത്ത അവസ്ഥ, പ്രാർത്ഥനകൾക്ക് മറുപടിയില്ലാത്ത നാളുകൾ, ഏതെല്ലാം രീതിയിൽ വഴി വെട്ടിതുറക്കുവാൻ വിചാരിച്ചാലും ഓരോ വെട്ടുകല്ലുകൾ ഇട്ട് ആരോ വഴി അടയ്ക്കുന്നു. ജീവനെടുക്കുവാൻ പതിയിരിക്കുന്ന കരടിയും മറഞ്ഞിരിക്കുന്ന സിംഹവുംപോലെ ശത്രു ഇരുട്ടത്ത് വെല്ലുവിളിച്ച് നിൽക്കുന്നു. ഇരുട്ടിന്റെ ആഴമാണ് ഇവിടെ രേഖപ്പെടുത്തിയത്.

ഇരുട്ടിന്റെ ആഴം ഇതുപോലെ വെല്ലുവിളിച്ച് നിൽക്കുമ്പോഴും പ്രത്യാശ ശേഷിക്കുകയാണ്. ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കുന്നു മീഖ:7:8. ഇരുട്ട് ചുറ്റും കട്ട പിടിച്ച് കിടന്നാലും വെളിച്ചമാ യ യഹോവയാണ് എന്നെ നടത്തുന്നത് എന്ന് അവൻ തിരിച്ചറിയുന്നു. ഈ പ്രത്യാശയാണ് അവനെ മുമ്പോട്ട് കൊണ്ട്പോകുന്നത്. പ്രത്യാശയുടെ ഉയരത്തിലേക്ക് അവൻ സഞ്ചരിക്കുകയാണ്. അവൻ എന്നെ വെളിച്ചത്തിലേക്ക് പുറപ്പെടുവിക്കുകയും ഞാൻ അവന്റെ നീതി കണ്ട് സന്തോഷിക്കുകയും ചെയ്യും മീഖ:7:9. ഇരുട്ടിൽ ഇരുന്ന ജനം വലിയ ഒരു വെളിച്ചം കണ്ടു മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു. മത്താ:4:15. ഇരുട്ടിന്റെ വലിപ്പം

അനുസരിച്ച് വെളിച്ചത്തിന്റെ വലുപ്പവും വർദ്ധിച്ചു. മരണം എപ്പോഴും കൺമുന്നിൽ കണ്ടവർ പ്രകാശം ഉദിച്ചുയരുന്നത് കാണുകയാണ്. ജ്വലിച്ച് പ്രകാശിക്കുന്ന വിളക്കായി ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്ന് പറഞ്ഞ് കർത്താവ് ഇരുട്ടിലിരുന്ന ജനത്തിന്റെ മുമ്പിൽപ്രത്യക്ഷപ്പെട്ടു. അവൻ പ്രകാശം മാത്രമായിരുന്നില്ല. പ്രകാശം ലഭിക്കാതിരുന്ന പലതിനേയും, പ്രകാശം ഇല്ലാതിരുന്ന സകല സാഹചര്യത്തേയും പ്രകാശിപ്പിക്കുവാനും അവന് കഴിഞ്ഞു. ഏത് മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം ലോകത്തിലേക്ക് വന്ന് കൊണ്ടിരുന്നു John:1:9. ലോകം ഇരുട്ടിന്റെ കരാള ഹസ്തത്തിന്റെ കീഴിൽ അമർന്ന് തകരുമ്പോൾ ലോകത്തെ പ്രകാശിപ്പിക്കുവാൻ സത്യ വെളിച്ചമായി അവൻ അവതരിച്ചു.

അവന്റെ പ്രകാശം, ശോഭ എല്ലാവരുടേയും മുമ്പിൽ അവൻ വെളിപ്പെടുത്തിയില്ല. തന്നെ വിളിച്ചപേക്ഷിച്ച, തന്നെമാത്രം പ്രത്യാശയോടെ കണ്ട, തന്നിൽ മാത്രം വിശ്വസിച്ച ജനത്തിന്റെ മുമ്പിൽ അവൻ അത് വെളിപ്പെടുത്തി. ലോകം അവനെ അറിഞ്ഞില്ല. അവൻ തെരഞ്ഞെടുത്തവർ മാത്രം അവനെ അറിഞ്ഞു. അവന്റെ ശോഭ അവർ കണ്ടു. ഉയർന്ന മലയിലേക്ക് തന്റെ ശിഷ്യന്മാരെ അവൻ കൊണ്ട് പോയി. അവരുടെ മുമ്പാകെ അവൻ രൂപാന്തരപ്പെട്ടു അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു, അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു Mt: 17:2. പഴയ നിയമത്തിലും ഒരു വലിയ പ്രവൃത്തി തന്റെ ജനത്തിന് വേണ്ടി ചെയ്യുന്നതിന് മുമ്പും അവൻ ഇതുപോലെ വെളിപ്പെട്ടു. മുൾപടർപ്പിൽ ഒരു അഗ്നിജ്വാലയായി മോശയുടെ മുമ്പിൽ അവൻ വെളിപ്പെട്ടു. നീണ്ട 40 വർഷം ഇരുട്ടിലൂടെ ഓടിയ മോശ, ആടുകളുടെ ഇടയിൽ കിടന്ന്, ആടുകളുടെ ശബ്ദം മാത്രം കേട്ട്, ആടുകളെപ്പോലെ സംസാരിക്കേണ്ടി വന്ന മോശ തടിച്ച നാവ് കാരണം നല്ലരീതിയിൽ സംസാരിക്കുവാൻ പോലും കഴിയാതിരുന്ന മോശ, മുൾപടർപ്പിൽ വെളിപ്പെട്ട ആ പ്രകാശതേജസ്സ് കാരണമാണ് ആ വലിയ ദൗത്യം അവന് ഏറ്റെടുക്കാനായത്.

വെളിപ്പാട് പുസ്തകത്തിൽ പറയുന്നുഇനി രാത്രി ഉണ്ടാക ുകയില്ല

ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നത് കൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല22:5. സകല ഭൗമ ികവെളിച്ചങ്ങളും ഇല്ലാതാവുന്ന ഒരു ദിനം ഉണ്ട്. ഭൗമിക വെളിച്ചങ്ങളുടെ കീഴിൽ ഉല്ലസിച്ചവർ നിത്യ ഇരുട്ടിലേക്ക് നീങ്ങുമ്പോൾ ലോകത്തിന്റെ ഇരുട്ടിൽ അകപ്പെടാതെ, നിത്യവെളിച്ചമായ യഹോവയിൽ ഉല്ലസിച്ച്, പ്രത്യാശിച്ച് മുമ്പോട്ട് നീങ്ങിയ ജനം പ്രകാശജ്വലനം കണ്ട്, പ്രഭാത തേജസ്സ് കണ്ട് സന്തോഷിക്കുന്ന, ആശ്വസിക്കുന്ന, സമാധാനിക്കുന്ന ദിനങ്ങൾ ഇതാ വരവായി.

**********

# മേഘാരൂഢനായി വരുന്ന രാജാവ്

രാജാധിരാജാവായ യഹോവയാം ദൈവം മേഘസാന്നിധ്യത്തിൽ തന്റെ ജനത്തിന് വേണ്ടി പ്രത്യക്ഷപ്പെടുന്ന നിരവധി ഭാഗങ്ങൾ വിശുദ്ധ വചനത്തിലുട നീളം കാണുവാൻ കഴിയും. മേഘസാന്നിധ്യത്തിൽ കർത്താവ് പ്രത്യക്ഷപ്പെടുന്ന ഓരോ ഭാഗവും പരിശോധിക്കുമ്പോൾ മൂന്ന് കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴി യുന്നു.

1. വലിയ ഒരു വിടുതൽ തന്റെ ജനത്തിന് നൽകുക.
2. വലിയ ഒരു സംരക്ഷണ കോട്ട ജനത്തിന് ഒരുക്കുക.
3. വലിയ ഒരു ലക്ഷ്യത്തിലേക്ക് ജനത്തെ എത്തിക്കുക.

ഈ മൂന്ന് കാര്യങ്ങൾ വ്യത്യസ്ത അളവിലും, വ്യത്യസ്ത നിലവാരത്തിലും ദൈവം ചെയ്തത് നമുക്ക് ദർശിക്കുവാൻ കഴിയും.

''യഹോവ വേഗതയുള്ള ഒരു മേഘത്തെ വാഹനമാക്കി മിസ്രയിമി ലേക്ക് വരുന്നു, അപ്പോൾ മിസ്രയിമിലെ മിത്ഥ്യാമൂർത്തികൾ അവന്റെ സന്നിധി യിൽ നടുങ്ങുകയും മിസ്രയിമിന്റെ ഹൃദയം അതിന്റെ ഉള്ളിൽ ഉരുകുകയും ചെയ്യും.'' യശ:19:1. വേഗതയുള്ള ഒരു മേഘത്തെ വാഹനമാക്കി യഹോവ മ ിസ്ര യിമിലേക്ക് വരുവാൻ കാരണം എന്താണ്?. ദൈവത്തിന്റെ ജനം വലിയ നിലവിളി യോടെ ആ രാജ്യത്ത് ആയിരിക്കുന്നു എന്നത് തന്നെ. ഫറവോനും അവന്റെ ഊഴിയ വിചാരകന്മാരും ദൈവജനത്തെ കഷ്ടപ്പെടുത്തുന്നത് ദൈവം കണ്ടു.

തന്റെ ജനത്തിന്റെ നിലവിളി ദൈവം കേട്ടു. ഈ സമയത്ത് തന്റെ ജനത്തെ വിടുവിച്ചില്ലെങ്കിൽ മരണത്തിന്റേയും നിരാശയുടേയും പാതാള ഗർത്തങ്ങളിലേക്ക് വീണ് തന്റെ ജനം നശിക്കും എന്ന് ദൈവം അറിഞ്ഞു. തന്നോട് നിലവിളിക്കുന്ന തന്റെ വൃതന്മാരെ വേഗത്തിൽ വിടുവിക്കുന്നവനായ ദൈവം അവർക്ക് വേണ്ടി ഇറ ങ്ങിപ്പുറപ്പെടുകയാണ്. *യഹോവയുടെ ജനം ശത്രു ദേശത്ത് നിസഹായകരായും നിരായുധരായും നിരാശരായും ആയിരിക്കുന്നു. ശത്രു സ്വന്തം ദേശത്ത് സ്വന്തം സൈന്യത്തിലും രഥത്തിലും അധികാരത്തിലും പ്രബലപ്പെട്ട് നിൽക്കുന്നു.* ഇത് വായിക്കുന്ന പ്രിയ മിത്രമേ ഇതുപോലെ ആകുന്നുവോ നിങ്ങൾ ഇപ്പോൾ ആയി രിക്കുന്നത് ദൈവത്തിന്റെ ഒരു വിടുതൽ വേഗത്തിൽ വെളിപ്പെട്ടില്ലെങ്കിൽ നിങ്ങൾ തകർന്ന് പോകുമോ? നിരാശയുടെ പാതാളഗർത്തത്തിൽ കൂടി ആകുന്നുവോ സഞ്ചരിക്കുന്നത്? ശത്രു എല്ലാ മണ്ഡലത്തിലും പ്രബലപ്പെട്ട് നിന്നെ നിസഹായ നാക്കുന്നുവോ? ഇതാ നിനക്ക് വേണ്ടി വേഗതയുള്ള ഒരു മേഘത്തെ വാഹനമാക്കി നിന്റെ രാജാവായ ദൈവം നിനക്ക്വേണ്ടി ഇറങ്ങി വരികയാണ്.

മിസ്രയിം ദേശത്ത് ഇസ്രയേൽ ജനം വല്ലാത്ത കഷ്ടത്തിലായിരിക്കു മ്പോൾ ദൈവം അവരുടെ നടുവിൽ നിന്ന് തന്നെ ഫറവോന്റെ മേൽ വ്യാപരിക്കുന്ന ദുരാത്മ അഭിഷേകത്തെ വെല്ലുന്ന വലിയ ഒരു ദൈവികഭിഷിക്തനെ ഉയർത്തി. 40ഉം 40ഉം 80 വർഷം കൊണ്ടാണ് ഇത്ര ഭയങ്കരനായ ഒരു അഭിഷിക്തനെ ദൈവം രൂപപ്പെടുത്തിയത്. തുടർന്ന് കഷ്ടപ്പെടുന്ന തന്റെ ജനത്തിന്റെ നടുവിലേക്ക് ദൈവം അവനെ അയച്ചു. മിസ്രയിം ദേശം ഒന്നാകെ അവന്റെ മുമ്പിൽ നടുങ്ങി. ഇന്നുവരെ അവർ കണ്ടിട്ടില്ലാത്ത പ്രവൃത്തികളാണ് ദേശത്ത്ദൈവം ചെയ്തത്. യഹോവ മോശയോട് പറഞ്ഞുമ ിസ്രയിം രാജാവ് ഭൂജബലം കൊണ്ടല്ലാതെ നിങ്ങളെ പോകുവാൻ സമ്മതിക്കുകയില്ല എന്ന് ഞാൻ അറിയുന്നു, അത്കൊണ്ട് എന്റെ കൈനീട്ടി മിസ്രയിമിൽ ചെയ്യാനിരിക്കുന്ന അത്ഭുതങ്ങൾ കൊണ്ട് ഞാൻ അതിനെ ദണ്ഡിപ്പിക്കും, അതിന്റെ ശേഷം അവൻ നിങ്ങളെ വിട്ടയക്കും പുറ:3:19,20.

യഹോവ അത്ഭുതങ്ങൾ കൊണ്ടാണ് ശത്രുവിനെ പീഢിപ്പിക്കുന്നത് ദണ്ഡിപ്പിക്കുന്നത്. യഹോവ ചെയ്യുവാൻ പോകുന്ന പ്രവൃത്തികൾ ഒരേ സമയം അത്ഭുതവും അപ്പോൾതന്നെ ശത്രുവിന് അത് പീഢയുമാണ്. ദൈവത്തിന്റെ യുദ്ധവും യുദ്ധത്തിലെ ആയുധങ്ങളും ഓരോ കാലഘട്ടത്തിലും ഓരോ സ്ഥലത്തും വ്യത്യസ്തമാണ്. ശത്രുവിന്റെ ശക്തിക്കും സ്വഭാവത്തിനും അനുസരിച്ച് യഹോവയുടെ യുദ്ധത്തിനും യുദ്ധായുധത്തിനും മാറ്റങ്ങൾ ഉണ്ടാകും.

ഇവിടെ ദൈവം ഉപയോഗിക്കുന്ന യുദ്ധായുധം അത്ഭുതങ്ങൾ കൊണ്ടുള്ള ദണ്ഢനമാണ്. ഈ യുദ്ധായുധത്തിന്റെ മുമ്പിൽ ഫറവോനും അവന്റെ കൂട്ടാളികളും ഭയപ്പെട്ട് വിറച്ച് പോയി. എന്നാൽ തന്നിലൂടെ ചെയ്യാനിരിക്കുന്ന അത്ഭുതങ്ങൾ അഭിഷിക്തൻ പോലും ശരിക്ക് മനസ്സിലാക്കിയില്ല അറിഞ്ഞില്ല. അത്കൊണ്ട് ദൈവത്തിന് അവനെ പരിശീലിപ്പിക്കേണ്ടി വന്നു. യഹോവ മോശയോട് ചോദിച്ചു നിന്റെ കയ്യിൽ ഇരിക്കുന്നത് എന്ത്? ഒരു വടി എന്ന് അവൻ പറഞ്ഞു. തനിക്ക് തുണയായി, തന്റെ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഉപയോഗിക്കുവാൻ തന്ന വടി നിലത്തിടുവാൻ ദൈവം കൽപിച്ചു. അവൻ അത് നിലത്തിട്ടു. അത് സർപ്പമായിത്തീർന്നു. മോശ അത് കണ്ട് ഭയപ്പെട്ട് ഓടുകയാണ്. ദൈവം തനിക്ക് തന്നത് സർപ്പ രൂപത്തിൽ തന്റെ നേരെ ചീറിയപ്പോൾ അവൻ വല്ലാത്ത അവസ്ഥയിലായി. എല്ലാം ഇട്ടെറിഞ്ഞ് അവൻ ഓടുവാൻ ഒരുങ്ങുകയാണ്. അവനെ വിളിച്ച ദൈവം, അവനിലെ മാനുഷികമായ ഭയത്തെ തിരിച്ചറിഞ്ഞ ദൈവം, തന്റെ മാസ്റ്റർ പ്ലാനിന്റെ കീഴിൽ അവനെ നടത്തുന്ന ദൈവം, അവനോട് പറഞ്ഞു ''നിന്റെ കൈനീട്ടി അതിനെ വാലിന് പിടിക്കുക'' നിന്നെ വാലല്ല തലയാക്കും, അത്കൊണ്ട് തലയ്ക്കല്ലേ പിടിക്കേണ്ടത് വാലിനല്ലല്ലോ എന്ന് അവൻ ചിന്തിച്ചില്ല. വലിയ കാര്യങ്ങൾക്ക് വേണ്ടിയല്ലേ വിളിച്ചത് അത്കൊണ്ട് ചെറിയ കാര്യങ്ങൾ ചെയ്യണമോ എന്ന് അവൻ ചിന്തിച്ചില്ല. അവനോട് പറയാത്ത ആലോചനക്ക് കീഴിലല്ല അവൻ ഓടിയത്. അവനോട് പറഞ്ഞ ആലോചനക്ക് കീഴിൽ അവൻ

ഓടി. കൈനീട്ടി വാലിന് പിടിക്കുവാൻ പറഞ്ഞു. അവൻ അത് ചെയ്തു. അത് വടിയായി തീർന്നു. മുമ്പോട്ടുള്ള യാത്രയിൽ അത്ഭുതങ്ങൾ ചെയ്യുവാൻ വേണ്ടി ആ വടി ദൈവം അവന് കൊടുത്തു.

വീണ്ടും ദൈവം അവനെ പരിശീലിപ്പിക്കുകയാണ് നിന്റെ കൈ മാർവ്വിടത്തിൽ ഇടുവാൻ പറഞ്ഞു. അവൻഅത് ചെയ്തു. തുടർന്ന് തന്റെ കരത്തെ അവൻ നോക്കിയപ്പോൾ ഹിമം പോലെ വെളുത്ത കുഷ്ഠം അവന്റെ കയ്യിലാകെ നിറഞ്ഞിരിക്കുന്നു. ദൈവം പറഞ്ഞതനുസരിച്ച് ഓടിയതിന്റെ പ്രതിഫലം കുഷ്ഠമാണോ എന്നോർത്ത് അവൻ വ്യാകുലപ്പെട്ടു. ഈ ദൈവം നീതിമാനാണോ എന്ന് അവൻ സംശയിച്ചു. ദൈവ കൽപനക്കും, ആലോചനക്കുംകീഴിൽഓടിയിട്ട് കുഷ്ഠ സമാനമായ ഒന്നാണോ ലഭിച്ചത് എന്നോർത്ത് അവൻ ദു:ഖിച്ചു. ദൈവം അവനെ പരിശീലിപ്പിക്കുകയാണ് എന്ന് അവൻ അറിഞ്ഞില്ല. വീണ്ടും ആ കൈ മാർവ്വിടത്തിൽ ഇടുവാൻ പറഞ്ഞു. കുഷ്ഠത്തിന്മേൽ കുഷ്ഠവും ദു:ഖത്തിന്മേൽ ദു:ഖവും വരാനാണോ ദൈവികാലോചനക്ക് കീഴിൽ ഓടുന്നത് എന്ന് അവൻ ചിന്തിച്ചില്ല. ദൈവം പറഞ്ഞത് അവൻ അനുസരിച്ചു. അവന്റെ കൈ പഴയത് പോലെയായി. വലിയ അത്ഭുതങ്ങൾ ചെയ്യാൻ ദൈവം അവനെ പരിശീലിപ്പിച്ചെടുത്തു.

തുടർന്ന് അത്ഭുതങ്ങളുടെ വലിയ പരമ്പരക്ക് ദൈവം തുടക്കമിടുകയാണ്. പത്ത് വലിയ അത്ഭുതങ്ങൾ ദൈവം മിസ്രയിം ദേശത്ത് ചെയ്തു. ഒരേ സമയം അത് അത്ഭുതവും അതേ സമയം മിസ്രയിമിന് അത് ദണ്ഡനവുമായി ത്തീർന്നു. ദൈവം അത്ഭുതങ്ങൾ കൊണ്ട് മിസ്രയിമിനെ പീഢിപ്പിച്ചു. അങ്ങനെ ഫറവോൻ ഇസ്രയേൽ ജനത്തെ വിട്ടയച്ചു. ഒരു വലിയ വിടുതലിലേക്ക് ജനം പ്രവേശിച്ചു.

ഏലീ പുരോഹിതന്റെ കാലഘട്ടത്തിലും ശത്രു പാളയത്തിനകത്ത് ചെന്ന്

യുദ്ധം ചെയ്ത യഹോവയുടെ പ്രവൃത്തികളെ കാണുവാൻ കഴിയും. ഏലിയും അവന്റെ മക്കളും യഹോവയുടെ നാമം മഹത്വപ്പെടുത്തുവാൻ വിളിക്കപ്പെട്ടവർ ആയിരുന്നെങ്കിലും അവരുടെ മ്ലേച്ഛതകളും അനുസരണക്കേടുകളും കാരണം യഹോവയുടെ മഹത്വം ഇസ്രയേലിൽ നിന്ന് പൊയ്പ്പോയി. ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുത്തു. അതിനെ ഏബൻ ഏസരിൽ നിന്ന് അസ്തോദിലേക്ക് കൊണ്ട് പോയി അവിടെയുള്ള ദാഗോന്റെ ക്ഷേത്രത്തിൽ ദാഗോന്റെ വിഗ്രഹത്തിനടുത്ത് യഹോവയുടെ പെട്ടകം വച്ചു. യഹോവയുടെ ഒരുഅഭിഷിക്തൻ പോലും അവിടെയില്ല. ഫെലിസ്ത്യന്റെ ദേശം, ഫെലിസ്ത്യന്റെ ക്ഷേത്രം, ഫെലിസ്ത്യന്റെ വിഗ്രഹം,ഫെലിസ്ത്യൻ അകത്തും പുറത്തും ബലപ്പെട്ടു നിൽക്കുന്നു. ഏകനായി അത്ഭുതങ്ങളെ ചെയ്യുന്നവൻ അത്ഭുതങ്ങൾക്ക് തുടക്കമിടുകയാണ്. ഫെലിസ്ത്യ വിഗ്രഹത്തിന് കണ്ണ് ഇല്ലെങ്കിലും അതിന്മേൽ വ്യാപരിച്ച് കിടക്കുന്ന പൈശാചിക ശക്തി രാത്രിയിൽ കണ്ണ് തുറന്ന് അടുത്ത് ഇരിക്കുന്ന യഹോവയുടെ നിയമപ്പെട്ടകത്തിലേക്ക് നോക്കി. നോക്കിയ നിമിഷം തന്നെ വിറച്ച് കവിണ്ണ് വീണു. രാവിലെ അസ്തോദ്യർ വന്ന് നോക്കിയപ്പോൾ ദാഗോന്റെ വിഗ്രഹം വീണ് കിടക്കുന്നു. ദൈവശക്തിയെക്കുറിച്ച് അറിവില്ലാത്ത ആ ജാതീയർ ദാഗോനെ വീണ്ടും പഴയ സ്ഥാനത്ത് നിർത്തിയിട്ട് പോയി. അഭിഷിക്ത മണ്ഡലത്തിനെതിരെ വെല്ലു വിളിച്ച് നിന്ന ദാഗോന്യ ശക്തിയെ കീഴ്പ്പെടുത്തി വീഴിച്ചിട്ടാൽ സമയം കിട്ടുമ്പോൾ അവൻ വീണ്ടും എഴുന്നേറ്റ് പോരാടും എന്ന് കണ്ടറിഞ്ഞ ദൈവം വീണ്ടും ആ ദുഷ്ടശക്തി എഴുന്നേറ്റ് നിന്ന് അഭിഷിക്ത മണ്ഡലത്തിനെതിരെ പോരാടാതെ ഇരിക്കുവാൻ വേണ്ടി അതിനെ മൂന്നായി പിളർത്തി ചിതറിച്ച് അതിനെ തകർത്തു. ശത്രു മൂന്ന് വിധത്തിലാണ് അഭിഷിക്ത മണ്ഡലത്തിനെതിരെ വെല്ലുവിളിച്ച് നിന്നത്.

1. അവന്റെ ചിന്തയിലൂടെ
2. അവന്റെ കൈ ഉപയോഗിച്ച്
3. അവന്റെ ശരീരം ഉപയോഗിച്ച്

അഭിഷിക്ത മണ്ഡലത്തിനെതിരെ നിന്ന ആ ദുഷ്ട ചിന്താമണ്ഡലത്തെ, ശിരസ്സിനെ ദൈവം വെട്ടി. അഭിഷിക്ത മണ്ഡലത്തെ പീഢിപ്പിച്ച ആ കറുത്ത കരത്തെ അവൻ വെട്ടി. അഭിഷിക്ത മണ്ഡലത്തിനെതിരെ ഉറച്ച് നിന്ന് പോരാടിയ ഉടലിനേയും ദൈവം വെട്ടിക്കളഞ്ഞു. ദാഗോന്റെ തലയും ഉടലും ക്ഷേത്രത്തിന്റെ ഉമ്മറപ്പടിമേൽ മുറിഞ്ഞ് വീണ് കിടന്നു.

അഭിഷിക്ത മണ്ഡലത്തിനെതിരെ പഴയത് പോലെ ഒന്ന് പോരാടിയാൽ കൊള്ളാം എന്ന് ദാഗോൻ ആഗ്രഹിച്ചു. പക്ഷെ വീണ്ടും എഴുന്നേൽക്കുവാൻ കഴിയാത്തരൂപത്തിൽ ദൈവം അവനെ വെട്ടിക്കളഞ്ഞു. ദാഗോന്റെ മണ്ണിൽ യഹോവയുടെ നിയമപ്പെട്ടകം ജയിച്ച് നിൽക്കുകയാണെങ്കിലും ദൈവം ആഗ്രഹിച്ച സ്ഥലത്ത് അത് ഇതുവരെ എത്തപ്പെട്ടിട്ടില്ല. അതിന് ദൈവം മറ്റൊരു യുദ്ധപദ്ധതി ഒരുക്കി. യഹോവ തന്റെ കരം അസ്തോദ്യരുടെ മേൽ ഭാരമാക്കി. മൂലരോഗത്താൽ യഹോവ അവരെ ബാധിച്ചു. യഹോവയുടെ പെട്ടകം ഏത് പട്ടണത്തിലായിരിക്കുന്നുവോ അവിടുത്തെ ഫെലിസ്ത്യർ ആ ബാല വൃദ്ധം മൂലരോഗത്താൽ ഭാരപ്പെട്ടു. ദൈവത്തിന്റെ പെട്ടകം എത്തേണ്ട സ്ഥലത്ത് എത്തിക്കുവാൻ ഫെലിസ്ത്യന് മടി. അത്കൊണ്ട് അവർ ഫെലിസ്ത്യദേശത്തിലെ ഓരോ പട്ടണത്തിലേക്കും പെട്ടകത്തെ മാറിമാറി അയച്ചു. പക്ഷെ മൂലരോഗം വിട്ടുമാറുന്നില്ല. അഭിഷിക്ത മണ്ഡലത്തിനെതിരെ, അതിന്റെ മുമ്പോട്ടുള്ള ഗമനത്തെ, വഴിയെ തടുത്ത് നിർത്തുവാൻ കഴിയില്ലായെന്ന് മനസ്സിലാക്കിയ ഫെലിസ്ത്യർ അഭിഷിക്ത ആലോചനയ്ക്ക് കീഴ്പ്പെട്ടു പ്രായശ്ചിത്തത്തിനൊരുങ്ങുകയാണ്. നുകം വച്ചിട്ടില്ലാത്ത കറവുള്ള രണ്ട് പശുക്കളെ കൊണ്ട് വന്ന് ഒരു വണ്ടിക്ക് കെട്ടി യഹോവയുടെ നിയമപ്പെട്ടകം അതിൽ വച്ചു. പെട്ടകം വച്ച വണ്ടി ബേത്ത്– ശേമെശിലേക്കുള്ള വഴിയിൽ ഇസ്രയേൽ ദേശത്തേക്ക് യാത്ര പുറപ്പെട്ടു. ഫെലിസ്ത്യർ അല്ല ആ വണ്ടിയെ നയിച്ചത്. യഹോവയുടെ ദൂതന്മാരാണ് യഥാർത്ഥ വഴിയിലൂടെ അത് ഓടിച്ചത്. എത്തേണ്ടത് എത്തേണ്ട സ്ഥലത്ത് എത്തിയപ്പോൾ യഹോവയുടെ

പെട്ടകം ഇസ്രയേൽ ദേശത്ത് എത്തിയപ്പോൾ ഫെലിസ്ത്യന്റെ മൂലരോഗം ശമിച്ചു. ഇപ്പോൾ രണ്ട് കൂട്ടർക്കും വിടുതലായി. അഭിഷിക്ത മണ്ഡലത്തിനെതിരെ ഒന്നും ചെയ്യുവാൻ കഴിയില്ലായെന്ന് ശത്രുവിനും മനസസ്സിലായി. യഹോവ വേഗതയുള്ള മേഘത്തെ വാഹനമാക്കി ശത്രു പാളയത്തിൽ ഇറങ്ങി തന്റെ ജനത്തെ വിടുവിച്ച് ലക്ഷ്യത്തിൽ എത്തിച്ചു.

യഹോവ അത്ഭുതങ്ങൾ കൊണ്ട് ഫറവോനെ ദണ്ഡിപ്പിച്ച് ഇസ്രയേൽജനത്തെ അവന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് വാഗ്ദത്ത ദേശത്തേക്ക് കൊണ്ടുപോകുകയാണ്. വാഗ്ദത്ത ദേശത്ത് എത്തപ്പെടുന്നതിന് മുമ്പുള്ള യാത്രയിൽ ചെങ്കടൽ, മരുഭൂമി, പിന്തുടരുവാൻ ബദ്ധപ്പെടുന്ന ഫറവോൻ, മരുഭൂമിയിലെ ഉഷ്ണക്കാറ്റ്, വിഷ സർപ്പങ്ങൾ, മരുഭൂമിയായത് കൊണ്ട് നീരുറവകളുടെ കുറവ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിക്കേണ്ടതുണ്ട് എന്ന് സകലതും അറിയുന്ന ദൈവം, ഒന്നും രണ്ടും അല്ല 25 ലക്ഷത്തോളം വരുന്ന വലിയ ഒരു ജനതയെയാണ് മരുഭൂമിയിൽക്കൂടി നടത്തേണ്ടത് എന്നറിവുള്ള ദൈവം, അഭിഷിക്തനായ മോശക്ക്, അവന്റെ കൂടെയുള്ള ജനത്തിന് വേണ്ടി വലിയ ഒരു മേഘസ്തംഭത്തെ നൽകി. മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള ഒരു വഴിയിലൂടെയല്ല, വഴിയില്ലാത്ത മരുഭൂമിയിൽ വഴി വെട്ടിത്തുറന്നാണ് യാത്ര ചെയ്യേണ്ടത് എന്നുള്ളത് കൊണ്ട് ദിശാബോധം നൽകുവാൻ, ലക്ഷ്യത്തിൽ എത്തിക്കുവാൻ വേണ്ടി ദൈവം മേഘസ്തംഭത്തെ അവർക്കായി അയച്ചു. അവർ പകലും രാവും യാത്രചെയ്‌വാൻ തക്കവണ്ണം അവർക്ക് വഴി കാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും അവർക്ക് വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്ക് മുമ്പായി പോയികൊണ്ടിരുന്നു, പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ജനത്തിന്റെ മുമ്പിൽനിന്ന് മാറിയതുമില്ല . പുറ: 13:21:22. യഹോവ മേഘസ്തംഭത്തെ വാഹനമാക്കി തന്റെ ജനത്തെ സംരക്ഷിച്ച് കൊണ്ട് അവർക്ക് മുമ്പായി പൊയ്കൊണ്ടിരുന്നു.

മിസ്രയിമിൽ വച്ച് ഫറവോൻ തന്റെ ജനത്തെ വല്ലാതെ പീഢിപ്പിച്ചത് പോലെ ഇപ്പോഴും പീഢിപ്പിക്കുവാൻ അവൻ തയ്യാറാകുകയാണ്. അവൻ ഒത്തിരി ഒരുക്കങ്ങളൊക്കെ നടത്തി. വിശേഷപ്പെട്ട 600 രഥങ്ങളും മിസ്രയിമിലെ സകല രഥങ്ങളേയും അവക്ക് വേണ്ട തേരാളികളേയും വലിയ ഒരു കൂട്ടം പടജനത്തേയും കൂട്ടി നിരാശ്രയരെന്നും നിരായുധരെന്നും അവൻ കരുതിയ ഇസ്രയേൽ ജനത്തെ മരുഭൂമിയിൽ ഒടുക്കികളയുവാൻ അവൻ ബദ്ധപ്പെട്ട് വരികയാണ്. പക്ഷെ മേഘ സ്തംഭത്തിൽ യഹോവ ഇറങ്ങി വലിയ ഒരു സംരക്ഷണകോട്ട ഇസ്രയേൽജന ത്തിന് നൽകിയത് ഫറവോൻ അറിഞ്ഞില്ല. ഒരു ദുരാത്മാഭിഷേകത്തിനും ഒരു ദേശാന്ധകാര ശക്തിക്കും ആ സംരക്ഷണകോട്ട ഉള്ളേടത്തോളം കാലം ഇസ്ര യേൽ ജനത്തെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ദൈവത്തിന് അത് ഫറവോനെ ഒന്ന് ബോദ്ധ്യപ്പെടുത്തി കൊടുക്കേണ്ടതുണ്ട്. അത് മാത്രമല്ല എന്നേയ്ക്കുമായി അവനെ ഒടുക്കി കളയേണ്ടതും ഉണ്ട്. ചെങ്കടലിനേയും ഫറവോനേയും കണ്ട് ഭയപ്പെട്ട് നിലവിളിച്ച ജനത്തോട് ദൈവം പറഞ്ഞു ഭയപ്പെടേണ്ട, ഉറച്ച് നിൽപിൻ, നിങ്ങൾ കാണുന്ന ഈ മിസ്രയിമ്യരെ ഇനി ഒരുനാളും കാണുകയില്ല യഹോവ നിങ്ങൾക്ക് വേണ്ടി യുദ്ധം ചെയ്യും എന്ന് പറഞ്ഞു പുറ:14:13,14.

ദൈവം മോശയോട് പറഞ്ഞുവടി എടുത്ത് നിന്റെ കൈ കടലിൻമേൽ നീട്ടി അതിനെ വിഭാഗിക്ക എന്ന് പറഞ്ഞു പുറ: 14:16. ഒരിക്കൽ സർപ്പം പോലെ അവന്റെ നേരെ ചീറിനിന്ന വടി വലിയ ഒരു അത്ഭുതപ്രവൃത്തിക്ക് നേതൃത്വം കൊടു ത്തു. ചെങ്കടൽ പിളർന്ന് മാറി. ദൈവം അടുത്ത ഘട്ടത്തിലേക്ക് കാര്യങ്ങൾ എത്തി ക്കുകയാണ്. പിന്തുടരുവാൻ ഫറവോനെ അനുവദിച്ചു. ചെങ്കടലിൽക്കൂടി നട ക്കുന്ന ജനത്തെ ഫറവോൻ പിന്തുടർന്നു. ചെങ്കടലിൽ ദൈവം തുറന്ന വഴി തന്റെ ജനത്തിന് വേണ്ടിയാണ് ഫറവോന് വേണ്ടിയല്ല. പക്ഷെ ഫറവോൻ ചിന്തിക്കുന്നത് അവനും കൂടി വേണ്ടിയാണ് ചെങ്കടൽ ദൈവം പിളർന്നത് എന്ന്. അത്കൊണ്ട് ഇസ്രയേൽജനം ചെങ്കടലിൽ ക്കൂടി നടന്നത് പോലെ അവനും നടക്കുകയാണ്. ദൈവം ഫറവോനും ഇസ്രയേൽ ജനത്തിനും മദ്ധ്യേ മേഘസ്തംഭത്തിൽ നിന്നു.

വലിയ ഒരു സംരക്ഷണ മതിലായി മേഘസ്തംഭം അവിടെ നിന്നു. ചെങ്കടൽ ഒരിക്കൽ ഭയപ്പെടുത്തിയതായിരുന്നുവെങ്കിലും ദൈവം അതിനെ പിളർത്തിയപ്പോൾ അതും ഇസ്രയേൽ ജനത്തിന് വേണ്ടി ഒരു മതിൽപോലെ നിന്നു. അവരുടെ ഇടത്തും വലത്തും വെള്ളം മതിലായി നിന്നു പുറ:14:22. അഗ്നി മേഘസ്തംഭം ഇസ്രയേൽ ജനത്തിന് സംരക്ഷണകോട്ട തീർത്തപ്പോൾ മിസ്രയിമ്യ സൈന്യത്തെ അത് താറുമാറാക്കി. ( പഭാത യാമത്തിൽ യഹോവ അഗ്നി മേഘസ്തംഭത്തിൽ നിന്ന് നോക്കി മിസ്രയിമ്യ സൈന്യത്തെ താറുമാറാക്കി പുറ: 14:24. ദൈവം മിസ്രയിമ്യ സൈന്യത്തിന്റെ മുമ്പും പിമ്പും അടച്ച് തന്റെ കരം അവരുടെ മേൽ ഭാരമാക്കി അവർ ചെങ്കടലിൽ ചത്ത് പൊങ്ങി. ദൈവം തന്റെ ജനത്തിന്റെ പിമ്പും മുമ്പും അടച്ച് തന്റെ കൈ അവരുടെ മേൽ വയ്ക്കാറുണ്ട്. പക്ഷെ അത് നശിപ്പിക്കുവാൻ വേണ്ടിയല്ല. തന്റെ ജനത്തെ സംരക്ഷിക്കുവാൻ വേണ്ടിയാണ്.

മേഘം സമാഗമനകൂടാരത്തെ മൂടി യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചു, മേഘം സമാഗമന കൂടാരത്തിന്മേൽ അധിവസിക്കുകയും യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറക്കുകയും ചെയ്തത് കൊണ്ട് മോശക്ക് അകത്ത് കടപ്പാൻ കഴിഞ്ഞില്ല പുറ:40:34,35. ദൈവത്തിന്റെ മഹത്വവും തേജസ്സും തിരുനിവാസത്തിൽ ഇറങ്ങി, മേഘരൂപമാർന്ന കൈകൾ കൊണ്ട് തന്റെ ജനത്തെ അവൻ ആശ്വസിപ്പിച്ചു. തന്റെ സന്തോഷം അവരുടെ ചുറ്റും ഉള്ളിലും ആക്കി ദൈവം അവരെ അനുഗ്രഹിച്ചു.

ഇസ്രയേൽജനം വാഗ്ദത്തദേശത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് യഹോവയുടെ തേജസ്സ് മേഘരൂപത്തിൽ വെളിപ്പെട്ടത് പോലെ യഹോവയുടെ തേജസ്സ് മറ്റൊരു സ്ഥലത്ത് മറ്റൊരു സമയത്ത് വെളിപ്പെടുകയാണ്. വാഗ്ദത്തദേശത്ത് വാഗ്ദത്തദേവാലയമായ യരുശലേം ദേവാലയം പണിപൂർത്തീകരിച്ച് ജനം അതിൽ പ്രവേശിക്കുന്നതിന് മുമ്പ് യഹോവയുടെ തേജസ്സ് മേഘരൂപത്തിൽ നിറഞ്ഞു. പുരോഹിതന്മാർ വിശുദ്ധ മന്ദിരത്തിൽ നിന്ന് പുറപ്പെട്ടപ്പോൾ മേഘം

യഹോവയുടെ ആലയത്തിൽ നിറഞ്ഞു, യഹോവയുടെ തേജസ്സ് യഹോവയുടെ ആലയത്തിൽ നിറഞ്ഞിരുന്നത് കൊണ്ട് മേഘം നിമിത്തം, ശുശ്രൂഷ ചെയ്യേണ്ടതിന് നിൽപാൻ പുരോഹിതന്മാർക്ക് കഴിഞ്ഞില്ല .I King:8:10,11. മേഘം യഹോവ യുടെ തേജസ്സ് ആലയത്തിന്റെ നിയന്ത്രണം സമ്പൂർണ്ണമായി ഏറ്റെടുത്തു.

യരുശലേം നഗരത്തെ ആസ്ഥാനമാക്കി ഭൂമിയെ 1000 വർഷം ഭരിക്കു ന്നതിനായി കർത്താവ് വാനമേഘേ ഭൂമിയിലേക്ക് തന്റെ തേജസ്സ് അണിഞ്ഞ് കൊണ്ട് വരുന്ന സമയത്ത് ഭൂമി മുഴുവൻ അവന്റെ സമ്പൂർണ്ണ നിയന്ത്രണത്തിൽ ആകുന്ന നാളിൽ യഹോവയുടെ തേജസ്സ് ഭൂമിയുടെ മേൽ നിറയും. രാത്രി ദർശനങ്ങളിൽ മനുഷ്യ പുത്രനോട് സദൃശ്യനായ ഒരുത്തൻ ആകാശ മേഘങ്ങ ളോടെ വരുന്നത് കണ്ടു.......... സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു, അവന്റെ രാജത്വം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ച് പോകാ ത്തതും ആകുന്നു Dan:7:13,14. ആ കാലഘട്ടത്തിൽ ഒന്നിന് മറ്റൊന്നിനെ അപാ യപ്പെടുത്തുവാൻ കഴിയില്ല. െ ചന്നായയും കുഞ്ഞാടും ഒരുമിച്ച് മേയും, സിംഹം കാള എന്നപോൽ വൈക്കോൽ തിന്നും, സർപ്പത്തിന് പൊടി ആഹാരമായിരിക്കും, എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ, നാശമോ ആരും ചെയ്ക യില്ല എന്ന് യഹോവ അരുളി ചെയ്യുന്നു യശ:65:25. പുതിയ നിയമത്തിൽ കർത്താവ് തന്നെ താൻ വരുന്ന വിധം പ്രസ്താവിക്കുന്നു. മനുഷ്യ പുത്രൻ സർവ്വ ശക്തന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നതും ആകാശ മേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്ന് ഞാൻ പറയുന്നു Mt: 26:64. ആകാശ മേഘ ങ്ങളിൽ തന്റെ തേജസ്സ് വെളിപ്പെടുത്തി രാജാധിരാജനാം കർത്താവ് വരുന്ന ദിന ങ്ങൾ സമാഗതമായി.

മേഘം വെളിപ്പെടുന്ന മറ്റ് ചില ഭാഗങ്ങളും ബൈബിളിൽ നമുക്ക് കാണു വാൻ കഴിയും.ഇതാ കടലിൽ നിന്ന് ഒരു മനുഷ്യന്റെ കൈ പോലെ െ ചറിയ മേഘം

പൊങ്ങുന്നു എന്ന് പറഞ്ഞു I King:18:44. വലിയ ഒരു അഭിഷിക്തനായ ഏലിയാവ് ദൈവം പറഞ്ഞത് എല്ലാം അവൻ ചെയ്തു. ദൈവം പറഞ്ഞിട്ട് ആഹാബിന്റെ മുഖത്ത് നോക്കി അവൻ പറഞ്ഞുഞാൻ പറഞ്ഞല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല. വചന വിരുദ്ധമാ യി ഓടിയ രാഷ്ട്ര ഭരണാധികാരിയുടെ മുഖത്ത് നോക്കി അവൻ പ്രവചിച്ചു. ഈ കാലഘട്ടത്തിലും ഇങ്ങനെയുള്ള അഭിഷിക്തന്മാർ എഴുന്നേൽക്കേണ്ടതുണ്ട്. കെരീത്ത് തോട്ടിനരികെ ഒളിച്ചിരിക്കുവാൻ ദൈവം അവനോട് പറഞ്ഞു. എന്തിനാണ് ഇങ്ങനെ ഒളിച്ചിരിക്കുന്നത് എന്ന് അവൻ ചോദിച്ചില്ല. അവൻ അനുസരിച്ചു. സാരെഫാത്തിലെ വിധവയുടേയും കുഞ്ഞിന്റെയും അടുക്കൽ പോയി കുറെ നാൾ താമസിക്കുവാൻ പറഞ്ഞു. അവൻ അനുസരിച്ചു. തുടർന്ന് ദൈവം പറഞ്ഞതനുസരിച്ച് കർമ്മേലിൽ 400 ഉം 450 ബാൽ അശേരാ പ്രവാചകന്മാരെ കീഴ്പ്പെടുത്തി യഹോവയുടെ ആരാധന പുനസ്ഥാപിച്ചു.

ദൈവം പറയുന്നതെല്ലാം ചെയ്യുമ്പോഴും അവന്റെ ഉള്ളിൽ ഒരു ആഗ്രഹം ഉണ്ടായിരുന്നു. ഒരു വലിയ മഴ. അത് അവന്റെ ഉള്ളിലെ കൊതിക്കുന്ന ഒരു ആഗ്രഹമായിരുന്നു. അതിന് വേണ്ടിയായിരുന്നു സകല കഷ്ടതയും പീഢയും ഏകാന്തതയും അവൻ സഹിച്ചത്. പക്ഷെ ഇതെല്ലാം ചെയ്ത് കഴിഞ്ഞിട്ടും മഴ കാണാത്തതിൽ അവൻ ഖിന്നനായി. ദു:ഖിതനായി കർമ്മേൽ പർവ്വതത്തിന്റെ മുകളിലേക്ക് അവൻ കയറി, നിലത്ത് കുനിഞ്ഞ് മുഖം മുഴങ്കാലുകളുടെ ഇടയിൽ വച്ച് തളർന്നിരിക്കുകയാണ്. ഇടയ്ക്ക് അവൻ ബാല്യക്കാരനോട് പറയുന്നുണ്ട് കടലിന് നേരെ ചെന്ന് ഒന്ന് നോക്കുക. ബാല്യക്കാരൻ കടലിന്റെ നേരെ ചെന്ന് നോക്കിയതിന് ശേഷം ഒന്നും ഇല്ല എന്ന് പറഞ്ഞു. പിന്നേയും വ്യത്യസ്ത സമയങ്ങളിൽ കടലിന് നേരെ ചെന്ന് നോക്കുവാൻ പറഞ്ഞു. ആറ് പ്രാവശ്യം നിരാശപ്പെടുത്തുന്ന വാർത്ത കേട്ട് ദു:ഖിച്ച് ദു:ഖിച്ച് അവന്റെ മുഖം കുനിയുകയാണ്. എന്നാൽ ഏഴാം പ്രാവശ്യം ഒരു വാർത്ത അവൻ കേട്ടു. ഇതാ കടലിൽ നിന്ന് ഒരു മനുഷ്യന്റെ കൈപോലെ ഒരു മേഘം പൊങ്ങുന്നു. ഏലിയാ

വിന് അത്രയും മതി മുന്നേറുവാൻ, ഉണരുവാൻ, തളർച്ച മാറുവാൻ. കാരണം ഒരു മേഘം കണ്ട് കഴിഞ്ഞാൽ ബാക്കി എന്തൊക്കെ കാര്യങ്ങളാണ് സംഭവിക്കുവാൻ പോകുന്നത് എന്ന് ഏലിയാവ് അറിഞ്ഞിരുന്നു. ദൈവത്തിൽ നിന്ന് അത് അവൻ പ്രാപിച്ചിരുന്നു. ക്ഷണത്തിൽ ആകാശം മേഘവും കാറ്റും കൊണ്ട്കറുത്തു ഒരു വലിയ മഴ പെഴ്തു. തുടർന്ന് യഹോവയുടെ കൈ ഏലിയാവിന്റെ മേൽ വന്നു. രഥം പൂട്ടി ഓടുന്ന ആഹാബിന്റേയും മുമ്പിൽ അവൻ ഓടി. കാലാളുകളുടെ കൂടെ ഓടിയ സമയത്ത് ക്ഷീണിച്ച് പോയവൻ ഇപ്പോൾ കുതിരകളോട് മത്സരിച്ച് ഓടുകയാണ്. സമാധാന ദേശത്ത് ഭയപ്പെട്ടിരുന്നവൻ ഇപ്പോൾ യോർദ്ദാന്റെ വൻകാട്ടിൽ വീര്യം വെളിപ്പെടുത്തുകയാണ്.

ബൈബിളിൽ മൂന്ന് ഭാഗത്ത് മേഘങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നത് വീണ്ടും കാണാം. മാനുഷിക സ്വഭാവത്തേയും, പൈശാചിക സ്വഭാവത്തേയും, ദൈവികസ്വഭാവത്തേയും അത് കാണിക്കുന്നു. നിങ്ങളുടെ വാത്സല്യം പ്രഭാതമേഘം പോലെയും പുലർച്ചയ്ക്ക് നീങ്ങിപ്പോകുന്ന മഞ്ഞ്പോലെയും ഇരിക്കുന്നു. Hosea:6:4. പ്രഭാതമേഘത്തിന്റെ സ്വഭാവം എന്താണ്? സ്ഥായിയായ ഒരു സ്വഭാവമില്ല. വേഗത്തിൽ വന്ന് വേഗത്തിൽ പോകുന്ന ഒരു സ്വഭാവം. മനുഷ്യന്റെ സ്വഭാവമാണത്. ഒരിക്കൽ ഭയങ്കരമായി സ്നേഹിക്കും, പിന്നെ ഭയങ്കരമായി വെറുക്കും. ഒരിക്കൽ സഹായിക്കും, പിന്നെ ദ്രോഹിക്കും. ഒരു സമയത്ത് കരുണ കാണിക്കും, പിന്നെ കഠിനഹൃദയം കാണിക്കും. എന്നാൽ ദൈവമോ ഗതിഭേദത്താലുള്ള ആച്ഛാദനമില്ലാത്ത നിത്യസ്നേഹം നൽകുന്ന അനാദിയായ ദൈവം.

പൈശാചികമായ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു ഭാഗം മേഘങ്ങളോടുള്ള ബന്ധത്തിൽ കാണാം. കാറ്റ് കൊണ്ട് ഓടുന്ന വെള്ളമ ില്ലാത്ത മേഘങ്ങൾ യൂദ:12. ഒറ്റനോട്ടത്തിൽ നോക്കുമ്പോൾ മേഘമാണ്. ദൈവികമെന്നും നല്ലത് എന്നും നന്മയെന്നും തോന്നും. എന്നാൽ അതിനകത്ത് നന്മയായത് എന്നൊന്നി

ല്ല, ദാഹം തീർക്കുന്നതിനുള്ളത് അതിനകത്തില്ല. വെറും മരീചികയാണത്. വെള്ള മില്ലാത്ത മേഘങ്ങൾ. ഇന്ന് ലോകത്ത് മനുഷ്യദൈവങ്ങളായി നാശത്തിലേക്കും, നരകത്തിലേക്കും ജന സഹസ്രങ്ങളെ കൊണ്ട് പോകുന്ന വെള്ളമില്ലാത്തമേഘ ങ്ങൾ ഉണ്ട്. രാഷ്ട്ര ഭരണാധികാരികൾ വരെ അവരുടെ പുറകെ പോകുന്നു. ശുശ്രൂഷാ മണ്ഡലത്തിനകത്തും വെള്ളമില്ലാത്ത മേഘങ്ങളെപ്പോലെ ഓടുന്നവ രുണ്ട്. പരിശുദ്ധ ആലോചനക്ക് വിപരീതമായി, സ്വന്തം ജഢികാലോചനയ്ക്ക് കീഴിൽ ഓടുന്ന ഒരു കൂട്ടർ. സ്വന്തം സ്വാർത്ഥ ലാഭങ്ങളാണ് അവരെ നയിക്കുന്നത്. ദാഹിച്ച് ഒരുവൻ അരികെ വന്നാൽ ഒരു തുള്ളി ജലം, നന്മ, സന്തോഷം, സ്നേഹം നൽകുവാൻ കഴിയാത്ത സകലത്തിലും ദോഷം മാത്രം കാണുന്ന ഇലകൊഴിഞ്ഞ, ഫലമില്ലാത്ത, വേരറ്റ് പോയ വൃക്ഷങ്ങൾ, വക്രഗതി യുള്ള നക്ഷത്രങ്ങൾ. സ്വയം പ്രകാശിക്കുകയും ഇല്ല. പ്രകാശിക്കുവാൻ ആഗ്ര ഹിക്കുന്നതിനെ പ്രകാശിപ്പിക്കാതെ മൂടുവാൻ ശ്രമിക്കുന്ന, സകലത്തിലും വലിയ അറിവ് ഉണ്ടെന്ന് പറയുന്ന ഒരു കൂട്ടർ. ഒഴുക്കിനനുസരിച്ച് ഓടുന്നവർ, മനുഷ്യരെ പ്രസാദിപ്പിക്കുവാൻ മാത്രം ശ്രമിക്കുന്നവർ. സ്നേഹ സദ്യകളിൽ മറഞ്ഞ് കിട ക്കുന്ന പാറകൾ. വമ്പ് പറയുന്ന വായും കാര്യസാദ്ധ്യത്തിന് മുഖസ്തുതിയും അവരുടെ ലക്ഷണങ്ങളാണ്. പൈശാചിക സ്വഭാവം വെളിപ്പെടുത്തുന്ന വെള്ളമി ല്ലാത്ത മേഘങ്ങളാണവ.

ദൈവത്തിൽ നിന്ന് വരുന്ന ദൈവീകപ്രകാശം നൽകുന്ന മറ്റൊരു മേഘത്തെ നമുക്ക് കാണുവാൻ കഴിയും. അവൻ പറയുമ്പോൾ തന്നെ പ്ര പകാ ശമുള്ള ഒരു മേഘം അവരുടെ മേൽ നിഴലിട്ടു Mt:17:5. എല്ലാവരുടേയും മുമ്പിൽ ദൈവം ഇത് വെളിപ്പെടുത്തുകയില്ല. പ്രകാശിക്കുവാൻ ആഗ്രഹിക്കുന്ന, പ്രകാശത്തിന്റെ പ്രവൃത്തികൾ ചെയ്യുന്ന, മറ്റുള്ളവരെ പ്രകാശിപ്പിക്കുവാൻ ആഗ്ര ഹിക്കുന്ന തന്റെ ജനത്തിന്റെ മുമ്പിൽ പ്രകാശമുള്ള മേഘത്തെ ദൈവം വെളി പ്പെടുത്തും. പ്രകാശമുള്ള മേഘത്തിൽ നിന്നേ പ്രകാശിപ്പിക്കുന്ന ശബ്ദം പുറ പ്പെടുകയുള്ളൂ. വചനത്തിന്റെ ആലോചനകളാണ് പ്രകാശിപ്പിക്കുന്ന ശബ്ദം

അത് ദൈവ ശബ്ദമാണ്. ദൈവവുമായി സദാ ബന്ധം ഉള്ളവനിൽ നിന്നെ ദൈവ ശബ്ദം കേൾക്കൂ. അല്ലാത്ത വ്യക്തി സ്വന്തമായതിൽ നിന്ന് വെളിപ്പെടുത്തും. അത് ഭോഷ്കിന്റെ ആത്മാവിനാൽ ആയിരിക്കുകയും ചെയ്യും. പ്രകാശമുള്ള മേഘത്തിൽ നിന്ന് പ്രകാശിപ്പിക്കുന്ന ശബ്ദം വരികയാണ്. ‘‘ഇവൻ എന്റെ പ്രിയ പുത്രൻ ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു ഇവന് ചെവികൊടുപ്പിൻ എന്ന് ഒരു ശബ്ദവും ഉണ്ടായി ’’.Mt: 17:5. പ്രകാശിപ്പിക്കുന്ന ആ ശബ്ദം കേട്ടപ്പോൾ ഒരു വലിയ ദൈവികഭയം അവരിലുണ്ടായി, അത് ആരാധനയിലേക്കും ജ്വലനത്തി ലേക്കും മുന്നേറ്റത്തിനും കാരണമായി.

മേഘരൂപത്തിൽ വെളിപ്പെടുന്ന ദൈവ തേജസ്സ്, ദൈവിക സന്തോഷം, ദൈവിക അനുഗ്രഹം, ദൈവികസംരക്ഷണം, ദൈവികലക്ഷ്യം, ദൈവിക നന്മ നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ ശുശ്രൂഷയിൽ വെളിപ്പെട്ട്, അനേ കരെ പ്രകാശിപ്പിക്കുന്ന ദൈവികജ്വാലയായി, ഒരു പ്രകാശ മേഘമായിത്തീരു വാൻ, പ്രകാശിപ്പിക്കുന്ന ദൈവശബ്ദം വെളിപ്പെടുത്തുവാൻ ദൈവം നമ്മെ ഉപയോഗിക്കട്ടേ.

**********

# യഹോവയുടെ ഫലവൃക്ഷങ്ങൾ

യഹോവയാം ദൈവത്തിന്റെ ചിന്തകളും പദ്ധതികളും അനന്യവും ഉന്നതവും മാനുഷികജ്ഞാനത്തിന് അന്യവും ആകുന്നു. ലോകസ്ഥാപനത്തിന് മുമ്പേ അനാദിയായ ദൈവം സകലതും ചിന്തിച്ചു. ദൈവത്തിന്റെ ചിന്താപദ്ധതിയിൽ കർത്താവായ യേശുക്രിസ്തു ലോകസ്ഥാപനത്തിന് മുമ്പേ അറുക്കപ്പെട്ട് ഉയർത്തെഴുന്നേറ്റു. അപ്പോസ്തലൻ അത്ഭുതപ്പെടുന്നു. ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ, അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.....സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ Rom:11:33,36 യഹോവയാകുന്നു സകലതിന്റേയും സൃഷ്ടാവും പരിപാലകനും. ഭൂമിയും നക്ഷത്രങ്ങളും ഗ്രഹങ്ങളും ദൂതന്മാരും ഭൂമിയിലെ മനുഷ്യരും ജീവജാലങ്ങളും വൃക്ഷങ്ങളും സകലതും ദൈവത്തിന്റെ കൈപ്പണി. സകലതും ദൈവം തമ്മിൽ തമ്മിൽ ഇണക്കി പണിയുന്നു. മനുഷ്യസൃഷ്ടിക്ക് മുമ്പ് അവന് ആവശ്യമായത് മുഴുവൻ ദൈവം ഭൂമിയിൽ സൃഷ്ടിച്ചു. തുടർന്ന് ദൈവം അവനെ ആണും പെണ്ണുമായി സൃഷ്ടിച്ച്, പിന്നീട് വേർപെടുത്തിയെടുത്തതിന് ശേഷം അവരെ ഒന്നിപ്പിച്ചു.

വൃക്ഷങ്ങളെ ഭൂമിയിൽ നട്ടത്, മുളപ്പിച്ചത് ദൈവമാണ് അവയ്ക്ക് വളരുന്നതിനാവശ്യമായത് ദൈവം കരുതി വച്ചു. അവ വളർന്ന് വലിയ ഫലവൃക്ഷങ്ങളായി ഭൂമിയിൽ നിറഞ്ഞു. അനേകർ

അത് മുഖാന്തരം അനുഗ്രഹം പ്രാപിച്ചു. തോട്ടത്തിലെ ഫലവൃക്ഷങ്ങൾ വിവിധ ഫലങ്ങൾ നൽകി ജനത്തെ ആശ്വസിപ്പിച്ചു. വ്യത്യസ്ത രീതിയിലുള്ളവ, വ്യത്യസ്ത വലിപ്പമുള്ളത്, വ്യത്യസ്ത ഫലങ്ങൾ ഉള്ളത്, വ്യത്യസ്ത രുചി, വ്യത്യസ്ത നിറം. അങ്ങനെ വൈവിധ്യങ്ങളാൽ മനോഹരമായ ഫലവൃക്ഷങ്ങൾ. ഭൗമിക വൃക്ഷങ്ങൾ പോലെ തന്നെ ദൈവം നട്ട ആത്മീക ഫലവൃക്ഷങ്ങൾ ഉണ്ട്. വൃക്ഷങ്ങൾ താഴെ വേരൂന്നി മീതെ ഫലം കായ്ക്കേണ്ടതിന് ആവശ്യമായത് ജലം ആണ്. വരണ്ട നിലത്ത്, ജലാംശം ഇല്ലാത്ത ഭൂമിയിൽ വൃക്ഷങ്ങൾ ഫലം കൊടുക്കാതെ നിൽക്കും എന്നുള്ളത് കൊണ്ട് അവയ്ക്കാവശ്യമായത് ദൈവം കരുതുന്നു. സഭ കെട്ടിയടച്ച തോട്ടമാണ്. ഈ തോട്ടത്തിൽ അനേക ഫലവൃക്ഷങ്ങൾ ഉണ്ട്. അവ ഫല സമൃദ്ധിയിലേക്ക് വരുവാൻ ദൈവം നട്ടതാണ്. ദൈവം സഭയിൽ നട്ട വൃക്ഷങ്ങളെ ക്കുറിച്ച് ദൈവം അവയെ എങ്ങനെ കരുതുന്നു വളർത്തുന്നു എന്നതിനെ ക്കുറിച്ച് നാം ചിന്തിക്കുവാൻ പോകുകയാണ്.

ഭൂമിയിൽ അതത് തരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ച് വരട്ടേ എന്ന് ദൈവം കൽപിച്ചു. അങ്ങനെ സംഭവിച്ചു. ഉൽ: 1:11. ഭൂമിയിൽ ദൈവമാണ് വൃക്ഷങ്ങളെ മുളപ്പിച്ചത്. ദൈവം അവയെ ഭൂമിയിൽ നടുന്നതിന് മുമ്പേ, അവയ്ക്ക് വളരുന്നതിനാവശ്യമായത്, അവയുടെ നിലനിൽപിന് വേണ്ടത് ദൈവം കരുതി. വിതാനം ഉണ്ടാക്കിയിട്ട് ദൈവം വിതാനത്തിൻ കീഴിലുള്ള വെള്ളവും വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർതിരിച്ചു . ഉൽ:1:7. ഫലവൃക്ഷങ്ങൾ നടുന്നതിന് മുമ്പേ, അവക്കാവശ്യമായ ജലം ആകാശത്തിന് മുകളിലും ഭൂമിയിലും ദൈവം കരുതി അവയുടെ നിലനിൽപിനും വളർച്ചക്കും വേണ്ടി മേഘത്തിലും സമുദ്രത്തിലും തടാകത്തിലും നീരുറവകളിലും ദൈവം കരുതിവച്ചു.

സഭയ്ക്കകത്ത് കർത്താവിന്റെ രക്തവും വിലയേറിയ ജീവനും നൽകി ദൈവം നട്ട വൃക്ഷങ്ങളാണ് ഓരോ വിശ്വാസിയും ഓരോ ശുശ്രൂഷകനും. ഓരോരുത്തരുടേയും ആത്മീയ, ഭൗമിക വളർച്ചയ്ക്കാവശ്യമായത് ദൈവം കരുതിയിട്ടുണ്ട്. വളർച്ചയ്ക്കാവശ്യമായത് ഉയരത്തിൽ നിന്ന് ലഭിക്കുമ്പോൾ അത് സ്വീകരിച്ച് ആഴത്തിലേക്ക് വേരുകളെ വളർത്തി ആവശ്യമായത് സ്വാംശീകരിച്ചെടുത്ത് വളരണം. ദൈവം ഏദെൻ തോട്ടത്തിൽ കാൺമാൻ ഭംഗിയുള്ളതും തിൻമാൻ നല്ല ഫലമുള്ളതുമായ വൃക്ഷങ്ങൾ നട്ടു ഉൽ:2:9. ആ വൃക്ഷങ്ങൾക്കാവശ്യമായത് ദൈവം അവിടെ ഒരുക്കിയിരുന്നു. തോട്ടം നനപ്പാൻ ഒരു നദി ഏദെനിൽനിന്ന് പുറപ്പെട്ടു ഉൽ:2:10. അത് ശാഖോപ ശാഖകളായി പിരിഞ്ഞ് ഫലവൃക്ഷങ്ങൾ നട്ട എല്ലാ ദേശത്തേക്കും ചെന്നു. ആ മനോഹര നദികൾ ഇവയാണ്. പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത്.

പഴയ നിയമത്തിൽ മനോഹരമായ ഒരു വൃക്ഷത്തെക്കുറിച്ച് പറയുന്നു യോസേഫ് ഫലപ്രദമായ ഒരുവൃക്ഷം ഉൽ:49:22. യോസേഫ് എവിടെയെല്ലാം ആയിരുന്നുവോ അവിടെയെല്ലാം അവൻ ഒരു ഫലപ്രദമായ വൃക്ഷമായിരുന്നു. അവന്റെ അപ്പന്റെ വീട്ടിൽ, പോത്തീഫറിന്റെ ഭവനത്തിൽ, കുണ്ടറയിൽ, മിസ്രയിമ്യ രാജധാനിയിൽ, സഹോദരന്മാരുടെ ഇടയിൽ എല്ലാം അവൻ ഫലപ്രദമായ ഒരു വൃക്ഷമായിരുന്നു. ഒരു മനോഹര വൃക്ഷമായി വളർന്ന് ഫലം നൽകുവാൻ ദൈവം ആ വൃക്ഷത്തിന് ഒരു നീരുറവ് കരുതിയിരുന്നു. യോസേഫ് ഫലപ്രദമായ ഒരു വൃക്ഷം നീരുറവിനരികെ ഫലപ്രദമായ വൃക്ഷം ഉൽ:49:22. ദൈവം നട്ട സകലവൃക്ഷങ്ങളും നിലനിൽക്കും, വളരും. ദൈവം അവയ്ക്കായി കരുതിയിട്ടുണ്ട്.

യഹോവ നട്ടിരിക്കുന്ന ചന്ദനവൃക്ഷങ്ങൾപ്പോലെ യാക്കോ

ബിന്റെ കൂടാരങ്ങൾ, യിസ്രയേലിന്റെ നിവാസങ്ങൾ, വളരെ മനോഹരമെന്ന് വചനം പറയുന്നു. ജലാന്തികേയുള്ള ദേവദാരുക്കൾ പോലെ തന്നെ സംഖ്യ:24:56. യഹോവ നട്ട ചന്ദനവൃക്ഷങ്ങൾക്കരികെ ദേവദാരുക്കൾക്കരികെ വലിയ ഒരു ജലതടാകവും കൂടി ദൈവം സൃഷ്ടിച്ചു. അത്കൊണ്ടാണ് അത് മനോഹരമായിത്തീർന്നത്. മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഒലിവ് വൃക്ഷവും ഉള്ള ദേശമാണ് ദൈവം ഇസ്രയേൽ ജനത്തിന് നൽകിയത്. ആ വൃക്ഷങ്ങൾ ഫലപുഷ്ടിയോടെ വളരുവാൻ ദൈവം അവിടെത്തന്നെ നീരൊഴുക്കുകളും, ഉറവകളും, തടാകങ്ങളും സൃഷ്ടിച്ചുയെന്ന് വചനം വ്യക്തമാക്കുന്നു. ആവർ:8:7,8.

ദൈവം തന്റെ ശുശ്രൂഷകന്മാരെ വേലക്കായി വിളിക്കുമ്പോൾത്തന്നെ അവന്റെ ശുശ്രൂഷകളെ സഹായിക്കുവാനും അവന്റെ ഭൗമികആത്മീക ആവശ്യങ്ങൾക്കായി വേണ്ടത് ഒരുക്കുകയും ചെയ്യുന്നു. ദൈവത്തിൽ തന്നെ ആശ്രയിച്ച് ദൈവത്തിൽ നിന്ന് തന്നെ ആലോചന പ്രാപിച്ച് തനിക്ക് വേണ്ടി ഒരുക്കിയ മണ്ഡലങ്ങളെ കണ്ടറിഞ്ഞ്, അവയെ സംരക്ഷിച്ച് പ്രാർത്ഥിച്ച് വിശ്വസ്തതയോടെ നീങ്ങിയാൽ, ഒരു ശുശ്രൂഷകന് ഒരിക്കലും മുട്ട് വരികയില്ല. സങ്കീർത്തനക്കാരൻ പാടിയത്പോലെ അവന് പാടുവാൻ കഴിയും യഹോവ എന്റെ ഇടയനാകുന്നു എനിക്ക് മുട്ടുണ്ടാകുകയില്ല ദൈവത്തിലുള്ള ആശ്രയം കുറയുകയും, വിശ്വാസത്താലുള്ള ജീവിതത്തെ ക്കുറിച്ചുള്ള അജ്ഞതയും, മുഖാന്തരം ആത്മാവിന്റെ നിയന്ത്രണം കുറയുകയും, ജഢബുദ്ധി ജീവിത നിയന്ത്രണം ഏറ്റെടുക്കുകയും, ചെയ്യുമ്പോൾ ദൈവം ഒരുക്കിയ നന്മയുടെ മണ്ഡലങ്ങൾ കാണുവാൻ കഴിയാതെ വരികയും, സാധാരണ മനുഷ്യരീതിയിലുള്ള ഉപജീവനത്തെ ക്കുറിച്ച് ചിന്തിച്ച്, പ്രവർത്തിക്കുകയും ചെയ്യുന്നു. അപ്പോൾത്തന്നെ വിവേചിച്ചറിയേണ്ട മണ്ഡലങ്ങൾ വിവേചിച്ചറിഞ്ഞ്, തനിക്കുള്ള നന്മയെ

ശത്രു തടഞ്ഞിരിക്കുന്നത് ആത്മാവിൽ തിരിച്ചറിഞ്ഞ്, പോരാടി പ്രാർത്ഥിച്ച് ജയിച്ചാൽ, തനിക്കുള്ള നന്മ തന്റെ കയ്യിൽത്തന്നെ എത്തിച്ചേരും.

ആത്മ മണ്ഡലത്തിൽ നിന്ന് ഇതിന് വേണ്ടിയൊന്നും മെനക്കെടാതെ പരകാര്യത്തിൽ ഇടപെട്ട്. എല്ലാറ്റിലും ഇടപെട്ട്, സ്വന്തം ഹിതത്തിൽ നീങ്ങുന്നവർക്ക്, ദൈവം ഒരുക്കിയ നീരുറവകൾ കാണുവാൻ കഴിയാതെ ആത്മീയമായും ഭൗമികമായും ഞെരുങ്ങുന്നു. വചനത്തിൽ ഇങ്ങനെ പറയുന്നു യഹോവയിൽ ആശ്രയിക്കുകയും യഹോവയിൽത്തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ, അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും Jer:17:7,8. ഇങ്ങനെ ഒരു ശുശ്രൂഷകൻ ആകുമ്പോഴാണ് അവന്റെ നന്മകൾ എഴുന്നേറ്റ് വരുന്നത്. അങ്ങനെ വചനത്തിലും പരിശുദ്ധ ആത്മാവിലും വേരൂന്നി നിൽക്കുന്ന ശുശ്രൂഷകൻ ഉഷ്ണം തട്ടുമ്പോൾ പേടിക്കുകയില്ല അതിന്റെ ഇല പച്ചയായിരിക്കും. ഏത് ഉഷ്ണത്തിലും അവൻ കരുവാളിക്കുകയില്ല അവൻ പച്ചയായ ഇലകൾ പുറപ്പെടുവിക്കും. വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായ്ച്ച് കൊണ്ടിരിക്കും ആഹാബിന്റെ കാലഘട്ടത്തിൽ വരൾച്ചയും ക്ഷാമവും ദേശത്ത് ഉണ്ടായപ്പോഴും ഏലിയാവിന് വേണ്ട ഭക്ഷണം ലഭിച്ച് കൊണ്ടിരുന്നു. ദൈവം പറഞ്ഞത് പോലെ ഓരോന്നും അവൻ ചെയ്തു. അവന് വേണ്ടത് ശൂന്യതയിൽ നിന്ന് തന്നെ ദൈവം നൽകി അവനെ പോഷിപ്പിച്ചു. അതാണ് സങ്കീർത്തനക്കാരൻ ഇങ്ങനെ പറയുന്നത് യഹോവയുടെ വൃക്ഷങ്ങൾക്ക് തൃപ്തി വരുന്നു, അവൻ നട്ടിട്ടുള്ള ലെബനോനിലെ ദേവദാരുക്കൾക്ക് തന്നെ Psalm:104:16.

ദൈവത്തിന്റെ ശുശ്രൂഷകന്മാർക്ക് തൃപ്തി വരുമ്പോൾ അവന്റെ കീഴിൽ ഉള്ളവർക്ക് അവൻ വലിയ ആശ്വാസമായിത്തീരും.

അവിടെ പക്ഷികൾ കൂട് ഉണ്ടാക്കുന്നു, പെരുഞ്ഞാറയ്ക്ക് സരളവൃക്ഷങ്ങൾ പാർപ്പിടമാകുന്നു. Psalm:104:17. യഹോവയുടെ വൃക്ഷങ്ങൾക്ക് തൃപ്തി വരുമ്പോഴാണ്, അവന്റെ ശുശ്രൂഷകന്മാർ മാന്യതയിൽ നിൽക്കുമ്പോഴാണ്, അവന്റെ കീഴിലുള്ള ജനം ആശ്വാസം പ്രാപിക്കുക. അവന്റെ കീഴിൽ നിൽക്കുന്ന ജനം അവന് വേണ്ടി ദൈവം കരുതിവച്ചിരിക്കുന്ന നന്മ മോഷ്ടിക്കുമ്പോൾ ദൈവത്തിന്റെ ശുശ്രൂഷകൻ തൃപ്തി പ്രാപിക്കുകയില്ല. അത് കൊണ്ട് തന്നെ അവന്റെ കീഴിലുള്ള ജനവും തൃപ്തി പ്രാപിക്കുകയില്ല. ഒരു ശുശ്രൂഷകന് ഒരു വിശ്വാസി താൻ കഴിക്കുന്ന നിലവാരത്തിലും ഉയർന്ന ഭക്ഷണം നൽകണം, താൻ ധരിക്കുന്നതിലും മുന്തിയ വസ്ത്രം നൽകണം. മറിയ വിലയേറിയ സ്വച്ഛജടാമാംസിതൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി. John:12:3. ജനത്തിന്റെ കാൺകേ ശുശ്രൂഷകന്മാരെ മാനിക്കുമ്പോൾ വലിയ സൗരഭ്യം സഭയിൽ ഉണ്ടാകും. അരിമഥ്യക്കാരനായ യോസേഫ് യേശുവിന്റെ ശരീരം എടുത്ത് നിർമ്മലശീലയിൽ പൊതിഞ്ഞ്, താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ അടക്കി. Mt:27:59. തന്റെ സ്വന്തം കല്ലറ ആരേയും ഇതിന് മുമ്പ് അവിടെ വച്ചിട്ടില്ലായിരുന്നു. കർത്താവിന് മുന്തിയത് തന്നെ നൽകി. തന്റെ ശിഷ്യന്മാരുമായി പെസഹ ആചരിക്കുവാൻ കർത്താവിന് വിരിച്ചൊരുക്കിയ ഒരു വൻമാളിക ഒരു വീട്ടുകാർ നൽകി Mark:14:15. യഹൂദ പ്രമാണിമാരാൽ അവൻ പീഢിപ്പിക്കപ്പെട്ടപ്പോഴും തന്റെ ജനത്താൽ കർത്താവ് മാനിക്കപ്പെട്ട് തന്നെയാണ് ഉയരത്തിൽ പിതാവിന്റെ അടുക്കൽ പോയത്. അത്കൊണ്ട് സ്വർഗ്ഗത്തിലെ ഏറ്റവും വിലയേറിയത് തന്നെ പിതാവ് തന്റെ ജനത്തിന് വേണ്ടി ഭൂമിയിലേക്ക് അയച്ചു. അത് തീനാവുകളുമായി സ്വർഗ്ഗത്തിൽ നിന്നിറങ്ങി. ഞെരുക്കത്തിലും ഭയത്തിലും ഇരുന്ന ജനത്തിന് അത് ആശ്വാസവും സന്തോഷവും ആയി.

വൃക്ഷം വച്ച് പിടിപ്പിച്ചിരുന്ന തോപ്പ് നനപ്പാൻ കുളങ്ങളും കുഴിപ്പിച്ചു സഭാപ്ര: 2:6. വൃക്ഷങ്ങളെ നനപ്പാൻ കുളങ്ങളും അവിടെ ത്തന്നെ കുഴിപ്പിച്ചു. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നത്പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും John :7:38 എന്ന് കർത്താവ് പറഞ്ഞു. അതിന്റെ അർത്ഥം വൃക്ഷ മാകുന്ന ഒരു ശുശ്രൂഷകനെ നനപ്പാൻ അവന്റെ ഉള്ളിൽത്തന്നെ ദൈവം ഒരു നദി ഒരുക്കിയിട്ടുണ്ട് എന്നാണ്. പരിശുദ്ധാത്മാവാകുന്ന നദി അവന്റെ ഉള്ളിൽ നിന്ന് തന്നെ ഒഴുകി ആദ്യം അവനെത്തന്നേയും പിന്നെ അവനോട് ബന്ധപ്പെട്ട എല്ലാത്തിനേയും അത് നനയ്ക്കും. ആദ്യം ദൈവം അവനെതന്നെ ഫലഭൂയിഷ്ടമായ ഒരുതോട്ടം ആക്കും. ജീവജല നദിക്കരികെത്തന്നെയാണ് ഒരു ജീവ വൃക്ഷമാക്കി ദൈവം ഒരു ശുശ്രൂഷകനെ നട്ടിരിക്കുന്നത്. മാസം തോറും അതത് ഫലം പന്ത്രണ്ട് വിധം ഫലം നൽകുന്നു. വൃക്ഷത്തിന്റെ ഇല രോഗശമന ത്തിനുതകുന്നു. ഫലഭൂയിഷ്ടമായ യഹോവയുടെ വൃക്ഷം ഉള്ളി ടത്ത് ഒരു ശാപവും നിൽക്കുകയില്ല. അവിടെ ആരാധനയും ദൈവി കതേജസ്സും ദൈവിക സന്തോഷവും ഉണ്ടാകും. യഹോവയുടെ ഒരു വൃക്ഷം ആയിത്തീരുവാൻ, ഫലപുഷ്ടിയുള്ള, അനേകരെ ആശ്വസി പ്പിക്കുന്ന, അനേകർക്ക് ആശ്രയമായ ഒരു വൃക്ഷം ആയിത്തീരുവാൻ ജീവജലനദിക്കരികെത്തന്നെ നമുക്ക് പാർക്കാം. അങ്ങനെ പാർത്തി ല്ലെങ്കിൽ ഇല കൊഴിഞ്ഞ് ഫലമില്ലാത്ത രണ്ടുരു ചത്ത് വേരറ്റ് പോയ വൃക്ഷങ്ങളായി മാറിപ്പോകും. അങ്ങനെയായവർ അനേകർ. നാം അവരിലൊരാളാകാതെയിരിക്കട്ടെ.

********

# PRAYER HOME MINISTRIES
## VARKALA, KERALA, INDIA

### *My God's given promised place Varkala*

Sequence of vision

Ø In 1998 Holy Spirit promised me of a land. It has also revealed that the place is not Trivandrum but disclosed that the place is within Trivandrum District. Holy Spirit also spoke me that the place is 7 K.M from the sea shore.

Ø Later Holy Spirit revealed that the place is in between Trivandrum and Kollam

Ø In 2002 Holy Spirit finally revealed that the place is **"VARKALA".**

### *My God's given promised place Varkala*

1998 - ൽ ഒരു വാഗ്ദത്ത ദേശം ഉണ്ട് എന്ന് ദൈവാത്മാവ്സംസാരിച്ചു. തിരുവന ന്തപുരമല്ല, തിരുവന്തപുരം ജില്ല എന്ന് പരിശുദ്ധാത്മാവ് സ്ഥലത്തെക്കുറിച്ച് ഇടപെട്ടു. കടൽതീരത്ത് നിന്ന് 7 കി.മി എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. തിരുവന ന്തപുരത്തിനും കൊല്ലത്തിനും നടുവിൽ എന്ന ദൈവശബ്ദം തുടർന്ന് ലഭിച്ചു. 2002-ൽ ദേശത്തിന്റെ പേര് ദൈവം നൽകി. **വർക്കല**

## OUR VISION AND THE MISSION FROM GOD

### 1. PRAYER HOME PUBLICATIONS

In order for a National Revival and furtherance of the Kingdom of God , God guided me to publish books, magazines, newsletters and to start a book shop by name "Prayer Home Book Shop". Moreover, I have also received His will to open book shops in several places.

### 2. PRAYER HOME – 24 HOURS PRAYER CENTRE

We are in the process of starting a 24 Hours prayer centre with the sole purpose for a National Revival. In the prayer centre, the prayer warriors will be provided with accommodation and food. There will be Library facilities and book shop in the premises.

## OUR VISION AND THE MISSION FROM GOD

### 1. PRAYER HOME PUBLICATIONS

രാജ്യത്തിന്റെ ഉണർവ്വിനും ദൈവരാജ്യവ്യാപ്തിക്കുമായി നിരവധി പുസ്തകങ്ങൾ, മാഗസിനുകൾ, ബുക്ക്ലെറ്റുകൾ, പ്രസിദ്ധീകരിക്കുവാനും **PRAYER HOME BOOK SHOP** എന്ന പേരിൽ നിരവധി സ്ഥലങ്ങളിൽ ബുക്ക് ഷോപ്പുകൾ ആരംഭിക്കുവാനും ദൈവത്തിന്റെ ആലോചന ഉണ്ട്.

### 2. PRAYER HOME – 24 HOURS PRAYER CENTRE

രാജ്യത്തിന്റെ ഉണർവ്വിനും ദൈവജനത്തിന്റെ വിടുതലിനുമായി 24 മണിക്കൂറും തുടർച്ച യായി പ്രാർത്ഥിക്കുന്നതിന് **PRAYER CENTRE** രൂപീകരിക്കുന്നു. പ്രാർത്ഥനാ പോരാളികൾക്ക് താമസവും ഭക്ഷണവും നൽകുന്നു. **PRAYER CENTRE** നോടനുബന്ധിച്ച് ഒരു ലൈബ്രറിയും ഒരു ബുക്ക് ഷോപ്പും ഉണ്ടായിരിക്കുന്നതാണ്.

## 3. PRAYER HOME COLLEGE

We have also a plan to start training 24 students and the course is named "Bachelor of Christian Mission" . Medium of the training will be in Malayalam and the duration is for 3 years. The syllabus covered, Ministry training, Music Training, Computer Training, Driving and Spoken English. Eligibility: Plus II Pass or Fail.

## 4. PRAYER HOME SCHOOLS

In order to help financially backward parents, we have a plan to start professional courses for girls. They will be provided with hostel facilities. Our mission is to bring them up in good spiritual atmosphere and make them trained professionally.

## 3. PRAYER HOME COLLEGE

**24 -** ൽ അധികം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. കോഴ്സിന്റെ പേര് **Bachelor of Christian Mission.** കാലാവധി 3 വർഷം. മാധ്യമം – മലയാളം, **Ministry Training, Music Training, Computer Training, Driving Training, Spoken English Training** വിദ്യാർത്ഥികൾക്ക് നൽകുന്നു. യോഗ്യത – **plus 2 pass or fail**

## 4. PRAYER HOME SCHOOLS

നിർദ്ധനരായ മാതാപിതാക്കളുടെ മക്കളെ താമസിപ്പിച്ച് പഠിപ്പിക്കുവാനും ആത്മീയയനുഭവത്തിൽ വളർത്തിയെടുക്കുവാനും, യുവതികൾക്കായി തൊഴിൽ പരിശീലന കോഴ്സുകൾ നടത്തുവാനും ആഗ്രഹിക്കുന്നു.

## 5.PRAYER HOME SERVICE MINISTRY

We are also planning to form Prayer Home volunteers from students and youths for social service with the sole purpose of serving the society in a better way.

## 6.PRAYER HOME FESTIVALS

We are also in the process of conducting Conventions and Musical concert with the purpose to re-invigorate the body of Christ and make each and every member of the church as powerful warriors to liberate millions from the power of darkness and translate them to the Kingdom of God

## 5.PRAYER HOME SERVICE MINISTRY

**PRAYER HOME VOLUNTEERS** എന്ന പേരിൽ വിദ്യാർത്ഥികളിൽ നിന്നും യുവാക്കളിൽ നിന്നും അംഗങ്ങളെ തെരഞ്ഞെടുത്ത് രാജ്യസേവനത്തിനും ജനസേവനത്തിനും സാമൂഹ്യ ഉന്നതി ക്കുമായി സാമൂഹ്യ സേവന പ്രവർ ത്തനങ്ങൾ നടത്തുന്നതിന് ആഗ്രഹിക്കുന്നു.

## 6.PRAYER HOME FESTIVALS

**PRAYER HOME FESTIVAL** എന്ന പേരിൽ രാജ്യത്തിനകത്ത് ചെറുതും വലുതുമായ ആത്മീയ സുവിശേഷ സംഗീത സമ്മേളനങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നു.

## 7. PRAYER HOME HOLY SPIRIT POWER CONFERENCE

We are also trust in the Lord to conduct 3 days seminars by highly anointed servants of God in different parts of India as well as Abroad.

## 7. PRAYER HOME HOLY SPIRIT POWER CONFERENCE

അഭിഷിക്ത ശുശ്രൂഷകൻമാരുടെ നേതൃത്വത്തിൽ 3 ദിവസ ശുശ്രൂഷാ സെമിനാറുകൾ ഇന്ത്യാരാജ്യത്തിനകത്തും വിദേശത്തും നടത്തുവാൻ ദൈവസന്നിധിയിൽ ശരണപ്പെടുന്നു.

# OUR VISION FROM GOD

1. **Prayer Home 24 Hours Prayer Center**
2. **Prayer Home Bible College**
3. **Prayer Home Publication**
4. **Prayer Home Ministers Conference**
5. **Prayer Home Crusade**
6. **Prayer Home School**
7. **Prayer Home Service Ministry**

## ഗ്രന്ഥകാരൻ എഴുതിയ പുസ്തകങ്ങൾ

1. ശുശ്രൂഷാ വെളിപ്പാടുകൾ
2. ശുശ്രൂഷാ പാഠങ്ങൾ
3. ശുശ്രൂഷാ കാഴ്ചപ്പാടുകൾ
4. ശുശ്രൂഷാ രത്നങ്ങൾ
5. ശുശ്രൂഷാധ്യയറിക്കുറിപ്പുകൾ
6. ശുശ്രൂഷകവഴി ഒരു തിരിഞ്ഞുനോട്ടം